33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

NOT OUR MERIT BUT HIS GRACE

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

January 17, 2025 | Vol. XXXIII No. 03 | Periodicals Postage Paid

4 സിഎംആർഎൽ മാസപ്പടി: 185 കോടിയുടെ അഴിമതി
8 ആറ് മാവോയിസ്റ്റ് നേതാക്കൾ കീഴടങ്ങി
14 ഓർമ ഇന്റർനാഷണലിന് നവ നേതൃത്വം
24 നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് പിറന്നാൾ ആശംസകൾ
31 ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് സൃഷ്ടിപരമായി

### ഇന്ത്യാ പ്രസ്ക്ലബ് നോർത്ത് ടെക്സസ് 2024 അവാർഡ്

## ജോസ് കണിയാലി, ജോയിച്ചൻ പുതുക്കുളം, ഐ. വർഗീസ്, ഏലിയാമ്മ ഇടിക്കുള എന്നിവർ ജേതാക്കൾ

**പി.പി. ചെറിയാൻ**

ഡാളസ്: അമേരിക്കയിലെ മികച്ച മാധ്യമ പ്രവർത്തകർ, മികച്ച മലയാളി സംഘടനാ പ്രവർത്തകൻ, ആതുര സേവനപ്രവർത്തകൻ എന്നിവരെ കണ്ടെത്തുന്നതിന് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസിനു ലഭിച്ച നാമനിർദേശങ്ങളിൽ നിന്നും അർഹരെന്നു കണ്ടെത്തിയ ജോസ് കണിയാലി, ജോയിച്ചൻ പുതുക്കുളം (മികച്ച മാധ്യമ പ്രവർത്തകർ), ഐ. വർഗീസ് (മികച്ച മലയാളി സംഘടനാ പ്രവർത്തകൻ), ഏലിയാമ്മ ഇടിക്കുള (മികച്ച ആതുര ശുശ്രൂഷാ സേവക) എന്നിവരെ തെരഞ്ഞെടുത്തു.

ഡോ. ഹരി നമ്പൂതിരി, ഡോ. സ്റ്റീവൻ പോട്ടൂർ, ഏബ്രഹാം മാത്യൂസ് (കൊച്ചുമോൻ), ലാലി ജോസഫ് എന്നിവർ ഉൾപ്പെട്ട നാലംഗ അവാർഡ് കമ്മിറ്റിയാണ് ജേതാക്കളെ പ്രഖ്യാപിച്ചത്.

പ്രസിഡണ്ട് സണ്ണി മാളിയേക്കലിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 6-ന് ചേർന്ന ഐപിസിഎൻറ്റി കമ്മിറ്റി അവാർഡ് കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു. അമേരിക്കൻ മാധ്യമ പ്രവർത്തകർക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിക്കുന്ന ആദ്യ മാധ്യമ സംഘടനയാണ് ഐപിസിഎൻറ്റി. ഡിസംബർ 31 വരെ ലഭിച്ച നിരവധി നോമിനേഷനുകൾ അവാർഡ് കമ്മിറ്റി വിശദമായി വിലയിരുത്തിയതിനു ശേഷമാണ് ജേതാക്കളെ കണ്ടെത്തിയതെന്നു ഡോ. ഹരി നമ്പൂതിരി പറഞ്ഞു.


ജോസ് കണിയാലി


ജോയിച്ചൻ പുതുക്കുളം


ഐ. വർഗീസ്


ഏലിയാമ്മ ഇടിക്കുള

മികച്ച വ്യക്തികളെ ആദരിക്കുക എന്നത് തങ്ങളുടെ കടമയായി കരുതുന്നുവെന്നും ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് ജനറൽ സെക്രട്ടറി ബിജിലി ജോർജ്, ട്രഷറർ ബെന്നി ജോൺ എന്നിവർ ചൂണ്ടിക്കാട്ടി.

ഡാളസിൽ ജനുവരി 26-ന് കേരള അസോസിയേഷൻ ഓഫ് ഡാളസ് കോൺഫറൻസ് ഹാളിൽ (ഐപിസിഎൻറ്റി സ്ഥാപക പ്രസിഡണ്ട് ഏബ്രഹാം തെക്കേമുറി ഹാൾ) പ്രസിഡണ്ട് സണ്ണി മാളിയേക്കലിന്റെ

(ശേഷം 30-ാം പേജിൽ)

### ഫോമായ്ക്ക് പുത്തൻ ദിശാബോധവുമായി പ്രസിഡന്റ് ബേബി മണക്കുന്നേൽ (ഹൂസ്റ്റൺ)



വഴിത്താരകൾ

പേജ്, 16, 17

## പി.വി. അൻവർ എംഎൽഎ സ്ഥാനം രാജിവെച്ചു



തിരുവനന്തപുരം: നിലമ്പൂർ എംഎൽഎ സ്ഥാനം പി.വി. അൻവർ രാജിവെച്ചു. കാലാവധി പൂർത്തിയാകാൻ ഒന്നര വർഷം ശേഷിക്കെ 13-ന് രാവിലെ തിരുവനന്തപുരത്ത് നിയമസഭാ മന്ദിരത്തിലെത്തി സ്പീക്കർ എ.എൻ. ഷംസീറിന് പി.വി. അൻവർ രാജിക്കത്ത് കൈമാറുകയായിരുന്നു.

തൃണമൂൽ കോൺഗ്രസിൽ അംഗത്വമെടുത്താൽ അയോഗ്യത നേരിടേണ്ടി വരുമെന്നതിനാലാണ് രാജി വെച്ചത്. നേരത്തെ തൃണമൂൽ കോൺഗ്രസ് കേരള ഘടകത്തിന്റെ കോ-ഓർഡിനേറ്ററായി അൻവർ ചുമതല ഏറ്റെടുത്തിരുന്നു. ഇതിനിടെ തൃണമൂൽ കോൺഗ്രസ് രാജ്യസഭാ സീറ്റ് വാഗ്ദാനം ചെയ്തതായി റിപ്പോർട്ടുകളുണ്ട്. തൃണമൂൽ കോൺഗ്രസ് ദേശീയ ജനറൽ സെക്രട്ടറി അഭിഷേക് ബാനർജിയുടെ ഓഫീസ് ഇക്കാര്യം കേരളത്തിലെ നേതാക്കളെ അറിയിച്ചിട്ടുണ്ട്.

(ശേഷം 28-ാം പേജിൽ)




കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ ഫൊക്കാന മെഡിക്കൽ പ്രിവിലേജ് കാർഡ് പദ്ധതി ഉദ്ഘാടനം ചെയ്ത റവന്യൂമന്ത്രി കെ. രാജനോടൊപ്പം ഫൊക്കാന ഭാരവാഹികൾ. ഫൊക്കാന പ്രസിഡണ്ട് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോജി തോമസ്, മുൻ പ്രസിഡണ്ടുമാരായ പോൾ കറുകപ്പള്ളിൽ, ജോൺ പി. ജോൺ, ജോർജി വർഗീസ്, മറ്റ് ഭാരവാഹികളായ പീലിപ്പോസ് ഫിലിപ്പ്, തോമസ് തോമസ്, ലീലാ മാരേട്ട്, അപ്പുക്കുട്ടൻ പിള്ള, മനോജ് മാത്യു, ജോസി കാരക്കാട്ട്, മേയർ ടോം ആദിത്യ തുടങ്ങിയവരാണ് ചിത്രത്തിൽ.

ഫോട്ടോ: ബിജു സി. നായർ, പാലാ

(7, 32 പേജുകൾ കാണുക)

**nella CONSULTING**
ACCOUNTING | TAX | CONSULTING






FOR ALL YOUR PERSONAL AND BUSINESS TAX SERVICES

**TOMY NELLAMATTAM, E.A.**
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**





Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

Fee Discounts Available To Malayalee Clients On Specific Cases

BBB A+ Rating Better Business Bureau
AV PREEMINENT® Peer Rated for Highest Level of Professional Excellence 2018


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing

# സിഎംആർഎൽ മാസപ്പടി: 185 കോടിയുടെ അഴിമതിയെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: സിഎംആർഎൽ മാസപ്പടി കേസിൽ 185 കോടിയുടെ അഴിമതി നടന്നതായി കേന്ദ്രസർക്കാർ. മുഖ്യമന്ത്രി പിണറായി വിജയന്റെ മകൾ വീണാ വിജയന്റെ എക്സാലോജിക് സൊലൂഷൻസും സിഎംആർഎല്ലും തമ്മിലുള്ള പണമിടപാടുമായി ബന്ധപ്പെട്ട് സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസ് (എസ്എഫ്ഐഒ) നടത്തിയ അന്വേഷണത്തിൽ ഇതു കണ്ടെത്തിയതായി ഡൽഹി ഹൈക്കോടതിയിൽ എഴുതി നൽകിയ വാദത്തിൽ കേന്ദ്രം വ്യക്തമാക്കി.


തങ്ങളുടെ അന്വേഷണത്തിലും അഴിമതി കണ്ടെത്തിയതായി ആദായനികുതി വകുപ്പും കോടതിയെ അറിയിച്ചു. ഈ മാസം 20-ന് കേസ് വീണ്ടും പരിഗണിക്കാനിരിക്കെയാണു കേന്ദ്രസർക്കാരിന്റെയും ആദായനികുതി വകുപ്പിന്റെയും വെളിപ്പെടുത്തൽ. അന്വേഷണം പാടില്ലെന്ന വാദം നിലനിൽക്കില്ലെന്നും കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കി.

കേസിൽ എസ്എഫ്ഐഒ അന്വേഷണം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടു സിഎംആർഎൽ നൽകിയ ഹർജിയിൽ കേന്ദ്രസർക്കാരിന് നോട്ടീസ് അയച്ചിരുന്നു. കക്ഷികളോടു വാദം എഴുതി നൽകാനും കോടതി ആവശ്യപ്പെട്ടിരുന്നു. ഇതേത്തുടർന്ന് കേന്ദ്രസർക്കാരും ആദായനികുതി വകുപ്പും എഴുതി നൽകിയ മറുപടിയിലാണ് വൻ അഴിമതി ആരോപണം ചൂണ്ടിക്കാട്ടിയത്. അഴിമതി ഇന്ത്യയുടെ സാമ്പത്തിക ഭദ്രതയ്ക്കു ഭീഷണിയാണെന്നും ഡൽഹി ഹൈക്കോടതിയെ കേന്ദ്രവും ആദായനികുതി വകുപ്പും അറിയിച്ചു. ചെലവ് പെരുപ്പിച്ചു കാട്ടി സിഎംആർഎൽ കണക്കിൽപ്പെടുത്തിയ 185 കോടി രൂപ രാഷ്ട്രീയ പാർട്ടികൾക്കും വ്യക്തികൾക്കും വീതിച്ചുനൽകിയെന്ന് ആരോപിക്കുന്നുണ്ട്. വ്യാജബില്ലുകൾ ഉൾപ്പെടുത്തി അഴിമതി നടത്തിയതായും ആരോപണമുണ്ട്. ചെലവുകൾ പെരുപ്പിച്ചു കാട്ടിയ സിഎംആർഎൽ അഴിമതിപ്പണം ആ വകയിൽ ഉൾപ്പെടുത്തി.

കോർപറേറ്റ് സ്ഥാപനത്തെ ഉപയോഗിച്ച് വൻ അഴിമതി നടത്തിയെന്നും വാദത്തിൽ പറയുന്നു. നിയമമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാനാകുമെന്നും ആദായനികുതി വകുപ്പ് കോടതിയിൽ വ്യക്തമാക്കി. സിഎംആർഎല്ലിൽ കെഎസ്ഐഡിസിയുടെ ഓഹരി പങ്കാളിത്തമുള്ളതിനാൽ പൊതുതാത്പര്യ പരിധിയിൽ വരുമെന്നു കേന്ദ്രം വ്യക്തമാക്കി. നേരത്തേ സിഎംആർഎല്ലിനെതിരെ ഗുരുതര ആരോപണവുമായി എസ്എഫ്ഐഒ രംഗത്തു വന്നിരുന്നു. ഭീകരപ്രവർത്തനങ്ങളെ അനുകൂലിക്കുന്നവർക്കും സിഎംആർഎൽ പണം നൽകിയോയെന്നു സംശയിക്കുന്നതായി എസ്എഫ്ഐഒ ഡൽഹി ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരുന്നു.

വീണാ വിജയന്റെ ഉടമസ്ഥതയിലുള്ള എക്സാലോജിക് ഒരു സേവനവും നൽകാതെതന്നെ പണം നൽകിയിട്ടുണ്ടെന്ന് സിഎംആർഎൽ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തിയെന്നും എസ്എഫ്ഐഒ നേരത്തെ വ്യക്തമാക്കിയിരുന്നു.

# പി. ജയചന്ദ്രൻ ഓർമയായി



പറവൂർ: മൂന്നു തലമുറയുടെ പ്രണയഭാവങ്ങൾക്കു മധുരരാഗങ്ങളാൽ പൂർണതയേകിയ പ്രിയ ഗായകൻ പി. ജയചന്ദ്രനു മലയാളത്തിന്റെ അന്ത്യാഞ്ജലി. ഇടമുറിയാതെ ഒഴുകിയെത്തിയ ആരാധകരും സ്നേഹിതരും ബന്ധുക്കളുമുൾപ്പെടെ പ്രിയപ്പെട്ടവരെ സാക്ഷിയാക്കി ചേന്ദമംഗലം പാലിയം നാലുകെട്ടിനു സമീപത്തെ 'പിതൃസ്മൃതി'യിൽ ഗായകന്റെ ഭൗതികശരീരം അഗ്നിയിൽ ലയിച്ചു.

കരൾരോഗബാധയെത്തുടർന്ന് തൃശൂർ അമല ആശുപത്രിയിൽ ചികിത്സയിലായിരുന്നു പി. ജയചന്ദ്രൻ. ജനുവരി ഒൻപതിനാണ് അന്തരിച്ചത്. അമല ആശുപത്രിയിൽ മോർച്ചറിയിൽ സൂക്ഷിച്ച മൃതദേഹം പിന്നീട് പൂങ്കുന്നം സീതാറാം മിൽ ലെയ്നിലെ ഗുൽമോഹർ ഫ്ളാറ്റിൽ എത്തിച്ചു. തുടർന്നു സംഗീതനാടക അക്കാദമിയിൽ പൊതുദർശനത്തിനുശേഷം എറണാകുളം ചേന്ദമംഗലം പാലിയത്തു വീട്ടിലേക്കു കൊണ്ടുപോയി. പാലിയത്തിൽ മൃതദേഹം സംസ്കരിക്കുകയെന്നത് അദ്ദേഹത്തിന്റെ അഭിലാഷമായിരുന്നു.

(ശേഷം 28-ാം പേജിൽ)

# ഡൽഹി മദ്യനയത്തിൽ സിഎജി റിപ്പോർട്ട്: നഷ്ടം 2026 കോടി

ന്യൂഡൽഹി: ആം ആദ്മി സർക്കാരിന്റെ മദ്യനയം ഡൽഹി സംസ്ഥാനത്തിന് 2026 കോടി രൂപയുടെ നഷ്ടം വരുത്തിയതായി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ (സിഎജി) റിപ്പോർട്ട്. ലൈസൻസുകൾ നൽകുന്നതിൽ കാര്യമായ വീഴ്ചകളും നയവ്യതിയാനങ്ങളും ലംഘനങ്ങളും എടുത്തുകാണിക്കുന്ന റിപ്പോർട്ടിന്റെ ചില ഭാഗങ്ങൾ ദേശീയ മാധ്യമങ്ങളാണ് പുറത്തുവിട്ടത്. റിപ്പോർട്ട് ഇതുവരെയും നിയമസഭയിൽ വെച്ചിട്ടില്ല. ഉദ്ദേശിച്ച ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ നയം പരാജയപ്പെട്ടുവെന്നും ആം ആദ്മി നേതാക്കൾ ക്രമക്കേടുകളിലൂടെ പ്രയോജനം നേടിയെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. വിദഗ്ധ സമിതിയുടെ ശിപാർശകൾ അന്നത്തെ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ സംഘം അവഗണിച്ചതായും റിപ്പോർട്ടിൽ പരാമർശമുണ്ട്. നയവുമായി ബന്ധപ്പെട്ട സുപ്രധാന തീരുമാനങ്ങൾ മന്ത്രിസഭയുടെ അനുമതിയോ ലഫ്. ഗവർണറുടെ അംഗീകാരമോ ഇല്ലാതെയാണു കൈക്കൊണ്ടതെന്നും നിയമലംഘകർക്ക് മനഃപൂർവം പിഴ ചുമത്തിയിട്ടില്ലെന്നും സിഎജി റിപ്പോർട്ടിൽ പറയുന്നുണ്ട്.

നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തിരിക്കെ പുറത്തുവന്ന സിഎജി റിപ്പോർട്ട് തെരഞ്ഞെടുപ്പിൽ ആയുധമാക്കാൻ ഒരുങ്ങുകയാണ് ബിജെപി. ആം ആദ്മിയുടെ അഴിമതി മൂടിവെക്കാനാണു സിഎജി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാതിരുന്നതെന്ന് ബിജെപി നേതാവും ലോക്സഭ എംപിയുമായ അനുരാഗ് സിംഗ് ഠാക്കൂർ കുറ്റപ്പെടുത്തി. റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന അഴിമതിയിൽ മുൻ മുഖ്യമന്ത്രിയും ആം ആദ്മി പാർട്ടി അധ്യക്ഷനുമായ കെജ്രിവാൾ ഉത്തരം പറയണമെന്നും ആരാണു പണം കൈപ്പറ്റിയതെന്ന് അദ്ദേഹം വ്യക്തമാക്കണമെന്നും ഠാക്കൂർ ആവശ്യപ്പെട്ടു. അധികാരത്തിന്റെ ലഹരിയിൽ ആം ആദ്മി നടത്തിയ അഴിമതിക്ക് ഏതാനും ദിവസങ്ങൾക്കുള്ളിൽ മറുപടി ലഭിക്കുമെന്ന് ബിജെപി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പി. നഡ്ഡ വ്യക്തമാക്കി. എന്നാൽ, ഇത്തരമൊരു റിപ്പോർട്ട് പുറത്തുവന്നതായി ബിജെപിയും അവരുടെ മാധ്യമങ്ങളുമാണ് പ്രചരിപ്പിക്കുന്നതെന്ന് ആം ആദ്മി നേതാവ് സഞ്ജയ് സിങ് കുറ്റപ്പെടുത്തി. ബിജെപിക്കു മാത്രം സിഎജി റിപ്പോർട്ട് ലഭിക്കാൻ ബിജെപി ഓഫീസിലാണോ റിപ്പോർട്ട് സമർപ്പിച്ചതെന്നും അദ്ദേഹം ചോദിച്ചു.

(ശേഷം 28-ാം പേജിൽ)

# മാർ ജോസഫ് പാംപ്ലാനിയെ അതിരൂപതാ വികാരിയായി നിയമിച്ചു

കൊച്ചി: എറണാകുളം-അങ്കമാലി അതിരൂപതയിൽ മേജർ ആർച്ച്ബിഷപ്പിന്റെ വികാരിയായി ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി നിയമിതനായി. മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലാണു നിയമിച്ചത്. ഈ മാസം ആറു മുതൽ 11 വരെ നടന്ന 33-ാമത് സിനഡിന്റെ ഒന്നാം സമ്മേളനമാണ് മാർ പാംപ്ലാനിയെ എറണാകുളം-അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള മേജർ ആർച്ച്ബിഷപ്പിന്റെ വികാരിയായി തെരഞ്ഞെടുത്തത്. സിനഡിന്റെ ഈ തെരഞ്ഞെടുപ്പ് ഫ്രാൻസിസ് മാർപാപ്പ അപ്പസ്തോലിക് ന്യൂൺഷ്യോ വഴി അംഗീകാരം നൽകുകയും ചെയ്തു. തലശേരി ആർച്ച്ബിഷപ്പായ മാർ പാംപ്ലാനിക്ക് നിലവിലുള്ള ഉത്തരവാദിത്വത്തിനു പുറമേയായിരിക്കും പുതിയ ദൗത്യം.



എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്നുള്ള മാർ ബോസ്കോ പുത്തൂരിന്റെ രാജി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചു. 2023 ഡിസംബർ ഏഴിനു നിയമിതനായ മാർ ബോസ്കോ പുത്തൂർ 2024 സെപ്റ്റംബറിലാണ് ആരോഗ്യകാരണങ്ങളാൽ തന്റെ രാജി സമർപ്പിച്ചത്. ഇതോടെ എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതല പരിശുദ്ധ സിംഹാസനം അതിരൂപതാധ്യക്ഷൻകൂടിയായ മേജർ ആർച്ച്ബിഷപ്പിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് അതിരൂപതയുടെ സാധാരണ ഭരണനിർവഹണം നടത്താനുള്ള ചുമതല നൽകിക്കൊണ്ട് മാർ ജോസഫ് പാംപ്ലാനിയെ മേജർ ആർച്ച്ബിഷപ് അതിരൂപതയിൽ തന്റെ വികാരിയായി നിയമിച്ചിരിക്കുന്നത്. അതേസമയം, ആർച്ച്ബിഷപ് ഡോ. സിറിൾ വാസിൽ അതിരൂപതയുടെ പൊന്തിഫിക്കൽ ഡെലഗേറ്റായി തുടരും. 2017 നവംബർ എട്ടിന് തലശേരി അതിരൂപത സഹായമെത്രാനായി അഭിഷിക്തനായ മാർ പാംപ്ലാനി 2022 ഏപ്രിൽ 22-ന് അതിരൂപതയുടെ ആർച്ച്ബിഷപ്പായി. സീറോമലബാർ മെത്രാൻ സിനഡിന്റെ സെക്രട്ടറിയും പെർമനന്റ് സിനഡിലെ അംഗവുമാണ് മാർ പാംപ്ലാനി.

# ഡിജിറ്റൽ റീസർവേ: പിഴവുതിരുത്താൻ പുതിയ നിയമം

കോട്ടയം: കേരളത്തിൽ ഡിജിറ്റൽ റീസർവേയിൽ ഭൂമി അളവിൽ മിക്കയിടത്തും വ്യത്യാസം. ഡിജിറ്റൽ സർവേയിൽ കണ്ടെത്തിയ ഭൂവിസ്തൃതിയും വില്ലേജ് രേഖകളിലേതും തമ്മിൽ 40 ശതമാനം ഇടങ്ങളിലും പൊരുത്തക്കേട്. ഇതോടെ വിസ്തീർണത്തിലെ വ്യത്യാസം ക്രമപ്പെടുത്താൻ പുതിയ സെറ്റിൽമെന്റ് നിയമം കൊണ്ടുവരാനുള്ള നീക്കം സർക്കാർ തുടങ്ങി. കേരളം നിലവിൽ വന്നശേഷം ഇതുവരെ സെറ്റിൽമെന്റ് നിയമം ഉണ്ടായിട്ടില്ല. നിയമനിർമാണത്തിന് ശ്രമം തുടങ്ങിയിട്ടുണ്ടെങ്കിലും നടപടി സങ്കീർണമായതിനാൽ വൈകും. അടിസ്ഥാനനികുതി രജിസ്റ്ററിലെ ഭൂമിയുടെ അളവും ഡിജിറ്റൽ സർവേയിലെ അളവും വ്യത്യാസപ്പെടുന്ന പ്രശ്നത്തിൽ ശാശ്വതപരിഹാരത്തിനാണ് പുതിയ സെറ്റിൽമെന്റ് നിയമമെന്ന് റവന്യൂമന്ത്രി കെ. രാജൻ പറഞ്ഞു. റവന്യൂ, നിയമവകുപ്പുകൾ പ്രാരംഭചർച്ച നടത്തി. ഡിജിറ്റൽ സർവേയിൽ ഒരു വ്യക്തിക്ക് അധികഭൂമി കണ്ടെത്തിയാൽ, മറ്റ് പരാതികളോ അവകാശവാദങ്ങളോ നിയമപ്രശ്നങ്ങളോ ഇല്ലെങ്കിൽ നികുതി അടയ്ക്കാൻ ഉടമയ്ക്ക് അവസരം നൽകും. ഇതിനായി റവന്യൂ വകുപ്പ് ഉത്തരവിറക്കും. അടുത്തഘട്ടമായാണ് ഇത്തരം ഭൂമി ഉടമയ്ക്ക് കൈവശംവെക്കാൻ അനുമതി നൽകുന്ന സെറ്റിൽമെന്റ് നിയമം കൊണ്ടുവരുന്നത്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 03
January 17, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഒരു തെറ്റിനെക്കുറിച്ചും ബോധമില്ലാതിരിക്കുകയാണ് ഏറ്റവും വലിയ തെറ്റ്.
**തോമസ് കാർലൈൻ**

ലോകം നിങ്ങൾക്കുവേണ്ടി ചെയ്തതിനേക്കാൾ നിങ്ങൾ ലോകത്തിനുവേണ്ടി ചെയ്താൽ അതാണു വിജയം.
**ഹെൻട്രി ഫോർഡ്**


Law Office of
Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
“We Handle Cases All Across the USA!”
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


Need Health Insurance Coverage?
You may qualify for $0 monthly premium health insurance
ACA/ OBAMACARE/ MARKETPLACE HEALTH INSURANCE
CALL 530 298 8078
SEE IF YOU QUALIFY FOR TAX SUBSIDY
SCAN QR CODE TO GET YOUR QUOTE NOW
LICENSED IN MULTIPLE STATES
Tharun Mahesh
INSURANCE PRODUCER
NATIONAL PRODUCER NUMBER:18615871
LICENSED & CERTIFIED
tharun@tmcoverage.com
www.tmcoverage.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വിരമിക്കൽ പ്രായമുയർത്തൽ: ഹർജി സുപ്രീംകോടതി സ്വീകരിച്ചു

കൊച്ചി: കേരള സർവീസ് ചട്ടപ്രകാരം (കെഎസ്ആർ) വിരമിക്കൽ പ്രായത്തിലെ വിവേചനം ചോദ്യംചെയ്തുള്ള പ്രത്യേകാനുമതി ഹർജി സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചു. സംസ്ഥാന ജിഎസ്ടി വകുപ്പിലെ രണ്ട് ജീവനക്കാരാണു കോടതിയെ സമീപിച്ചത്. കോൺട്രിബ്യൂട്ടറി പെൻഷൻകാർക്ക് 60 വയസും സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്ക് 56 വയസുമാണു കെഎസ്ആർ പ്രകാരം വിരമിക്കൽ പ്രായം.

വിവേചനം അവസാനിപ്പിച്ച്, സ്റ്റാറ്റ്യൂട്ടറി പെൻഷൻകാർക്കും വിരമിക്കൽ പ്രായം 60 ആക്കണമെന്നാവശ്യപ്പെട്ടാണു ഹർജി. ആവശ്യം ഹൈക്കോടതി തള്ളിയതിനെത്തുടർന്നാണ് ഹർജിക്കാർ സുപ്രീംകോടതിയെ സമീപിച്ചത്. ഹർജിയെ പ്രത്യക്ഷത്തിൽ എതിർക്കുമ്പോഴും, സാമ്പത്തികപ്രതിസന്ധി മറികടക്കാൻ വിരമിക്കൽ പ്രായം ഉയർത്തണമെന്നാണു കേരള സർക്കാരിന്റെ ആഗ്രഹം. യുവജനസംഘടനകൾ രൂക്ഷമായി എതിർക്കുന്നതിനാൽ സർക്കാരിന് ഹർജിയെ പിന്താങ്ങാനാകില്ല. മുതിർന്ന അഭിഭാഷകനെ സർക്കാർ നിയോഗിച്ചതുതന്നെ കേസ് നന്നായി നടത്തിയെന്ന് ബോധ്യപ്പെടുത്താനാണ്. ജസ്റ്റിസ് ജെ.കെ. മഹേശ്വരി അധ്യക്ഷനായ ബെഞ്ചാണു ഹർജി പരിഗണിക്കുന്നത്. സുപ്രീംകോടതി പച്ചക്കൊടി കാട്ടിയാൽ വിരമിക്കൽ പ്രായം ഉയർത്താൻ സർക്കാരിനത് ന്യായീകരണമാകും. നിലവിൽ സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും വിരമിക്കൽ പ്രായം ഉയർത്തിയിട്ടുണ്ട്.

ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തണമെന്ന ആവശ്യം സർക്കാർ നടപ്പാക്കാത്തതിൽ ഹൈക്കോടതിക്കും അതൃപ്തിയുണ്ട്. 2022 സെപ്റ്റംബറിൽ ചീഫ് ജസ്റ്റിസും മുഖ്യമന്ത്രിയും പങ്കെടുത്ത ഉന്നതതല യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണു ഹൈക്കോടതി ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 -ൽനിന്ന് 58 ആയി ഉയർത്തണമെന്ന് 2022 ഒക്ടോബറിൽ അന്നത്തെ ചീഫ് ജസ്റ്റിസ് എസ്. മണികുമാർ ശിപാർശ ചെയ്തത്. എന്നാൽ, സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്താത്ത സാഹചര്യത്തിൽ ഹൈക്കോടതി ജീവനക്കാരുടെ കാര്യം പരിഗണിക്കാനാകില്ലെന്നായിരുന്നു ആഭ്യന്തരവകുപ്പിന്റെ മറുപടി. തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിനു വീണ്ടും കത്തയച്ചിട്ടുണ്ട്.

നിയമസഭ പാസാക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിലാണു ജീവനക്കാരുടെ വിരമിക്കൽ പ്രായം നിർണയിക്കുന്നത്. അത് സർക്കാരിന്റെ നയപരമായ തീരുമാനമായതിനാൽ, നിയമം ഭേദഗതി ചെയ്യണമെന്ന തരത്തിൽ 'റിട്ട് ഓഫ് മാൻഡമസ്' നിർദേശം നൽകാനാകുമോയെന്നാണു സുപ്രീംകോടതി പരിശോധിക്കുന്നത്. സാമ്പത്തികപ്രതിസന്ധിയിൽ നട്ടംതിരിയുന്ന കേരള സർക്കാരിന്റെ പ്രതീക്ഷയും ആ സാധ്യതയിലാണ്.

## ജനാധിപത്യത്തിലെ നിശബ്ദ അട്ടിമറി

വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കാനോ ചേർത്താലും വോട്ട് ചെയ്യാനോ താത്പര്യമില്ലാത്ത പുതുതലമുറയെക്കുറിച്ചു പഠിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ ഒരുങ്ങുന്നു. അധികാരത്തിൽ പങ്കു ലഭിക്കുന്നതിനും വോട്ടവകാശത്തിനുംവേണ്ടി നിവർത്തന പ്രക്ഷോഭം ഉൾപ്പെടെ നടത്തിയവരുടെ പിന്മുറക്കാരാണ് വിലപ്പെട്ട അവകാശത്തെ നിരുപാധികം കൈയൊഴിയുന്നത്. അതേക്കുറിച്ചു പഠിക്കാനുള്ള തീരുമാനം ശ്ലാഘനീയമാണ്. ജനാധിപത്യമെന്നാൽ 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന ജനങ്ങളുടെ ഭരണകൂടം' എന്നത്, എല്ലാവർക്കുംവേണ്ടി ചിലർ തെരഞ്ഞെടുക്കുന്ന ചിലരുടെ ഭരണമായി മാറരുത്. ബൂത്ത് പിടിക്കുന്നവരും അക്രമികളും മാത്രമല്ല, വോട്ട് ചെയ്യാത്തവരും തെരഞ്ഞെടുപ്പിനെയും ജനാധിപത്യത്തെയും അട്ടിമറിക്കുകയാണ്.

ഇത്തരമൊരു പ്രവണത നിലവിൽ ഉണ്ടായിരുന്നെങ്കിലും വോട്ടർപട്ടിക പുതുക്കൽ 2025-ന്റെ ഭാഗമായി കേരളത്തിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചപ്പോഴാണ് വോട്ട് ഉപേക്ഷിച്ചവരുടെ ബാഹുല്യം നിസാരമല്ലെന്നു കണ്ടത്. 2,78,10,942 വോട്ടർമാരാണ് പട്ടികയിലുള്ളത്. 63,064 പേർ പുതുതായി പേര് ചേർത്തു. ആകെ വോട്ടർമാരിൽ 1,43,69,092 സ്ത്രീ വോട്ടർമാർമാരും 1,34,41,490 പുരുഷ വോട്ടർമാരും 360 ഭിന്നലിംഗ വോട്ടർമാരുമുണ്ട്. ഇനിയാണ് ആശങ്കപ്പെടുത്തുന്ന കണക്ക്. 18-നും 19-നും ഇടയിൽ പ്രായമുള്ള പുതു വോട്ടർമാർ 1.7 ശതമാനം മാത്രം. മാത്രമല്ല, കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലും 18-നും 25-നും ഇടയിലുള്ള പുതു വോട്ടർമാരിൽ കൂടുതൽ പേരും വോട്ട് ചെയ്തിട്ടില്ലെന്നാണ് കമ്മീഷന്റെ നിഗമനം. ഇതോടെയാണ് പ്രശ്നം പഠിക്കാൻ തെരഞ്ഞെടുപ്പു കമ്മീഷൻ തീരുമാനിച്ചത്. റിപ്പോർട്ട് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന് നൽകുമെന്നാണ് സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പറഞ്ഞത്.

ഇതു കേരളത്തിലെ മാത്രം കാര്യമല്ല. കഴിഞ്ഞ ഏപ്രിലിൽ ലോക്സഭാ തെരഞ്ഞെടുപ്പിനു മുമ്പ് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ പറഞ്ഞത്, 18 -നും 19-നും ഇടയ്ക്കുള്ളവരിൽ 40 ശതമാനത്തിൽ താഴെയാണ് വോട്ടർപട്ടികയിൽ പേരു ചേർത്തത് എന്നാണ്. പേരു ചേർത്തവരിൽ വലിയൊരു ശതമാനം വോട്ട് ചെയ്തുമില്ല. മറ്റു പല രാജ്യങ്ങളിലും ഇതാണ് സ്ഥിതിയെന്നത് ന്യായീകരണത്തിന്റെ ഘടകമല്ല. നിരവധി മതങ്ങളും ജാതിയും ഉപജാതികളും രാഷ്ട്രീയ പാർട്ടികളും ഭാഷയും വസ്ത്രവും നിറവും ഭക്ഷണവുമൊക്കെ ഏറെ വ്യത്യാസപ്പെട്ടിരിക്കുന്ന ഇന്ത്യയുടെ സങ്കീർണമായ രാഷ്ട്രീയം ജനാധിപത്യത്തെ അവലംബിക്കുന്നുണ്ടെങ്കിലും നമ്മുടെ രാഷ്ട്രീയ പാർട്ടികളുടെ ആശയങ്ങൾപോലും പരസ്പരവിരുദ്ധങ്ങളാണ്. അത്തരമൊരു ജനാധിപത്യത്തിൽനിന്നു ഇന്ത്യയുടെ ഭാവിയെ നിർണയിക്കേണ്ട യുവജനങ്ങൾ വിട്ടുനിൽക്കുന്നത് വളരെ ഉത്കണ്ഠയുളവാക്കുന്നു.

അപചയങ്ങളും അഴിമതിയും അക്രമങ്ങളുമൊക്കെ മുമ്പും ഉണ്ടായിരുന്നതാണ്. അതൊക്കെ തെരഞ്ഞെടുപ്പിൽനിന്നു വിട്ടുനിൽക്കാനല്ല, പങ്കെടുക്കാനുള്ള കാരണങ്ങളാണ്. സജീവമായ ജനാധിപത്യത്തിൽ രാഷ്ട്രീയ അപചയങ്ങൾക്കെല്ലാം ഒരു പരിധിവരെ പരിഹാരമുണ്ടെന്നും ജനാധിപത്യം സർക്കാരെന്ന ഒറ്റക്കാലിലല്ല നിൽക്കുന്നതെന്നും ഭരണഘടനാനുസൃതമായ നിയമസംവിധാനങ്ങളും ദാസ്യരല്ലാത്ത മാധ്യമങ്ങളും സത്യസന്ധരായ ഉദ്യോഗസ്ഥരും അതിന്റെ ഭാഗമാണെന്നും തിരിച്ചറിയണം. മറ്റൊരു കാര്യംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. അത്, സാർഥതയുടെ കടന്നുകയറ്റമാണ്. സ്വന്തം വിദ്യാഭ്യാസം, തൊഴിൽ, വിദേശ കുടിയേറ്റം, സുഖസൗകര്യങ്ങൾ എന്നിവയിലേക്ക് ഒതുങ്ങുന്നവരുടെ എണ്ണം വർധിച്ചു. സംശയമുണ്ടെങ്കിൽ വോട്ട് ചെയ്യാത്തവരോടു ചോദിക്കൂ, ഈ രാജ്യം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്താണെന്ന്. നിങ്ങളുടെ സംസ്ഥാനത്തിന്റെ നീറുന്ന പ്രശ്നങ്ങൾ, നിങ്ങളുടെ ജില്ലയിലെയോ പഞ്ചായത്തിലെയോ വാർഡിലെയോ പരിഹരിക്കപ്പെടേണ്ട വിഷയം, ഇന്നത്തെ പ്രധാന വാർത്ത, യുദ്ധങ്ങൾ, പട്ടിണി... ഒന്നിനെക്കുറിച്ചും അറിയില്ല, വേവലാതിയുമില്ല.

പ്രശ്നം പരിഹരിക്കണം. എല്ലാവരും പങ്കെടുക്കുന്ന അർഥവത്തായ ജനാധിപത്യം രാജ്യത്തിന്റെ വികസനത്തിലും വളർച്ചയ്ക്കും സ്വാതന്ത്ര്യത്തിനുമൊക്കെ അനിവാര്യമാണ്. രാഷ്ട്രീയ പാർട്ടികൾ യുവജനങ്ങളെ ആകർഷിക്കാൻ തക്കവിധം, തൊഴിലും തൊഴിലില്ലായ്മയുംപോലെ അവരെ നേരിട്ടു ബാധിക്കുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുകയും പാർട്ടി ഭാരവാഹികളിലും സ്ഥാനാർഥികളിലും യുവജനങ്ങളുടെ എണ്ണം വർധിക്കുകയും വേണം. വരുന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തുടക്കമിടാം. ഏറ്റവും മികച്ച ഭരണക്രമമായ ജനാധിപത്യം അട്ടിമറിക്കപ്പെടരുത്. ജനങ്ങളിലെയോ വോട്ടർമാരിലെയോ ഭൂരിപക്ഷമല്ല, വോട്ട് ചെയ്തവരിലെ ഭൂരിപക്ഷമാണ് സർക്കാരുകളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ, മോശം ഭരണാധികാരികൾ അധികാരത്തിലെത്തുന്നതിന്റെ ഉത്തരവാദിത്വം വോട്ട് ബഹിഷ്കരിച്ചവർക്കുമുണ്ട്.

# വിമാനയാത്രക്കാരുടെ എണ്ണത്തിൽ വൻ കുതിപ്പ്

തിരുവനന്തപുരം: പ്രതിവർഷ യാത്രക്കാരുടെ എണ്ണത്തിൽ റിക്കാർഡ് കുതിപ്പുമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളം. 2024 ജനുവരി മുതൽ ഡിസംബർ വരെ 49.17 ലക്ഷം പേർ തിരുവനന്തപുരം വിമാനത്താവളം വഴി യാത്ര ചെയ്തു. 2023 ഇതേ കാലയളവിൽ 41.48 ലക്ഷം ആയിരുന്നു യാത്രക്കാരുടെ എണ്ണം. 18.52 ശതമാനം വർധന. 2022-ൽ 31.11 ലക്ഷമായിരുന്നു ആകെ യാത്രക്കാർ.

2024-ലെ ആകെ യാത്രക്കാരിൽ 26.4 ലക്ഷം പേർ ഇന്ത്യൻ നഗരങ്ങളിലേക്കും 22.7 ലക്ഷം പേർ വിദേശനഗരങ്ങളിലേക്കുമാണ് യാത്ര ചെയ്തത്. എയർ ട്രാഫിക് മൂവ്മെന്റുകൾ (എടിഎം) 28,306-ൽനിന്ന് 32,324 ആയി ഉയർന്നു. 14.19 ശതമാനം വർധന.

ഇന്ത്യൻ നഗരങ്ങളിൽ ബംഗളൂരു, ചെന്നൈ, ഡൽഹി എന്നിവിടങ്ങളിലേക്കും വിദേശ നഗരങ്ങളിൽ അബുദാബി, ഷാർജ, ദുബായ് എന്നിവിടങ്ങളിലേക്കുമാണ് ഏറ്റവും കൂടുതൽ പേർ യാത്ര ചെയ്തത്. എയർ ഇന്ത്യ എക്സ്പ്രസ്, ഇൻഡിഗോ, എയർ അറേബ്യ എന്നീ എയർലൈനുകളാണ് കൂടുതൽ സർവീസുകൾ നടത്തിയത്.

നിലവിൽ പ്രതിദിനം ശരാശരി 100 സർവീസുകൾ വഴി 15,000-നു മുകളിൽ യാത്രക്കാരാണ് തിരുവനന്തപുരം വിമാനത്താവളം വഴി യാത്ര ചെയ്യുന്നത്. 11 ഇന്ത്യൻ നഗരങ്ങളിലേക്കും 14 വിദേശനഗരങ്ങളിലേക്കും തിരുവനന്തപുരത്തുനിന്ന് സർവീസുകളുണ്ട്.

ഡിസംബറിൽ മാത്രം പത്തു ലക്ഷത്തിലധികം യാത്രക്കാർ ഉണ്ടായിരുന്നു. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ചരിത്രത്തിൽ ഒരു മാസം മാത്രം ഇത്രയും അധികം യാത്രക്കാർ വരുന്നത് ആദ്യമായിട്ടാണ്- സിയാൽ എംഡി വ്യക്തമാക്കി.

കഴിഞ്ഞ വർഷം കൂടുതൽ ആഭ്യന്തര യാത്രക്കാർ ആയിരുന്നു. 57,65,943 ആഭ്യന്തരയാത്രക്കാരും 52,19,930 അന്താരാഷ്ട്ര യാത്രക്കാരും കൊച്ചി വിമാനത്താവളം വഴി പോയിട്ടുണ്ട്. ഫെബ്രുവരി, മാർച്ച്, ജൂൺ ഒഴികെയുള്ള എല്ലാ മാസങ്ങളിലും യാത്രക്കാരുടെ എണ്ണം ഒമ്പത് ലക്ഷത്തിലധികമായിരുന്നു. കഴിഞ്ഞ കലണ്ടർ വർഷത്തിൽ 43,403 ആഭ്യന്തര സർവീസുകളും 31,473 അന്താരാഷ്ട്ര സർവീസുകളും കൊച്ചി വിമാനത്താവളം കൈകാര്യം ചെയ്തിട്ടുണ്ട്. ജർമനി, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലേക്ക് നേരിട്ടു സർവീസുകൾ നടത്തണമെന്ന് അവിടങ്ങളിലെ മലയാളി സമൂഹം ആവശ്യപ്പെട്ടിട്ടുണ്ട് - സുഹാസ് പറഞ്ഞു.

## കാനഡയിൽ പ്രസിഡണ്ട് സ്ഥാനാർത്ഥിയാകാൻ ഇന്ത്യൻ വംശജൻ

ഒട്ടാവ: കാനഡയിലെ ലിബറൽ പാർട്ടിയുടെ നേതൃസ്ഥാനവും പ്രധാനമന്ത്രി സ്ഥാനാർത്ഥിത്വവും ലക്ഷ്യമിട്ട് ഇന്ത്യൻ വംശജനായ എംപി ചന്ദ്ര ആര്യ. കർണാടകയിൽ ജനിച്ച ചന്ദ്ര സമൂഹമാധ്യമത്തിലാണു ആഗ്രഹം അറിയിച്ചത്.

കാനഡയെ പരമാധികാര റിപ്പബ്ലിക്കാക്കാൻ ലക്ഷ്യമിടുന്ന ചന്ദ്ര ബ്രിട്ടീഷ് രാജാവിനെ കാനഡയുടെ രാഷ്ട്രത്തലവൻ എന്ന നിലയിൽനിന്നു മാറ്റണമെന്ന ആവശ്യക്കാരനാണ്. ആളുകളുടെ വിരമിക്കൽ പ്രായം ഉയർത്തും. പലസ്തീനെ പൂർണ രാഷ്ട്രമായി അംഗീകരിക്കും തുടങ്ങിയ നയങ്ങളുൾപ്പെടെ അദ്ദേഹം എക്സിൽ പങ്കുവെച്ചു.

കാനഡയിലെ ഇന്ത്യൻ വംശജരായ ഹിന്ദുക്കളുടെ വക്താവുമാണ് ചന്ദ്ര. കഴിഞ്ഞവർഷം ഇന്ത്യയിലെത്തി പ്രധാനമന്ത്രിയെ സന്ദർശിച്ചിരുന്നു.

## 'ജീനോം ഇന്ത്യ' പ്രോജക്ട്: 10,000 ജനിതക ഡേറ്റ ഗവേഷണത്തിന്

ന്യൂഡൽഹി: ഇന്ത്യയിലെ 10,000 പേരുടെ ജനിതക ഡേറ്റ ഗവേഷണ ആവശ്യങ്ങൾക്കായി കേന്ദ്രസർക്കാർ തുറന്നുകൊടുത്തു. ദേശീയതലത്തിൽ ജനിതക ഡേറ്റാബേസ് തയാറാക്കാനായി "ജീനോം ഇന്ത്യ' പദ്ധതിയുടെ ഭാഗമായി ഇന്ത്യയാകെ 19,000 പേരുടെ രക്തസാംപിളുകളാണു വ്യക്തികളുടെ അനുമതിയോടെ എടുത്തത്. ഇതിൽ ജനിതക ശ്രേണീകരണം പൂർത്തിയായ 10,000 സാംപിളുകളാണു പുറത്തുവിട്ടത്. കേരളത്തിൽനിന്ന് ഏഴ് ജനസംഖ്യാവിഭാഗങ്ങളിൽനിന്നായി 1,851 പേരുടെ സാംപിൾ എടുത്തിരുന്നു. ഇന്ത്യയാകെ 99 ജനസംഖ്യാ വിഭാഗങ്ങളുടേതായി 10 ലക്ഷം പേരുടെ ജനിതക സാംപിളുകൾ ശേഖരിക്കുകയാണു സർക്കാരിന്റെ ലക്ഷ്യം.

കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ കീഴിൽ ഇന്ത്യയിലെ 20 ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ ചേർന്ന് മൂന്ന് വർഷം കൊണ്ടാണ് ആദ്യഘട്ടം പൂർത്തിയാക്കിയത്. കേരളത്തിൽനിന്നു തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയാണ് (ആർജിസിബി) സാംപിളുകൾ ശേഖരിച്ചത്. ഇന്ത്യൻ ബയോളജിക്കൽ ഡേറ്റ സെന്റർ (ഐബിഡിസി) ആർക്കൈവ് ചെയ്തിരിക്കുന്ന ഡേറ്റ അവരുടെ പോർട്ടൽ വഴിയാണു ഗവേഷകർക്കു നൽകുന്നത്. വ്യക്തികളെ തിരിച്ചറിയുന്ന ഒരു വിവരവും ഇതിലുണ്ടാകില്ല. ബെംഗളൂരുവിലെ സെന്റർ ഫോർ ബ്രെയിൻ റിസർച് ആണ് പദ്ധതിക്കു നേതൃത്വം നൽകുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ ജനിതകവ്യത്യാസവും ജനിതക ചരിത്രവും കണ്ടെത്തുകയാണു ലക്ഷ്യം. അർബുദം അടക്കമുള്ള വിവിധ രോഗങ്ങൾക്കു പിന്നിലെ ജനിതക കാരണവും ഇതുവഴി മനസ്സിലാക്കാം. ജനിതക രോഗങ്ങൾക്കുള്ള ചികിത്സ നേരത്തേ തുടങ്ങാനും ശ്രേണീകരണം ഉപകരിക്കും. മരുന്നുകൾ വികസിപ്പിക്കാനും വ്യത്യസ്ത ജനവിഭാഗങ്ങൾ മരുന്നുകളോടു പ്രതികരിക്കുന്ന രീതി പഠിക്കാനും ഇതു സഹായിക്കും.

# ഫൊക്കാന മെഡിക്കൽ പ്രിവിലേജ് കാർഡ് പദ്ധതി മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു

അനിൽ പെണ്ണുക്കര

കൊച്ചി: നോർത്ത് അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ ഫെഡറേഷനായ ഫൊക്കാനയുടെ പദ്ധതിയായ മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് പദ്ധതി കൊച്ചി ഗോകുലം കൺവൻഷൻ സെന്ററിൽ റവന്യൂ മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ഫൊക്കാനയുടെ മുഖപത്രമായ ഫൊക്കാന ടുഡേയും അദ്ദേഹം ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന് നൽകി പ്രകാശനം ചെയ്തു. അമേരിക്കൻ മലയാളികൾക്ക് കേരളത്തിലേക്കുള്ള പാലമാണ് ഫൊക്കാന. കേരളത്തിന്റെ പുരോഗമനത്തിനും വികസനത്തിനും ഒപ്പം നിൽക്കാൻ ഫൊക്കാനയ്ക്ക് സാധിച്ചത് അഭിമാനകരമായ നിമിഷമാണെന്ന് മന്ത്രി സൂചിപ്പിച്ചു. 2018, 2019-ലെ പ്രളയം, കോവിഡ്, നിപ, ഓഖി, വയനാട് ദുരന്തം തുടങ്ങിയവയുടെ സമയത്ത് അമേരിക്കൻ മലയാളികൾ ചെയ്ത സഹായം കേരളാ ഗവൺമെന്റിന് മറക്കാൻ സാധിക്കില്ല. പ്രവാസികൾ ലോകത്തിന്റെ ഏത് ഭാഗത്തിരുന്നാലും നിങ്ങളുടെ ഭൂമിയുമായി ബന്ധപ്പെട്ട റവന്യൂ പരാതികൾ പരിഹരിക്കുവാനുള്ള ഓൺലൈൻ സംവിധാനം നിലവിൽ വന്നതായും മന്ത്രി പറഞ്ഞു. ഇപ്പോൾ ലോഞ്ച് ചെയ്യുന്ന മെഡിക്കൽ കാർഡ് ഫൊക്കാനയുടെ പ്രവർത്തകർക്കും അവരുടെ ബന്ധുക്കൾക്കും ഏറെ ഗുണം ചെയ്യുമെന്ന് പ്രതീക്ഷയുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കൊച്ചി രാജഗിരി ഹോസ്പിറ്റൽ, പാലാ മാർ സ്ലീവാ മെഡിസിറ്റി ഹോസ്പിറ്റൽ, തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റൽ എന്നിവയുടെ സഹകരണത്തോടെയാണ് ഈ ബൃഹത് പദ്ധതി ഒരുങ്ങുന്നത്. അമേരിക്കൻ കനേഡിയൻ മലയാളികൾക്കും അവരുടെ ബന്ധുക്കൾക്കും പ്രസ്തുത ഹോസ്പിറ്റലുകളിൽ ചികിത്സാ ബില്ലുകളിൽ ഇളവു ലഭിക്കുന്നതിന് വേണ്ടിയാണ് മെഡിക്കൽ കാർഡ് നൽകുന്നതെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ അറിയിച്ചു. മെഡിക്കൽ കാർഡ് പദ്ധതിയിൽ നിരവധി നൂതനമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫൊക്കാനയിലെ എല്ലാ അംഗ സംഘടനയിലെ അംഗങ്ങൾക്കും അവരുടെ ബന്ധുക്കൾക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ സാധിക്കും. ഇൻ പേഷ്യന്റ് ഔട്ട് പേഷ്യന്റ് വിഭാഗങ്ങളിലും റേഡിയോളജി സ്കാനിംഗ് ഉൾപ്പെടെയുള്ള ടെസ്റ്റുകൾക്കും ഇളവുകൾ ലഭിക്കും. വിവിധ ഹെൽത്ത് ചെക്കപ്പ് പാക്കേജുകളും, ഇൻ പേഷ്യന്റ് വിഭാഗങ്ങളിൽ എത്തുന്ന ഇന്റർനാഷണൽ രോഗികൾക്ക് മറ്റ് സേവനങ്ങളും ഹെൽത്ത് കാർഡ് ഉള്ളവർക്കും ലഭ്യമാക്കും. സേവനങ്ങൾ ലഭ്യമാക്കാൻ ഹെൽത്ത് കാർഡ് ഈ ആശുപത്രികളിലെ ഫ്രണ്ട് ഡസ്കിൽ കാണിച്ചാൽ മാത്രം മതിയാകുമെന്ന് ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ തന്റെ സ്വാഗത പ്രസംഗത്തിൽ അറിയിച്ചു.



ഹെൽത്ത് കാർഡ് ലോഞ്ചിംഗ് ചടങ്ങിൽ മുൻ മന്ത്രി പ്രൊഫ. കെ.വി. തോമസ്, ചാണ്ടി ഉമ്മൻ, രാജഗിരി ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ഫാ. ജോയി കിളിക്കുന്നേൽ സി.എം.ഐ, മാർ സ്ലീവാ മെഡിസിറ്റി എം.ഡി മോൺസിഞ്ഞോർ ഡോ. ജോസഫ് കണിയോടിക്കൽ, ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, അസോസിയേറ്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ബോർഡ് ഓഫ് ട്രസ്റ്റീസ് ചെയർ ജോജി തോമസ്, മുൻ പ്രസിഡന്റും ബോർഡ് ഓഫ് ട്രസ്റ്റീസ് മെമ്പറുമായ ജോർജി വർഗീസ്, മുൻ പ്രസിഡന്റും ഇന്റർനാഷണൽ കൺവൻഷൻ കോ-ഓർഡിനേറ്ററുമായ പോൾ കറുകപ്പിള്ളിൽ, മുൻ പ്രസിഡന്റ് ജോൺ പി. ജോൺ, നാഷണൽ കമ്മിറ്റി മെംബർ മനോജ് മാത്യു, റീജണൽ വൈസ് പ്രസിഡന്റ് ജോസി കാരക്കാട് ജെയ്ബു കുളങ്ങര, ലീല മാരേട്ട്, തോമസ് തോമസ്, ഫിലിപ്പോസ് ഫിലിപ്പ് , ഡോ. ഷീല വർഗീസ്, സാജൻ, മിനി സാജൻ തുടങ്ങി നിരവധി വ്യക്തികൾ ചടങ്ങിന്റെ ഭാഗമായി. ഡോ. ഷീല വർഗീസിന്റെ പ്രാർത്ഥനാ ഗാനത്തോടെ തുടങ്ങിയ ചടങ്ങിൽ ഫൊക്കാന മുൻ പ്രസിഡന്റ് ജോർജി വർഗീസ് ആയിരുന്നു എം.സി.

# ചെറുപുഷ്പ മിഷൻലീഗ് ബൈബിൾ റീഡിങ് ചലഞ്ച് ലക്കിഡ്രോ നടത്തി



ചിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ ആഭിമുഖ്യത്തിൽ രൂപതാടിസ്ഥാനത്തിൽ കഴിഞ്ഞ നവംബറിൽ തുടക്കം കുറിച്ച ബൈബിൾ റീഡിങ് ചലഞ്ചിന്റെ ഭാഗമായി ചിക്കാഗോ സെ. മേരീസ് ക്നാനായ ദേവാലയത്തിൽ ലക്കി ഡ്രോ നടത്തപ്പെട്ടു. ഈ സംരംഭത്തിൽ പങ്കുചേർന്നുകൊണ്ടിരിക്കുന്ന കുട്ടികളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ജനുവരി 12-ന് 11.40-നുള്ള കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്കുശേഷം നറുക്കെടുപ്പ് നടത്തപ്പെട്ടത്.

സെന്റ് മേരീസ് മതബോധന സ്കൂളിൽ നിന്നും ധാരാളം കുട്ടികളാണ് ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. കഴിഞ്ഞ നവംബർ മാസത്തിലും ഡിസംബർ മാസത്തിലും വളരെ കൃത്യതയോടു കൂടി ബൈബിൾ പാരായണം പൂർത്തീകരിച്ച കുട്ടികളിൽ നിന്നുമാണ് നറുക്കെടുപ്പ് നടത്തിയത്. ജാഷ് തോട്ടുങ്കൽ, അലക്സാ കരികുളം, ജന എടക്കര എന്നിവരാണ് നറുക്കെടുപ്പിലൂടെ വിജയികളായത്.

മാതാപിതാക്കളുടെയും മതാദ്ധ്യാപകരുടെയും മേൽനോട്ടത്തിൽ ഓരോ ദിവസവും പുതിയ നിയമത്തിലെ ഓരോ അദ്ധ്യായങ്ങൾ വായിച്ച് മാസാവസാനം കുട്ടികൾ അവരവരുടെ മതാദ്ധ്യാപകരെ ഏല്പിക്കുന്ന രീതിയിൽ ഒരു റീഡിങ് ലോഗ് ഇതിനായി പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്. റീഡിങ് ലോഗിൽ രേഖപ്പെടുത്തിയിരിക്കുന്നതു പോലെ ഓരോ ദിവസവും അതത് ബൈബിൾ ഭാഗങ്ങൾ വായിച്ച് ആറു മാസം കൊണ്ട് ബൈബിൾ പാരായണം പൂർത്തീകരിക്കുന്ന എല്ലാ കുട്ടികൾക്കും ഇടവക തലത്തിലും രൂപതാ തലത്തിലും അനുമോദന സർട്ടിഫിക്കറ്റുകളും വളരെ ആകർഷകമായ സമ്മാനങ്ങളും അതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്.

ദൈവത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും ദൈവം ആഗ്രഹിക്കുന്ന ഒരു ജീവിതം എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗനിർദേശവും ബൈബിൾ പാരായണത്തിലൂടെ കുട്ടികളിൽ ജനിപ്പിച്ചെടുക്കുക എന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണ് ബൈബിൾ റീഡിങ് ചലഞ്ച് മതബോധന സ്കൂളിൽ ആരംഭിച്ചിരിക്കുന്നത്. നാല് മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സെന്റ് മേരീസ് മിഷൻ ലീഗ് യൂണിറ്റ് പ്രസിഡണ്ട് അശ്രിയൽ വാളത്താറ്റ്, ജോ. ഡയറക്ടർ ഡാനി വാളത്താറ്റ് എന്നിവർ നറുക്കെടുപ്പ് പരിപാടികൾക്ക് നേതൃത്വം നല്കി.



ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ, അസി. വികാരി ഫാ. വിപിൻ കണ്ടോത്ത് എന്നിവർ വിജയികളെ പ്രത്യേകം അനുമോദിക്കുകയും അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. മതബോധന സ്കൂൾ അസിസ്റ്റന്റ് ഡയറക്ടർ മനീഷ് കൈമൂലയിൽ, മിഷൻലീഗ് യൂണിറ്റ് ഡയറക്ടർ ജോജോ ആനാലിൽ എന്നിവർ പരിപാടികൾക്ക് വേണ്ടുന്ന ക്രമീകരണങ്ങൾ നടത്തി.

# മലയാളി ഉൾപ്പെടെ ആറ് മാവോയിസ്റ്റ് നേതാക്കൾ കീഴടങ്ങി

ബംഗളൂരു: കേരളം, ആന്ധ്രപ്രദേശ്, കർണാടക സംസ്ഥാനങ്ങളിലെ പ്രമുഖ ആറു മാവോയിസ്റ്റ് നേതാക്കൾ കീഴടങ്ങി. കർണാടക സ്വദേശികളായ മുണ്ടഗാരു ലത, സുന്ദരി കുട്ടലൂരു, വനജാക്ഷി ബലഹൊളെ, മാരപ്പ അരോളി, തമിഴ്നാട് സ്വദേശി കെ. വസന്ത്, കേരള സ്വദേശിനി ജിഷ എന്നിവരാണു കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യയുടെ ഔദ്യോഗിക വസതിയിൽ ആയുധംവെച്ചു കീഴടങ്ങിയത്. എന്നാൽ, കീഴടങ്ങിയ മാവോയിസ്റ്റുകളുമായി സർക്കാരുണ്ടാക്കിയ കരാറിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല. നവംബർ 18-നു മാവോയിസ്റ്റ് നേതാവ് വിക്രം ഗൗഡയെ ഏറ്റുമുട്ടലിൽ വധിച്ചതിനു പിന്നാലെ നേതാക്കളോടു കീഴടങ്ങണമെന്ന് സർക്കാർ അന്ത്യശാസനം നൽകിയിരുന്നു. ഇവർക്കെതിരെ കൊലപാതകക്കുറ്റമുൾപ്പെടെയുള്ള കേസുകളുണ്ട്. കർണാടകയുടെ ചരിത്രത്തിലെ ഏറ്റവും വലിയ മാവോയിസ്റ്റ് കീഴടങ്ങലാണിത്. നേരത്തേ ചിക്കമംഗളൂരുവിൽ മാവോയിസ്റ്റുകൾ എത്തുമെന്നാണ് അറിയിച്ചിരുന്നത്. കീഴടങ്ങുന്നത് ബംഗളൂരുവിൽ തന്റെ ഔദ്യോഗികവസതിയിൽവെച്ച് ആകണമെന്ന് സിദ്ധരാമയ്യ നിർദേശിച്ചിരുന്നു. മുണ്ടഗാരു ലതയ്ക്കെതിരെ നിലവിൽ 850 കേസുകളുണ്ട്. സുന്ദരിക്കെതിരെ 71 കേസുകളും മാരപ്പയ്ക്കെതിരെ 50 കേസുകളുമാണുള്ളത്. വസന്തിനെതിരെ എട്ടുകേസുകളും ജിഷയ്ക്കെതിരെ 17 കേസുകളുമാണുള്ളത്. ചിക്കമംഗളൂരു പോലീസും ജില്ലാഭരണകൂടവുമാണ് ഇവരുടെ കീഴടങ്ങലിനായി കൂടുതൽ യത്നിച്ചത്. കൊലപാതകമുൾപ്പെടെ ഇവർക്കെതിരെ ഗുരുതരകുറ്റകൃത്യങ്ങളുള്ളതിനാൽ കേസുമായി മുന്നോട്ടുപോകണമോ എന്നതുസംബന്ധിച്ച് സർക്കാർ പിന്നീട് തീരുമാനിക്കുമെന്ന് ആഭ്യന്തരമന്ത്രി ജി. പരമേശ്വര പറഞ്ഞു.


കീഴടങ്ങിയ മാവോവാദികൾക്ക് പൂച്ചെണ്ടും ഭരണഘടനയും നൽകുന്ന സിദ്ധരാമയ്യ

## അപകടത്തിൽപ്പെടുന്നവർക്ക് ഏഴ് ദിവസം സൗജന്യചികിത്സ

ന്യൂഡൽഹി: അപകടത്തിൽപ്പെടുന്നവർക്ക് സൗജന്യചികിത്സ ഉറപ്പാക്കുന്ന പദ്ധതി പ്രഖ്യാപനവുമായി കേന്ദ്ര സർക്കാർ. ഏഴു ദിവസം ഒന്നര ലക്ഷം രൂപ വരെ ചെലവു വരുന്ന ചികിത്സ സൗജന്യമായി ലഭിക്കുമെന്ന് കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി നിതിൻ ഗഡ്കരി വ്യക്തമാക്കി. അപകടം നടന്ന് 24 മണിക്കൂറിനുള്ളിൽ പോലീസിൽ വിവരം അറിയിച്ചാൽ ചികിത്സാച്ചെലവ് സർക്കാർ വഹിക്കും. വാഹനാപകടത്തിൽ മരിക്കുന്നവരുടെ കുടുംബത്തിന് രണ്ടു ലക്ഷം രൂപ ഉടൻ കൈമാറുമെന്നും ഗഡ്കരി പറഞ്ഞു. പരീക്ഷണാടിസ്ഥാനത്തിൽ ചില സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കിയിരുന്നു. ആ ഘട്ടത്തിൽ ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതുകൂടി പരിഹരിച്ചാണു പദ്ധതി നടപ്പാക്കുന്നതെന്നും ആളുകൾക്ക് ഇത് ഏറെ ഗുണകരമാകുമെന്നും മന്ത്രി പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ ഗതാഗതമന്ത്രിമാരുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. 'റോഡ് സുരക്ഷയ്ക്കാണ് ഞങ്ങൾ മുൻഗണന നൽകുന്നത്. 2024-ൽ ഇന്ത്യയിൽ റോഡപകടങ്ങളിൽ 1.8 ലക്ഷം പേരാണു മരിച്ചത്. ഇവരിൽ 30,000 പേർ ഹെൽമെറ്റ് ധരിക്കാത്തത് മൂലമാണു മരിച്ചത്. ഗുരുതരമായി പരുക്കേറ്റവരിൽ 66 ശതമാനം പേരും 18-നും 34 വയസിനും ഇടയിൽ പ്രായമുള്ളവരാണെന്നതാണു ഗൗരവമേറിയ കാര്യം. നമ്മുടെ സ്കൂളുകളിലെയും കോളജുകളിലെയും തെറ്റായ എക്സിറ്റ്, എൻട്രി പോയിന്റുകൾ കാരണം 10,000 കുട്ടികളാണ് മരിച്ചത്' - നിതിൻ ഗഡ്കരി പറഞ്ഞു.

## മുല്ലപ്പെരിയാർ: കേന്ദ്രസർക്കാരിന് സുപ്രീംകോടതി നോട്ടീസ്

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതമാണെന്ന വിധികൾ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജിയിൽ കേന്ദ്രസർക്കാരിന് സുപ്രീംകോടതി നോട്ടീസ്. ഡാം സുരക്ഷാനിയമം 2021 പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നു വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ജസ്റ്റിസുമാരായ സൂര്യകാന്ത്, ദീപാങ്കർ ദത്ത, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചാണു നോട്ടീസ് അയച്ചത്. ഡാം സുരക്ഷാ നിയമപ്രകാരം ഡാം സുരക്ഷാ സമിതി രൂപീകരിക്കുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

നിയമത്തിലെ സെക്ഷൻ 5(1) അനുസരിച്ച് നിയമം പ്രാബല്യത്തിൽ വന്ന് 60 ദിവസത്തിനുള്ളിൽ സുരക്ഷാ സമിതി രൂപീകരിക്കുകയും ഓരോ മൂന്നുവർഷം കൂടുമ്പോഴും സമിതി പുനഃസംഘടിപ്പിക്കുകയും ചെയ്യണം. എന്നാൽ ഇത്തരമൊരു സമിതി രൂപീകരിച്ചിട്ടില്ലെന്നും അതിന്റെ പ്രവർത്തനത്തിനായുള്ള ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ഡാം സുരക്ഷാ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ളതല്ല നിലവിൽ കേന്ദ്രസർക്കാർ രൂപീകരിച്ച മേൽനോട്ട സമിതി. കോടതിയുടെ മുൻവിധി കണക്കിലെടുത്താണ് സർക്കാർ മേൽനോട്ട സമിതി രൂപീകരിച്ചതെന്ന് മനസിലാക്കുന്നതെന്നും ബെഞ്ച് നിരീക്ഷിച്ചു. ഇക്കാര്യങ്ങൾ സംബന്ധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ കേന്ദ്രസർക്കാർ വിശദമായ സത്യവാങ്മൂലം നൽകണം. ഈ മാസം 22-ന് കേസ് വീണ്ടും പരിഗണിക്കും.

## വാളയാർ കേസ്: മാതാപിതാക്കളെയും പ്രതിചേർത്ത് സിബിഐ കുറ്റപത്രം

കൊച്ചി: വാളയാറിലെ സഹോദരിമാരുടെ ദുരൂഹ മരണത്തിൽ മാതാപിതാക്കളെക്കൂടി പ്രതിചേർത്തു സിബിഐ അനുബന്ധ കുറ്റപത്രം സമർപ്പിച്ചു. പോക്സോ നിയമപ്രകാരം ബലാൽസംഗപ്രേരണക്കുറ്റമാണു ചുമത്തിയിരിക്കുന്നത്. പീഡന വിവരം അറിഞ്ഞിട്ടും പോലീസിനെ അറിയിച്ചില്ലെന്നും ഇക്കാരണത്താൽ പീഡനം ആവർത്തിക്കാൻ ഇടയായെന്നും ചൂണ്ടിക്കാട്ടിയാണിത്.

അട്ടപ്പള്ളത്തെ വീട്ടിൽ 13 വയസ്സുള്ള മൂത്ത കുട്ടിയെ 2017 ജനുവരി ഏഴിനും ഒൻപത് വയസ്സുള്ള അനുജത്തിയെ മാർച്ച് നാലിനും തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. ഇളയ കുട്ടിക്കു വീടിന്റെ ഉത്തരത്തിൽ തൂങ്ങാനാകില്ലെന്ന കണ്ടെത്തലോടെ കൊലപാതക ആരോപണം ബലപ്പെട്ടെങ്കിലും തെളിവു കണ്ടെത്താൻ കേരള പോലീസിനും പിന്നീട് അന്വേഷണം ഏറ്റെടുത്ത സിബിഐക്കും കഴിഞ്ഞിരുന്നില്ല. കുട്ടികൾ പ്രകൃതിവിരുദ്ധ പീഡനത്തിനിരയായതായി പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ഏറെ അട്ടിമറികൾ ആരോപിക്കപ്പെടുന്ന കേസിൽ പ്രതികളെ വിട്ടയച്ച വിചാരണക്കോടതി വിധി 2021 ജനുവരിയിൽ ഹൈക്കോടതി റദ്ദാക്കി. അക്കൊല്ലം ഏപ്രിലിൽ അന്വേഷണം ഏറ്റെടുത്ത സിബിഐ, ഹർജിക്കാരിയായ അമ്മയുടെ മൊഴിയാണ് ആദ്യം രേഖപ്പെടുത്തിയത്. നാല് വർഷങ്ങൾക്കുശേഷം അമ്മയെ തന്നെ പ്രതിചേർത്തു. മക്കൾക്കു നീതിനിഷേധിച്ചെന്ന് ആരോപിച്ചു പാലക്കാട്ടെ സമര സദസ്സിൽ അമ്മ തല മുണ്ഡനം ചെയ്തതു വലിയ വാർത്തയായിരുന്നു. സമരം ശക്തമാക്കാൻ 2021-ൽ മുഖ്യമന്ത്രി പിണറായി വിജയനെതിരെ ധർമടത്ത് ഇവർ മത്സരിക്കുകയും ചെയ്തു. മൂത്ത കുട്ടിയുടെ മരണത്തിൽ അട്ടപ്പള്ളം കല്ലങ്കാട് സ്വദേശി വി. മധു (വലിയ മധു), ഇടുക്കി രാജാക്കാട് സ്വദേശി ഷിബു, പാമ്പാമ്പള്ളം സ്വദേശി എം. മധു (കുട്ടിമധു), 16 വയസ്സുകാരൻ എന്നിവരാണു പ്രതികൾ. ഇവരിൽ വലിയ മധുവും 16 വയസ്സുകാരനും ഇളയ കുട്ടിയുടെ മരണത്തിലും പ്രതികളാണ്. ആദ്യ കുറ്റപത്രം 2021 ഡിസംബറിൽ സമർപ്പിച്ചിരുന്നു.






# പ്രേം പ്രകാശ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഏറ്റുവാങ്ങി

**ജോസ് കണിയാലി**

ഡാളസ്: പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും നടനുമായ പ്രേം പ്രകാശ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഏറ്റുവാങ്ങി. ഇന്ത്യ കൾച്ചറൽ എഡ്യൂക്കേഷൻ സെന്ററും, കേരളാ അസോസിയേഷൻ ഓഫ് ഡാളസും ചേർന്ന് നൽകിയ പുരസ്കാരം ഡാളസിലെ മലയാളി സമൂഹം നിറ കൈയ്യടികളോടെയാണ് സ്വീകരിച്ചത്. ഡാളസിൽ നടന്ന കേരളാ അസോസിയേഷന്റെ ക്രിസ്മസ് പുതുവത്സര ആഘോഷ വേദിയിൽവെച്ചാണ് പുരസ്കാരം നൽകിയത്. മലയാള സിനിമ സീരിയൽ രംഗത്തിന് നൽകിയ സമഗ്ര സംഭാവന പരിഗണിച്ചാണ് പ്രേം പ്രകാശിന് പുരസ്കാരം നൽകിയതെന്ന് ഇന്ത്യ കൾച്ചറൽ എഡ്യൂക്കേഷൻ പ്രസിഡന്റ് ഷിജു ഏബ്രഹാമും, ഡാളസ് കേരളാ അസോസിയേഷൻ പ്രസിഡന്റ് പ്രദീപ് നാഗലൂലിലും പറഞ്ഞു. ഇരുവരും ചേർന്നാണ് അദ്ദേഹത്തിന് പുരസ്കാരവും, പ്രശസ്തിപത്രവും, ക്യാഷ് അവാർഡും നൽകിയത്. അരനൂറ്റാണ്ടിലേറെയായി ഗായകൻ, നടൻ, ചലച്ചിത്ര, ടെലിവിഷൻ-സീരിയൽ നിർമ്മാതാവ്, സംരംഭകൻ എന്നീ നിലകളിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് പ്രേം പ്രകാശ്. അദ്ദേഹത്തെ അമേരിക്കൻ മലയാളി സമൂഹം ആദരിച്ച നിമിഷം കൂടിയായിരുന്നു ഈ പുരസ്കാര വിതരണ ചടങ്ങ്.

കരോൾട്ടൻ സെന്റ് ഇഗ്നേഷ്യസ് യാക്കോബായ പള്ളിയുടെ സ്കിറ്റ്, നേറ്റിവിറ്റി ഷോ, കരോൾ ഗാനങ്ങൾ, സ്പെല്ലിംഗ് ബീ, ആർട്ട് & സ്പീച്ച് മത്സരങ്ങളുടെ ട്രോഫികൾ വിതരണവും പുരസ്കാര വിതരണത്തോടനുബന്ധിച്ച് നൽകി. ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററിന്റെ പുതിയ ബോർഡ് അംഗങ്ങളെ ഷിജു ഏബ്രഹാം സദസിന് പരിചയപ്പെടുത്തി. എഡ്യൂക്കേഷൻ ഡയറക്ടർ ഡിംപിൾ ജോസഫ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ സുബി ഫിലിപ്പ് എന്നിവരും ചടങ്ങിന്റെ ഭാഗമായി. കേരളാ അസോസിയേഷൻ ഓഫ് ഡാളസ് പ്രസിഡന്റ് പ്രദീപ് നാഗലൂലിൽ സ്വാഗതവും, ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് ഷിജു ഏബ്രഹാം നന്ദിയും അറിയിച്ചു.







# മാർക്ക് കുടുംബസംഗമത്തിൽ ഡോ. സിമി ജെസ്റ്റോ മുഖ്യാതിഥി

**ടോം ജോസ്**

ചിക്കാഗോ: ജനുവരി 25-ന് ശനിയാഴ്ച മോർട്ടൺഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന, മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയറിന്റെ വാർഷിക കുടുംബ സംഗമത്തിൽ ഡോ. സിമി ജെസ്റ്റോ ജോസഫ് മുഖ്യാതിഥിയായി പങ്കെടുക്കും. ചിക്കാഗോയിലെ പ്രസിദ്ധമായ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റം നേഴ്സിങ് ഇന്നൊവേഷൻ ആൻഡ് റിസർച്ച് സെന്റർ സീനിയർ ഡയറക്ടറാണ് ഡോ. സിമി ജെസ്റ്റോ ജോസഫ്. ഡോക്ടർ ഓഫ് നേഴ്സിങ് പ്രാക്ടീസ്, അഡ്വാൻസ്ഡ് പ്രാക്ടീസ് നേഴ്സ്, ഫെലോ ഓഫ് നാഷണൽ അക്കാഡമിക്സ് ഓഫ് പ്രാക്ടീസ്, എ.എൻ.പി-സി, എൻ.ഇ.എ-ബിസി എന്നിങ്ങനെ നേഴ്സിങ് പ്രൊഫഷനിൽ ലഭ്യമായ ഒട്ടുമിക്ക ഉന്നത ബിരുദങ്ങളും ഡിസ്റ്റിങ്ഷനോടെ കരസ്ഥമാക്കിയിട്ടുള്ള സിമി ജെസ്റ്റോ, ഔദ്യോഗിക രംഗത്തെന്നതുപോലെ നേഴ്സിങ് പ്രഫഷണൽ സംഘടനാ രംഗത്തും നേതൃപദവികൾ അലങ്കരിച്ചിട്ടുള്ളതാണ്. നിലവിൽ പ്രസിഡണ്ട് ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയി, നൈന, എ.പി.ആർ.എൻ അദ്ധ്യക്ഷ, ചിക്കാഗോ ഗ്യാസ്ട്രോ എൻട്രോളജി നേഴ്സസ് ആൻഡ് അസോസിയേറ്റ്സ് പ്രസിഡണ്ട് എന്നീ നിലകളിലും പ്രവർത്തിക്കുന്നുണ്ട്. ഡോ. സിമി ജെസ്റ്റോ ഡിസ്റ്റിങ്ങ്യൂഷ്ഡ് ഫെലോ ഓഫ് നാഷണൽ അക്കാഡമിക്സ് ഓഫ് പ്രാക്ടീസ്, അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് ക്ലിനിക്കൽ എക്സലൻസ് അവാർഡ്, അമേരിക്കൻ നേഴ്സസ് അസോസിയേഷൻ നേഴ്സ് ലീഡർ അവാർഡ് എന്നിങ്ങനെ ഒട്ടനവധി അംഗീകാരങ്ങളും ബഹുമതികളും കരസ്ഥമാക്കിയിട്ടുമുണ്ട് ഡോ. സിമി ജെസ്റ്റോ.



നേഴ്സിങ് പ്രഫഷനിലും സംഘടനാരംഗത്തും എന്നതുപോലെ ചിക്കാഗോ മലയാളി സമൂഹത്തിലെയും സജീവ സാന്നിദ്ധ്യമാണ് ഡോ. സിമി ജെസ്റ്റോ. ഒരു പതിറ്റാണ്ടായി ഏഷ്യാനെറ്റ് യുഎസ്എയുടെ മുഖ്യ അവതാരകയായി സേവനം ചെയ്യുവാൻ കൂടി സമയം കണ്ടെത്തുന്ന സിമി, ചിക്കാഗോ മലയാളി സമ്മേളനങ്ങളിലെ സജീവ സാന്നിദ്ധ്യം കൂടിയാണ്. മാർക്ക് തുടർ വിദ്യാഭ്യാസ സെമിനാറുകളിൽ നിരവധി തവണ സംസാരിച്ചിട്ടുള്ള സിമി ജെസ്റ്റോ, മാർക്ക് അംഗങ്ങൾക്ക് സുപരിചിതയുമാണ്. അവരുടെ സാന്നിദ്ധ്യവും സന്ദേശവും മാർക്ക് കുടുംബ സംഗമത്തിന് അലങ്കാരവും വിലമതിക്കുന്നതുമാകുമെന്ന് സംഘാടകർ ഉറച്ചുവിശ്വസിക്കുന്നു.

# ഐഎഎസിൽ ചേരിപ്പോര് രൂക്ഷം

തിരുവനന്തപുരം: സ്പെഷൽ സെക്രട്ടറി എൻ. പ്രശാന്തിനെ സസ്പെൻഡ് ചെയ്തതിനു പിന്നാലെ കൃഷിവകുപ്പിൽ നിന്ന് ബി. അശോകിനെയും മാറ്റിയതോടെ ഐഎഎസുകാർക്കിടയിലെ ചേരിപ്പോര് രൂക്ഷമായി. സർക്കാരുമായി ചേർന്നു നിൽക്കുന്ന മുതിർന്ന ഉദ്യോഗസ്ഥർ ഒരു പക്ഷത്തും സർക്കാരിന്റെ ചില തീരുമാനങ്ങളെ വിമർശിക്കുന്ന ഉദ്യോഗസ്ഥർ മറുപക്ഷത്തുമായി. വകുപ്പു സെക്രട്ടറിമാരുടെ യോഗങ്ങളിലും സർക്കാർ തീരുമാനങ്ങളുടെ സാങ്കേതികവും നിയമപരവുമായ തടസ്സങ്ങൾ അശോക് ചൂണ്ടിക്കാട്ടിയതും അദ്ദേഹത്തെ സെക്രട്ടേറിയറ്റിനു പുറത്തേക്കു തട്ടാൻ കാരണമായെന്നു പറയുന്നവരുണ്ട്.

വയനാട് പുനരധിവാസം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിന്റെ തീരുമാനങ്ങളെ അശോക് എതിർത്തിരുന്നു. പുനരധിവാസത്തിനുള്ള ടൗൺഷിപ് നിർമ്മാണക്കരാർ ഊരാളുങ്കൽ സൊസൈറ്റിക്കു ടെൻഡറില്ലാതെ നല്കിയതിൽ ഐഎഎസുകാർക്കിടയിൽ തന്നെ നീരസമുണ്ട്.

തദ്ദേശ ഭരണപരിഷ്കരണ കമ്മീഷന്റെ അദ്ധ്യക്ഷനായുള്ള മാറ്റത്തിനെതിരെ അശോക് നിയമനടപടിക്ക് ഒരുങ്ങുമെന്നാണ് അറിയുന്നത്. പുതിയ ചുമതല ചികിത്സാ ആവശ്യങ്ങൾ ചൂണ്ടിക്കാട്ടി തൽക്കാലം ഏറ്റെടുത്തേക്കില്ല. കമ്മീഷൻ ഇതുവരെ രൂപീകരിക്കുകയോ പരിഗണനാ വിഷയങ്ങൾ നിർണയിക്കുകയോ ചെയ്തിട്ടില്ല. ഉദ്യോഗസ്ഥരുടെ സമ്മതത്തോടെയാണ് ഡെപ്യൂട്ടേഷനിൽ നിയമിക്കേണ്ടതെങ്കിലും അശോകിന്റെ സമ്മതം വാങ്ങുകയോ വകുപ്പിനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഇതു നിയമപരമായി ചോദ്യം ചെയ്യാനാകും.

ഇതിനിടെ, കൃഷി സ്പെഷൽ സെക്രട്ടറി എൻ. പ്രശാന്തിന്റെ സസ്പെൻഷൻ 120 ദിവസത്തേക്കു കൂടി നീട്ടി. ധനസെക്രട്ടറി ഡോ. എ. ജയതിലകിനെ അധിക്ഷേപിച്ചതിന് നവംബർ 11-നാണ് പ്രശാന്തിനെ സസ്പെൻഡ് ചെയ്തത്. ചീഫ് സെക്രട്ടറി നല്കിയ കുറ്റാരോപണ മെമ്മോയ്ക്ക് പ്രശാന്ത് അഞ്ച് തവണ മറുപടി നല്കി. ഒപ്പം ചില ചോദ്യങ്ങളും ഉന്നയിച്ചു. മറുപടികൾ തൃപ്തികരമല്ലെന്നു പുനഃപരിശോധനാ സമിതി വിലയിരുത്തിയതിനെ തുടർന്നാണ് സസ്പെൻഷൻ നീട്ടിയത്.

# പരാതിപരിഹാരം വൈകിയാൽ ബാങ്കുകൾ പിഴ നല്കണം

ന്യൂഡൽഹി: ഉപഭോക്തൃ പരാതികൾ പരിഹരിക്കുന്നതിലെ കാലതാമസത്തിനെതിരെ കടുത്ത നടപടിയുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ. നിശ്ചിത സമയപരിധിക്കുള്ളിൽ പരാതികൾ പരിഹരിക്കാത്ത ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും പിഴ നല്കണം.

പരാതിപരിഹാരം 30 ദിവസത്തിനപ്പുറം പോയാൽ ഉപഭോക്താക്കൾക്ക് പ്രതിദിനം 100 രൂപ നഷ്ടപരിഹാരം നല്കണം. ബാങ്കുകൾ, സാമ്പത്തിക കമ്പനികൾ, ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികൾ, ക്രെഡിറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ പലപ്പോഴും പരാതിപരിഹാരം വൈകിപ്പിക്കുന്നെന്നും ക്രെഡിറ്റ് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നുവെന്നുമുള്ള വ്യാപക പരാതികളുടെ കൂടി പശ്ചാത്തലത്തിലാണ് ഈ നടപടികൾ.

ബാങ്കുകളോ എൻ.ബി.എഫ്.സികളോ ക്രെഡിറ്റ് വിവരങ്ങൾ അക്സസ് ചെയ്യുമ്പോൾ സി.ഐ.സികൾ എസ്എംഎസ് വഴിയോ ഇ-മെയിൽ വഴിയോ ഉപഭോക്താക്കളെ അറിയിക്കണം. അതുപോലെ ക്രെഡിറ്റ് റെക്കോർഡുകളിൽ വീഴ്ചകളുണ്ടായാൽ ആ വിവരം ബാങ്കുകൾ ഉപഭോക്താക്കളെ അറിയിക്കണം. 21 ദിവസത്തിനുള്ളിൽ ഇത്തരം അപ്ഡേറ്റുകൾ നല്കിയില്ലെങ്കിൽ അതിനും ബാങ്കുകൾ പ്രതിദിനം 100 രൂപ വീതം നല്കേണ്ടിവരും.

# മാരാമൺ കൺവൻഷൻ ഫെബ്രു. 9 മുതൽ

കോട്ടയം: 130-ാമത് മാരാമൺ കൺവൻഷൻ ഫെബ്രുവരി 9 മുതൽ 16 വരെ മാരാമൺ മണൽപ്പുറത്ത് തയ്യാറാക്കിയ പന്തലിൽ നടക്കും. ഒമ്പതിന് ഉച്ചകഴിഞ്ഞ് 2.30-ന് മാർത്തോമ്മാ സഭാദ്ധ്യക്ഷൻ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സുവിശേഷപ്രസംഗസംഘം പ്രസിഡണ്ട് ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കും. മാർത്തോമ്മാ സഭയിലെ ബിഷപ്പുമാരെ കൂടാതെ അഖില ലോക സഭാ കൗൺസിൽ ജനറൽ സെക്രട്ടറി റവ. പ്രഫ.ഡോ. ജെറി പിള്ളൈ (സ്വിറ്റ്സർലാൻഡ്), കൊളംബിയ തിയോളജിക്കൽ സെമിനാരി പ്രസിഡണ്ട് റവ. ഡോ. വിക്ടർ അലോയോ, ഡോ. രാജ്കുമാർ രാംചന്ദ്രൻ (ന്യൂഡൽഹി) എന്നിവർ മുഖ്യപ്രസംഗകരാകും. തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30-ന് ബൈബിൾ ക്ലാസ്, എല്ലാദിവസവും രാവിലെ 9.30-നും വൈകുന്നേരം ആറിനും പൊതുയോഗങ്ങളും നടത്തപ്പെടും. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.30-ന് കുടുംബവേദി യോഗങ്ങളും ബുധനാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് ലഹരിവിമോചന സമ്മേളനവും വൈകുന്നേരം 6 മുതൽ 7.30 വരെ സാമൂഹിക തിന്മകൾക്കെതിരെയുള്ള മീറ്റിംഗും വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകുന്നേരം നാലിന് യുവവേദി യോഗങ്ങളും പന്തലിൽ നടക്കും.

# വത്തിക്കാൻ കാര്യാലയത്തിൽ ആദ്യമായി വനിതാ അദ്ധ്യക്ഷ

വത്തിക്കാൻ സിറ്റി: സമർപ്പിത സമൂഹങ്ങൾക്കു വേണ്ടിയുള്ള വത്തിക്കാൻ കൂരിയയിലെ കാര്യാലയത്തിന്റെ (ഡിക്കാസ്റ്ററി) പ്രീഫെക്ടായി സിസ്റ്റർ സിമോണ ബ്രാംബില്ലയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഇറ്റലിക്കാരിയാണ് സിസ്റ്റർ സിമോണ. ചരിത്രത്തിൽ ആദ്യമായാണ് വത്തിക്കാൻ കാര്യാലയത്തിന്റെ തലപ്പത്ത് ഒരു വനിത നിയമിതയാകുന്നത്. പ്രോ-പ്രീഫെക്ടായി സ്പെയിൻകാരനായ കർദ്ദിനാൾ എംഗൽ ഫെർണാണ്ടസ് ആർതിമേ എസ്ഡിബിയും നിയമിതനായി.



ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊൺസൊലാത്ത മിഷണറീസ് എന്ന സന്യാസ സമൂഹത്തിൽ അംഗമായ സിസ്റ്റർ സിമോണ ഈ കാര്യാലയത്തിന്റെ അംഗമായി 2019 മുതലും സെക്രട്ടറിയായി 2023 മുതലും പ്രവർത്തിച്ചുവരികയായിരുന്നു. അറുപതുകാരിയായ സിസ്റ്റർ സിമോണ സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറലായും പ്രവർത്തിച്ചിട്ടുണ്ട്. മൊസാംബിക്കിൽ പ്രേഷിതപ്രവർത്തനം നടത്തിയിട്ടുള്ള സിസ്റ്റർ നേഴ്സിംഗ് ജോലി ഉപേക്ഷിച്ച് സന്യാസം തെരഞ്ഞെടുത്ത വ്യക്തിയാണ്. സലേഷ്യൻ സന്യാസ സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരിക്കേ, 2023-ൽ കർദ്ദിനാളായി നാമനിർദേശം ചെയ്യപ്പെട്ട ആർതിമേ (65) അതേവർഷം മുതൽ ഈ കാര്യാലയത്തിൽ അംഗമായിരുന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ ഭരണപരിഷ്കാരങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് വത്തിക്കാൻ കാര്യാലയങ്ങളിൽ കൂടുതൽ വനിതകളെ നിയമിക്കുകയെന്നതാണ്. വിവിധ വത്തിക്കാൻ ഓഫീസുകളിലെ സ്ത്രീപ്രാതിനിധ്യം 2013-2023 കാലയളവിൽ 19.2-ൽ നിന്ന് 23.4 ശതമാനമായി ഉയർന്നിട്ടുണ്ട്. നേരത്തെ ആർച്ച്ബിഷപ്പുമാരോ കർദ്ദിനാൾമാരോ മാത്രമാണ് പ്രീഫെക്ടർമാരായി നിയമിതരായിട്ടുള്ളത്.

# ശബരിമല വികസനത്തിന് 778.17 കോടിയുടെ അംഗീകാരം

തിരുവനന്തപുരം: ശബരിമലയുടെ സമഗ്ര വികസനത്തിന് 778.17 കോടി രൂപയുടെ പദ്ധതികൾക്കു മന്ത്രിസഭ അംഗീകാരം നൽകി. സന്നിധാനം, പമ്പ, നടപ്പാത (ട്രെക്ക് റൂട്ട്) എന്നിവയുടെ വികസനത്തിനായി ശബരിമല മാസ്റ്റർ അനുസൃതമായാണ് പദ്ധതി തയാറാക്കിയിരിക്കുന്നത്.

നിലയ്ക്കൽ സമ്പൂർണ ബേസ് ക്യാംപാകും. താമസം, പാർക്കിങ്, അനുബന്ധ സൗകര്യങ്ങൾ എന്നിവയെല്ലാം നിലയ്ക്കലേക്കു മാറ്റും. തന്ത്രിമാർ ഉൾപ്പെടെ അനിവാര്യമായ വ്യക്തികളുടെ സാന്നിധ്യമേ സന്നിധാനത്ത് അനുവദിക്കൂ.

സന്നിധാനം ഉൾപ്പെടുന്ന മേഖലയെ എട്ട് മേഖലകളായി തിരിക്കും. മകരവിളക്കിന്റെ കാഴ്ച സംരക്ഷിക്കാനുള്ള സൗകര്യങ്ങൾക്കൊപ്പം തീർഥാടകരുടെ തിരക്ക് നിയന്ത്രിക്കാൻ രണ്ട് ഓപ്പൺ പ്ലാസകളും പ്ലാനിലുണ്ട്. വനപാതയിലൂടെ തീർഥാടകർക്കു സുരക്ഷിതമായി യാത്ര ചെയ്യാനാവശ്യമായ സൗകര്യങ്ങൾ ട്രെക്ക് റൂട്ട് പ്ലാനിലുണ്ട്. അടിയന്തര സാഹചര്യത്തിൽ വാഹനങ്ങൾക്കും നീങ്ങാം. പരിസ്ഥിതി സംരക്ഷണത്തിനായി ട്രെക്ക് റൂട്ടിന്റെ ഇരുവശത്തും ബഫർ സോൺ ഒരുക്കും.

ആദ്യഘട്ടത്തിൽ 600.47 കോടി രൂപ, 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിൽ 100.02 കോടി, 2034-39 വരെയുള്ള മൂന്നാം ഘട്ടത്തിൽ 77.68 കോടി എന്നിങ്ങനെയാകും ചെലവഴിക്കുക. പമ്പയുടെയും ട്രെക്ക് റൂട്ടിന്റെയും വികസനത്തിനായി 255.45 കോടി രൂപയാണു ചെലവ് പ്രതീക്ഷിക്കുന്നത്. പമ്പയുടെ ആദ്യഘട്ടവികസനത്തിന് 184.75 കോടിയും 2028-33 വരെയുള്ള രണ്ടാം ഘട്ടത്തിന് 22.73 കോടിയും അനുവദിക്കും. ട്രെക്ക് റൂട്ടിനായി ആദ്യ ഘട്ടത്തിൽ 32.88 കോടിയും രണ്ടാം ഘട്ടത്തിൽ 15.50 കോടിയും അനുവദിക്കും.

# ഡൽഹിയിൽ ഫെബ്രു. 5-ന് തെരഞ്ഞെടുപ്പ്

ന്യൂഡൽഹി: ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് ഫെബ്രുവരി അഞ്ചിനും വോട്ടെണ്ണൽ എട്ടിനും നടക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 70 അംഗ നിയമസഭയിലേക്ക് നിലവിലെ ഭരണകക്ഷിയായ എഎപിക്കെതിരെ കോൺഗ്രസും ബിജെപിയും രംഗത്തിറങ്ങുമ്പോൾ ശക്തമായ ത്രികോണ മത്സരത്തിനാണ് കളമൊരുങ്ങുന്നത്.

ജനക്ഷേമ പദ്ധതികളിലൂടെ ഭരണത്തിൽ ഹാട്രിക് ലക്ഷ്യമിട്ടാണ് എഎപി മത്സരരംഗത്തുള്ളത്. കേന്ദ്രഭരണത്തിൽ ഹാട്രിക് നേടിയ ബിജെപിക്ക് ഡൽഹി ഭരണവും പിടിച്ചെടുക്കേണ്ടത് അഭിമാനപ്രശ്നമാണ്. പഴയപ്രതാപം തിരിച്ചുപിടിക്കാൻ യത്നിക്കുന്ന കോൺഗ്രസാകട്ടെ ബിജെപിക്കു പുറമെ ഇന്ത്യാ മുന്നണിയിൽ ഘടകകക്ഷിയായ എഎപിയോടും നേർക്കുനേർ പോരാടുകയാണ്.

70 മണ്ഡലങ്ങളിൽ 12 എണ്ണം സംവരണ സീറ്റുകളാണ്. 1.55 കോടി വോട്ടർമാർക്കായി 13,033 പോളിങ് സ്റ്റേഷനുകൾ സജ്ജമാക്കുമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. നാമനിർദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 17-ഉം പിൻവലിക്കാനുള്ള തീയതി 20-ഉം ആണ്. തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിച്ചതോടെ രാജ്യതലസ്ഥാനത്ത് പെരുമാറ്റച്ചട്ടം നിലവിൽവന്നു.

രണ്ട് ലക്ഷത്തിലേറെ യുവാക്കൾ ഈ തെരഞ്ഞെടുപ്പിൽ കന്നിവോട്ട് രേഖപ്പെടുത്തുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർരാജീവ് കുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു. 85 വയസ് പിന്നിട്ടവർക്ക് വീട്ടിൽ വോട്ട് ചെയ്യാൻ സൗകര്യമൊരുക്കും.

## വീടുവെക്കാൻ ഭൂമി തരംമാറ്റം:
# അതിവേഗം തീരുമാനമെടുക്കണം

തിരുവനന്തപുരം: വീടുവെക്കുന്നതിനായി ഭൂമി തരംമാറ്റത്തിനു ലഭിക്കുന്ന അപേക്ഷകളിൽ അതിവേഗം തീരുമാനമെടുക്കണമെന്നും തടസ്സങ്ങളുണ്ടെങ്കിൽ അപേക്ഷകരെ അറിയിക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കളക്ടർമാരുടെയും വകുപ്പുമേധാവികളുടെയും വാർഷിക സമ്മേളനത്തിലായിരുന്നു മുഖ്യമന്ത്രിയുടെ നിർദേശം. നഗരപരിധിയിൽ അഞ്ച് സെന്റിലും ഗ്രാമങ്ങളിൽ 10 സെന്റിലും വീടുവെക്കാൻ അപേക്ഷ കിട്ടിയാൽ പരിശോധനകൾ വേഗത്തിൽ പൂർത്തിയാക്കി അനുവാദം നൽകണം. നെൽവയൽ നിയമം വരുന്നതിനു മുൻപ് പുരയിടമായി മാറിയ ഭൂമി തരംമാറ്റുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കണം. 25 സെന്റ് വരെയുള്ള ഭൂമി തരംമാറ്റത്തിനു ഫീസില്ലാത്തതിനാൽ വേഗത്തിൽ നടപടിയെടുക്കണം. ഇക്കാര്യങ്ങളിൽ കൃഷി, റവന്യൂ വകുപ്പുകളുമായി ഏകോപനമുണ്ടാകണം. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സമാഹരിച്ച് തദ്ദേശവകുപ്പ് സെക്രട്ടറിക്കു റിപ്പോർട്ട് ചെയ്യണം. വിവിധ നിർമാണപദ്ധതികൾക്കും റോഡിനും റെയിൽവേക്കുമുള്ള ഭൂമിയേറ്റെടുക്കൽ വേഗത്തിലാക്കണം. സർവേയർമാരുടെ ക്ഷാമമുണ്ടെങ്കിൽ വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം തേടണം. ദേശീയപാതാ വികസനത്തിനു നടപടികൾ വേഗത്തിലാക്കണം. കളക്ടറേറ്റുകളിലെ ഫയൽ തീർപ്പാക്കലിനു സമയപരിധി നിശ്ചയിക്കണം. ആവശ്യമെങ്കിൽ പ്രത്യേക അദാലത്ത് നടത്തണം. വന്യമൃഗങ്ങൾ ജനജീവിതത്തിനും കർഷകർക്കും വ്യാപകമായ ആപത്ത് ഉണ്ടാക്കുന്നുണ്ട്. ഇതു നിയന്ത്രിക്കണം. സർക്കാർ ഓഫീസുകൾക്കു നേരെയുള്ള ആക്രമണവും ജീവനക്കാരെ അപകടപ്പെടുത്തുന്നതും ഗുരുതര വിഷയമാണ്. ഇതിൽ ശക്തമായ നടപടികൾ തുടരും. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, കെ. കൃഷ്ണൻകുട്ടി, രാമചന്ദ്രൻ കടന്നപ്പള്ളി, ജി.ആർ. അനിൽ, ആർ. ബിന്ദു, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ തുടങ്ങിയവരും പങ്കെടുത്തു.

## കേരളാ എക്സ്പ്രസ് വാരാന്ത്യം

**കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.**

**കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.**

**രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.**

**രചനകൾ അയയ്ക്കേണ്ട വിലാസം:**

**news@keralaexpress.com**






# ഇന്ത്യ അഫ്ഗാനിസ്ഥാനുമായി ബന്ധം പുനഃസ്ഥാപിച്ചു

ന്യൂഡൽഹി: ഭീകരരെന്നു വിളിച്ചിരുന്ന അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടവുമായി ഇന്ത്യ ഔദ്യോഗിക തലത്തിൽ ബന്ധങ്ങൾ സ്ഥാപിച്ചു. ഇതോടെ മധ്യേഷ്യയിലേക്ക് വീണ്ടും ഇന്ത്യ ഒരു പടിവാതിൽ കണ്ടെത്തി. ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി അഫ്ഗാനിസ്ഥാൻ ആക്ടിംഗ് വിദേശകാര്യ മന്ത്രി അമിർ ഖാൻമുത്താഖിയുമായി ദുബായിൽ ഔദ്യോഗിക കൂടിക്കാഴ്ച നടത്തിയിരുന്നു.

അഫ്ഗാനിസ്ഥാനെ സുഹൃത്താക്കി നിർത്തുന്നത് വാണിജ്യ നേട്ടങ്ങളേക്കാളുപരി ഇന്ത്യയുടെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായാണ് കരുതിപ്പോരുന്നത്. നിലവിൽ അഫ്ഗാനിസ്ഥാനിലേക്ക് സഹായമായും വാണിജ്യപരമായും ധാന്യങ്ങളും മറ്റു സാമഗ്രികളും വിമാനമാർഗവും ഇറാനിലൂടെയുമാണ് ഇന്ത്യ അയയ്ക്കുന്നത്. ഇറാനിലെ ചാബഹാർ തുറമുഖത്തെ ഇന്ത്യൻ സജ്ജീകരണം പൂർണമായി പ്രവർത്തനയോഗ്യമായാൽ ഇത് പതിന്മടങ്ങാക്കാൻ സാധിക്കും. ഒപ്പം ചാബഹാറിൽ നിന്നു റഷ്യയിലേക്കും മറ്റു മധ്യേഷ്യൻ രാജ്യങ്ങളിലേക്കും ചരക്കുനീക്കം സാധ്യമാകും.

2021-ൽ കാബൂളിൽ താലിബാൻ അധികാരത്തിലെത്തി അധികം താമസിയാതെ ഇന്ത്യയുമായി ബന്ധം തുടങ്ങിയിരുന്നു. എങ്കിലും അടുത്തകാലത്തായി പാക്-അഫ്ഗാൻ ബന്ധം മോശമായിത്തുടങ്ങിയ പശ്ചാത്തലത്തിലാണ് കൂടുതൽ മെച്ചപ്പെടാൻ തുടങ്ങിയത്. പാക് താലിബാന്റെ ഭീകരപ്രവർത്തനം അഫ്ഗാൻ-പാക് അതിർത്തിയിൽ പ്രശ്നം സൃഷ്ടിക്കുന്നു.

അഫ്ഗാനിസ്ഥാനെ ശാക്തിക പിൻമുറ്റമായി കണ്ടിരുന്ന പാക്കിസ്ഥാന് അടുത്തകാലത്ത് ഏറ്റവും കടുത്ത പ്രഹരമാണ് കാബൂൾ ഭരണകൂടം ഇന്ത്യയുമായി അടുത്തു തുടങ്ങിയത്. പാക്-അഫ്ഗാൻ ബന്ധം വഷളായതോടെ ഇതുവരെ പോലീസിങ് മാത്രം നടത്തിയിരുന്ന അഫ്ഗാൻ അതിർത്തിയിൽ കര-വ്യോമ സേനകളുടെ ചെറിയൊരു വിഭാഗത്തെയെങ്കിലും വിന്യസിക്കാൻ പാക്കിസ്ഥാൻ നിർബന്ധിതമായി.. ഇന്ത്യയുടെ മേലുള്ള സൈനികസമ്മർദ്ദം ഇതോടെ കുറയുന്നത് ആശ്വാസമാകും. ചൈനീസ് അതിർത്തിയിൽ സൈനികമായി കൂടുതൽ ശ്രദ്ധ നല്കാനും ഇത് ഇന്ത്യയെ സഹായിക്കുമെന്നാണ് വിദഗ്ദ്ധരുടെ കണക്കുകൂട്ടൽ.

ഇന്ത്യ താലിബാനുമായി അടുക്കുന്നത് റഷ്യയ്ക്കു താല്പര്യമാണ്. ബന്ധം സ്ഥാപിക്കാൻ റഷ്യ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അഫ്ഗാൻ ഭൂമിയിൽ യുഎസ് സ്വാധീനം തിരിച്ചുവരരുതെന്നാണ് റഷ്യയുടെ ഉദ്ദേശ്യം.

## വിദ്യാഭ്യാസച്ചെലവ് നേടാൻ മകൾക്ക് അവകാശമുണ്ടെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: മാതാപിതാക്കളിൽ നിന്ന് വിദ്യാഭ്യാസച്ചെലവ് നേടാൻ മകൾക്ക് അനിഷേധ്യവും നിയമാനുസൃതവുമായ അവകാശമുണ്ടെന്ന് സുപ്രീംകോടതി. പഠനത്തിനാവശ്യമായ പണം അവരുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് നല്കാൻ മാതാപിതാക്കൾ നിർബന്ധിതരാണെന്നും സുപ്രീംകോടതി പറഞ്ഞു.

വേർപിരിഞ്ഞ ദമ്പതിമാരുടെ അയർലൻഡിൽ പഠിക്കുന്ന മകൾ പഠനത്തിനായി പിതാവ് നല്കിയ 43 ലക്ഷം രൂപ സ്വീകരിക്കാൻ വിസമ്മതിച്ച തർക്കത്തിലാണ് ജസ്റ്റീസുമാരായ സൂര്യകാന്ത്, ഉജ്ജൽ ഭൂയാൻ എന്നിവരടങ്ങിയ ബെഞ്ചിന്റെ പരാമർശം. അഭിമാനപ്രശ്നത്തിൽ മകൾ തുക കൈപ്പറ്റാൻ വിസമ്മതിക്കുകയും തിരികെ വാങ്ങാൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും പിതാവ് വിസമ്മതിക്കുകയായിരുന്നു. മകൾക്ക് നിയമപരമായി ആ തുകയ്ക്ക് അർഹതയുണ്ടെന്നും കോടതി പറഞ്ഞു.

നിർബന്ധിക്കപ്പെടാതെ തന്നെ പിതാവ് പണം നല്കുകയായിരുന്നു. മകളുടെ അക്കാദമിക് കാര്യങ്ങൾക്കായി സാമ്പത്തികസഹായം നല്കാൻ തനിക്ക് സാമ്പത്തികമായി ശേഷിയുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. വിവാഹബന്ധം വേർപെടുത്തിയപ്പോൾ 73 ലക്ഷം രൂപ നല്കാമെന്ന് ഭർത്താവ് സമ്മതിച്ചിരുന്നു. അതിൽ 43 ലക്ഷം മകളുടെ പഠനത്തിന് വേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കിയിരുന്നു.

## അണക്കെട്ടുകളുടെ സമീപം പുതിയ നിർമാണത്തിന് അനുമതിയില്ല

തിരുവനന്തപുരം: ജലവിഭവ വകുപ്പിനു കീഴിലുള്ള അണക്കെട്ടുകളുടെയും ജലസംഭരണികളുടെയും വൃഷ്ടി പ്രദേശത്തിന്റെ 20 മീറ്ററിനുള്ളിൽ പുതിയ നിർമാണ പ്രവർത്തനങ്ങൾക്കു പൂർണ വിലക്ക്. ഈ 20 മീറ്റർ പ്രദേശം സുരക്ഷിത മേഖലയായി (ബഫർ സോൺ) പ്രഖ്യാപിച്ചു. ഈ മേഖലയിൽനിന്നു 100 മീറ്റർ വരെയുള്ള സ്ഥലത്തു നിയന്ത്രിത നിർമാണത്തിനു മാത്രമേ ഇനി നിരാക്ഷേപ പത്രം (എൻഒസി) അനുവദിക്കുകയുള്ളൂ. നിലവിൽ നിർമാണം നടന്നുകൊണ്ടിരിക്കുന്നവയ്ക്കു പുതിയ നിബന്ധനകൾ ബാധകമല്ല. അണക്കെട്ട്, ജലസംഭരണി എന്നിവിടങ്ങളിലെ ജലത്തിന്റെ പരമാവധി സംഭരണശേഷി മുതലുള്ള ദൂരമാണു നിർമാണ പ്രവർത്തനങ്ങൾക്കായി മാനദണ്ഡമാക്കുക. അണക്കെട്ട്, ജലസംഭരണി എന്നിവയുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് ഇനി മുതൽ നിർമാണ പ്രവർത്തനത്തിനുള്ള എൻഒസി അപേക്ഷകളിൽ തീരുമാനമെടുക്കുക. സംസ്ഥാന ഡാം സുരക്ഷാ അതോറിറ്റി ചെയർമാനാണ് ഇതുവരെ നിരാക്ഷേപ പത്രം അനുവദിച്ചിരുന്നത്.

## റിപ്പബ്ലിക്ദിന പരേഡിൽ എൻഎസ്എസ് സംഘത്തെ നയിക്കുന്നത് സിസ്റ്റർ നോയൽ റോസ്

കോട്ടയം: ഡൽഹിയിലെ കർത്തവ്യ പഥിൽ ജനുവരി 26-ന് നടക്കുന്ന വർണ്ണാഭമായ റിപ്പബ്ലിക്ദിന പരേഡിൽ ഇത്തവണ ശ്രദ്ധേയയാകുന്നത് ഒരു സന്യാസിനിയാകും. പരേഡിൽ പങ്കെടുക്കുന്ന കേരളത്തിൽ നിന്നുള്ള 12 അംഗ എൻഎസ്എസ് വോളണ്ടിയർമാരെ നയിക്കാനുള്ള ചരിത്രനിയോഗം ഡോ. സിസ്റ്റർ നോയൽ റോസിനാണ് ലഭിച്ചിരിക്കുന്നത്. ആദ്യമായാണ് ഒരു സന്യാസിനിയുടെ നേതൃത്വത്തിൽ കേരളത്തിൽ നിന്നുള്ള എൻഎസ്എസ് വോളണ്ടിയർമാർ പരേഡിൽ അണിനിരക്കുന്നത്.

തൊടുപുഴ ന്യൂമാൻ കോളജ് പ്രഫസറും കർമ്മലീത്താ സന്യാസിനീ സമൂഹാംഗവുമാണ് ഡോ. സിസ്റ്റർ നോയൽ റോസ്. രണ്ടുതവണ എം.ജി. യൂണിവേഴ്സിറ്റി ബെസ്റ്റ് പ്രോഗ്രാം ഓഫീസർ അവാർഡ് നേടി. സംസ്ഥാന തലത്തിലേക്ക് സെലക്ഷൻ നേടിയ സിസ്റ്റർ നോയൽ എൻഎസ്എസ് ഇടുക്കി ജില്ലാ കോ-ഓർഡിനേറ്ററുമാണ്.

ഡൽഹിയിലെത്തിയ സംഘം ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ അവസാനവട്ട പരിശീലനത്തിലാണ്. കൊടുംതണുപ്പ് വകവെക്കാതെ ദേശസ്നേഹത്താൽ ജ്വലിക്കുന്ന ഹൃദയവുമായാണ് ഇവർ ചരിത്രനിമിഷത്തിനു സാക്ഷ്യംവഹിക്കാൻ ഒരുങ്ങുന്നത്.

സംസ്ഥാനത്തുനിന്ന് എംജി, കണ്ണൂർ, കാലിക്കറ്റ്, കേരള, കെടിയു തുടങ്ങിയ യൂണിവേഴ്സിറ്റികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാരാണ് പരേഡിൽ പങ്കെടുക്കുന്നത്. പരേഡിനുശേഷം രാഷ്ട്രപതിയുടെയും പ്രതിരോധമന്ത്രിയുടെയും വസതികളിൽ നടക്കുന്ന വിരുന്നു സൽക്കാരത്തിലും അതിഥികളായി ഇവർ പങ്കെടുക്കും.

രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നുമായി ഇരുനൂറോളം വോളണ്ടിയർമാരാണ് നാഷണൽ സർവീസ് സ്കീമിനെ പ്രതിനിധീകരിച്ച് റിപ്പബ്ലിക്ദിന പരേഡിൽ പങ്കെടുക്കുന്നത്.



ഡോ. സിസ്റ്റർ നോയൽ റോസിന്റെ നേതൃത്വത്തിലുള്ള എൻഎസ്എസ് സംഘം ഡൽഹിയിലെത്തിയപ്പോൾ.



KERALA EXPRESS
കേരളം

# കേരളത്തിലെ പുതുക്കിയ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു; വോട്ടർമാർ 2.87 കോടി

തിരുവനന്തപുരം: വോട്ടർ പട്ടിക പുതുക്കൽ 2025-ന്റെ ഭാഗമായി കേരളത്തിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. 2,78,10,942 വോട്ടർമാരാണ് പട്ടികയിൽ ഇടം പിടിച്ചിരിക്കുന്നത്. വോട്ടർ പട്ടിക പുതുക്കൽ കാലയളവിൽ പുതുതായി 232 പോളിംഗ് സ്റ്റേഷനുകൾ കൂട്ടിച്ചേർത്തു. ഇതോടെ കേരളത്തിൽ പോളിംഗ് സ്റ്റേഷനുകളുടെ എണ്ണം 25,409 ആയി.

63,064 ആളുകളാണ് പുതിയതായി വോട്ടർ പട്ടികയിൽ പേര് ചേർത്തത്. മരണമടഞ്ഞതും, താമസം മാറിയതും ഉൾപ്പെടെ 19,907 വോട്ടർമാരാണ് പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടത്. സംസ്ഥാന മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ (kerala.gov.in) അന്തിമ വോട്ടർ പട്ടിക വിവരങ്ങൾ ലഭ്യമാണ്. കൂടാതെ സൂക്ഷ്മ പരിശോധനകൾക്കായി ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ ഓഫീസിലും വില്ലേജ് ഓഫീസുകളിലും, ബൂത്ത് ലെവൽ ഓഫീസർമാരുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും. അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറിൽനിന്നും വോട്ടർ പട്ടിക കൈപ്പറ്റാം.

ആകെ വോട്ടർമാരായ 2,78,10,942 പേരിൽ 1,43,69,092 സ്ത്രീ വോട്ടർമാരാണ്. 360 ഭിന്നലിംഗ വോട്ടർമാരും ഉൾപ്പെടുന്നു. ഏറ്റവും കൂടുതൽ വോട്ടർമാർ മലപ്പുറത്താണ്. 34,01,577 പേരാണ് മലപ്പുറത്തെ വോട്ടർമാർ. 6,42,200 പേരുള്ള വയനാട്ടിലാണ് ഏറ്റവും കുറവ് വോട്ടർമാരുള്ളത്. കൂടുതൽ സ്ത്രീ വോട്ടർമാരുള്ളത് മലപ്പുറത്താണ്. 17,00,907 പേർ.

ഭിന്നലിംഗ വോട്ടർമാർ കൂടുതലുള്ളതു തിരുവനന്തപുരം ജില്ലയിലാണ്. 93 പേരാണ് തലസ്ഥാന ജില്ലയിൽനിന്നുള്ള ഭിന്നലിംഗ വോട്ടർമാർ. ആകെ പ്രവാസി വോട്ടർമാർ 90,124 പേരാണ്. ഇതിൽ 35,876 പേർ കോഴിക്കോട് ജില്ലയിൽ നിന്നുള്ളവരാണെന്നു ചീഫ് ഇലക്ഷൻ ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കർ പത്രസമ്മേളനത്തിൽ അറിയിച്ചു.

# വയനാട് പുനരധിവാസം: 120 കോടി അനുവദിച്ച് കേന്ദ്രം

കൊച്ചി: ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാട്ടിൽ പുനരധിവാസപ്രവർത്തനങ്ങൾക്കായുള്ള അടിയന്തരവിനിയോഗത്തിനു കേന്ദ്രസർക്കാർ 120 കോടി രൂപ അനുവദിച്ചു. കേന്ദ്ര-സംസ്ഥാന ദുരന്തപ്രതികരണ ഫണ്ട് വ്യവസ്ഥകളിൽ ഇളവുനൽകിയാണ് തുക അനുവദിച്ചതെന്നു കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കി.

2016-17-ലെ വ്യോമസേനാ രക്ഷാപ്രവർത്തനവുമായി ബന്ധപ്പെട്ട കുടിശിക അടയ്ക്കാൻ കേന്ദ്രം ആവശ്യപ്പെട്ടപ്പോൾ, മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സാവകാശമനുവദിക്കുന്നതു പരിഗണിക്കണമെന്ന് ജസ്റ്റിസുമാരായ എ.കെ. ജയശങ്കർ നമ്പ്യാർ, എസ്. ഈശ്വരൻ എന്നിവരുൾപ്പെട്ട പ്രത്യേക ബെഞ്ച് നിർദേശിച്ചിരുന്നു. അതിനുള്ള മറുപടിയിലാണു 120 കോടി അനുവദിച്ച വിവരം കേന്ദ്രസർക്കാർ അറിയിച്ചത്. തുക വിനിയോഗിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് ചട്ടം 20 പ്രകാരം അധികാരമുണ്ടെന്നും കേന്ദ്രം വ്യക്തമാക്കി.

ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ അതിതീവ്രദുരന്തമായി കേന്ദ്രം അംഗീകരിച്ച സാഹചര്യത്തിൽ, വിവിധ മേഖലകളിൽനിന്നു ധനസഹായം തേടാൻ സാധിക്കുമെന്നു കേരളസർക്കാർ ഹൈക്കോടതിയെ അറിയിച്ചു. എംപിമാരുടെ ദുരന്തനിവാരണ ഫണ്ടിൽനിന്ന് പ്രതിവർഷം ഒരു കോടി രൂപ വീതം നൽകാൻ കഴിയും. ഇക്കാര്യം മുഖ്യമന്ത്രി എംപിമാരോട് അഭ്യർഥിച്ചിട്ടുണ്ട്. പുനരധിവാസപ്രവർത്തനങ്ങളുടെ പുരോഗതി റിപ്പോർട്ടും കോടതിയിൽ സമർപ്പിച്ചു. 2016-17-ലെ എയർലിഫ്റ്റിന്റെ കുടിശികയ്ക്കായി 2024 ഒക്ടോബറിൽ കേന്ദ്രസർക്കാർ റിമൈൻഡർ അയച്ചത് ഈയിടെ കോടതി ചോദ്യം ചെയ്തിരുന്നു. 2016 മുതൽ എയർലിഫ്റ്റ് ഇനത്തിൽ 132.61 കോടി രൂപയാണ് കുടിശിക. 2021 മേയ് വരെയുള്ള കുടിശിക ഒഴിവാക്കിയാൽ 120 കോടി രൂപകൂടി ലഭ്യമാകുമെന്നും ആകെ 181 കോടിയോളം രൂപ വയനാട്ടിലെ പുനരധിവാസത്തിനായുള്ള അടിയന്തരാവശ്യങ്ങൾക്കു വിനിയോഗിക്കാനാകുമെന്നും സർക്കാർ അറിയിച്ചതോടെയാണ് ഇക്കാര്യം പരിഗണിക്കാൻ ഹൈക്കോടതി കേന്ദ്രത്തോട് നിർദേശിച്ചത്.

# പ്രയാഗ്‌രാജിൽ 144 വർഷത്തിനുശേഷം മഹാകുംഭമേള

പ്രയാഗ്‌രാജ്: ഒന്നരനൂറ്റാണ്ടിനിടെ ഒരിക്കൽ മാത്രം സംഭവിക്കുന്ന മഹാകുഭമേളയ്ക്ക് തുടക്കമായി. അപൂർവനിമിഷത്തിനു സാക്ഷികളാകാനും ത്രിവേണീസംഗമപുണ്യം നുകരാനും വിദേശികൾ ഉൾപ്പെടെയുള്ള തീർഥാടകർ ഒഴുകിയെത്തുന്നു. 45 നാൾ നീളുന്ന മേളയിൽ 35 കോടിയിലേറെ പേർ പങ്കെടുക്കുമെന്നാണ് കണക്കാക്കുന്നതെന്ന് യുപി ചീഫ് സെക്രട്ടറി മനോജ്കുമാർ സിങ് പറഞ്ഞു. മേളയ്ക്കു മുന്നോടിയായി നടന്ന സ്നാനത്തിൽ 25 ലക്ഷത്തിലേറെപ്പേർ പങ്കെടുത്തു.



മഹാകുംഭമേളയ്ക്കായി പ്രയാഗ്‌രാജിലെത്തിയ സന്യാസിമാരെ ഘോഷയാത്രയായി ത്രിവേണീസംഗമത്തിലേക്ക് കൊണ്ടുപോകുന്നു.

144 വർഷത്തിലൊരിക്കൽ നടക്കുന്ന മഹാകുംഭമേളയുടെ സജ്ജീകരണങ്ങൾക്കായി അധികൃതർ 7,000 കോടി രൂപയാണു ചെലവഴിക്കുന്നത്. 2019-ൽ 24 കോടി പേർ പങ്കെടുത്ത കുംഭമേളയ്ക്കുവേണ്ടി 3,500 കോടി രൂപയാണു ചെലവഴിച്ചത്. അന്ന് 3200 ഹെക്ടർ സ്ഥലമാണ് താൽക്കാലിക നഗരവിന്യാസത്തിനായി നീക്കിവെച്ചതെങ്കിൽ ഇത്തവണ ഇത് 4000 ഹെക്ടറാണ്.

കഴിഞ്ഞ കുംഭമേള ശുചിത്വത്തിന്റെ കാര്യത്തിൽ പ്രകീർത്തിക്കപ്പെട്ടിരുന്നെന്നും ഇത്തവണ ശുചിത്വത്തിനു പുറമേ സുരക്ഷയ്ക്കും മുൻഗണന നൽകുന്നതായും അധികൃതർ പറഞ്ഞു. ഘട്ടുകളുടെ നീളം 8 കിലോമീറ്ററിൽനിന്ന് 12 കിലോമീറ്ററാക്കി. പാർക്കിങ് ഏരിയയും വർധിപ്പിച്ചു. മൂവായിരം ക്യാമറകളുടെ സഹായത്താലാണ് ഇത്തവണ തിരക്ക് നിയന്ത്രിക്കുന്നത്. ഈ മാസം 25 മുതൽ 30 വരെയുള്ള മൗന അമാവാസി കാലത്ത് അഞ്ച് കോടി ഭക്തരെയാണു പ്രതീക്ഷിക്കുന്നത്. സ്നാനത്തിനു വിശേഷപ്പെട്ട ആറ് ദിവസങ്ങളിലും തീർഥാടകപ്രവാഹമുണ്ടാകുമെന്നതിനാൽ അന്ന് വിഐപികൾക്ക് പ്രവേശനം അനുവദിക്കില്ലെന്നും ചീഫ് സെക്രട്ടറി പറഞ്ഞു.

# ഉന്നതവിദ്യാഭ്യാസമേഖലയുടെ പൂർണാധികാരം ചാൻസലർക്ക്

ന്യൂഡൽഹി: കേരളത്തിൽ ഉന്നതവിദ്യാഭ്യാസമേഖലയുടെ പൂർണമായ ഉത്തരവാദിത്വം ചാൻസലറായ തനിക്കാണെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

ഇക്കാര്യത്തിൽ രണ്ടഭിപ്രായം വേണ്ടതില്ലെന്നും കേരള ഹൗസിൽ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കോടതികൾ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇനിയും ആർക്കെങ്കിലും ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതേയുള്ളൂവെന്നും ആർലേക്കർ പറഞ്ഞു. പുതിയ യുജിസി കരടുമാർഗരേഖയ്ക്കെതിരായ മുഖ്യമന്ത്രി പിണറായി വിജയന്റെ വിമർശനത്തെക്കുറിച്ച് മാധ്യമപ്രവർത്തകർ ചോദിച്ചപ്പോഴായിരുന്നു ഗവർണറുടെ പ്രതികരണം.

കേരളത്തിലെ സർക്കാരും ജനങ്ങളും മികച്ചവരാണെന്ന് ഗവർണർ പറഞ്ഞു. കേരള സർക്കാരിനോടൊപ്പം ചേർന്ന് ജനങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കും. മുൻഗവർണർ ആരിഫ് മുഹമ്മദ് ഖാൻ വളരെ മികവാർന്ന പ്രവർത്തനമാണ് നടത്തിയതെന്നും ആർലേക്കർ കൂട്ടിച്ചേർത്തു.

കേരളഗവർണറായി ചുമതലയേറ്റ ശേഷം ആദ്യമായാണ് രാജേന്ദ്ര ആർലേക്കർ ഡൽഹിയിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറുമായും കൂടിക്കാഴ്ച നടത്തി.



ഡൽഹിയിൽ കൂടിക്കാഴ്ചയ്ക്കെത്തിയ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഉപഹാരം സമ്മാനിക്കുന്നു.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY



ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA
KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഫോമാ വിമൻസ് ഫോറം കുളത്തൂപ്പുഴയിൽ പട്ടിക വർഗക്കാർക്ക് ടൂൾ കിറ്റ് വിതരണം ചെയ്തു

കൊല്ലം: ജന്മനാടിനോടുള്ള പ്രതിബദ്ധതയുടെ വിളംബരമായി അമേരിക്കൻ മലയാളികളുടെ കേന്ദ്രസംഘടനയായ ഫോമാ, വിമൻസ് ഫോറത്തിന്റെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ പരിശീലനം ലഭിച്ച പട്ടിക വർഗ മേഖലയിലുള്ളവർക്ക് ടൂൾ കിറ്റ് വിതരണം ചെയ്തു.

**എ.എസ്. ശ്രീകുമാർ**




ജനുവരി എട്ടിന് രാവിലെ 11 മണിക്ക് കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഓമന മുരളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കൊല്ലം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീജ ഹരീഷ് ഉദ്ഘാടനം ചെയ്തു. കുളത്തൂഴ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് പി. ലൈലാ ബീവി സ്വാഗതമാശംസിച്ചു.



ഗുണഭോക്താക്കൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ ടൂൾ കിറ്റ് വാങ്ങുന്നതിന് ഫോമാ വിമൻസ് ഫോറമാണ് സാമ്പത്തിക സഹായം നല്കിയത്. കൊല്ലം കാനറാ ബാങ്ക് റൂറൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ഫോമാ വിമൻസ് ഫോറം 2024-2026 നടത്തുന്ന 'ഉന്നതി' യെന്ന ആദ്യ ചാരിറ്റി പ്രവർത്തനമാണിതെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ അറിയിച്ചു.

ചടങ്ങിൽ പട്ടികവർഗ മേഖലയിലുള്ളവർക്ക് ജീവനോപാധിയായി 35 യുവതീ യുവാക്കൾക്കാണ് വിമൻസ് ഫോറം ട്രഷറർ ജൂലി ബിനോയി ജോയിന്റ് ട്രഷറർ മഞ്ജു പിള്ള എന്നിവർ ചേർന്ന് ടൂൾ കിറ്റുകൾ വിതരണം ചെയ്തത്. നിർദ്ധനരായവരെ കൈപിടിച്ചുയർത്തി മെച്ചപ്പെട്ട ജീവിതം നയിക്കാൻ പ്രാപ്തരാക്കുന്നതിനായി ഫോമാ വിമൻസ് ഫോറം നടത്തുന്ന ഇത്തരത്തിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ മാതൃകാപരവും ശ്ലാഘനീയവുമാണെന്ന് യോഗത്തിൽ വിശിഷ്ട സാന്നിദ്ധ്യമറിയിച്ച കാനറ ബാങ്ക് കൊല്ലം റീജിയണൽ ഹെഡ് സുബ്ബ റാവു എം. വി.വി.എസ്.എസ് പറഞ്ഞു.

ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി. ജോസ് തുടങ്ങിയവർ സംസാരിച്ചു.

നേരത്തെ കാനറ ബാങ്കുമായി കൈകോർത്ത് ഫോമാ കുളത്തൂപ്പുഴ മേഖലയിലെ പട്ടികവർഗ സമൂഹത്തിനു വേണ്ടി ബാംബു ക്രാഫ്റ്റ് ട്രെയിനിങ് ക്ലാസ് സംഘടിപ്പിച്ചിരുന്നു. മുള ഉപയോഗിച്ച് പാത്രങ്ങളും കരകൗശല ഉല്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനം പൂർത്തിയാക്കുകയും തുടർന്നുള്ള പരീക്ഷയിൽ വിജയിക്കുകയും ചെയ്ത 35 യുവതീയുവാക്കൾക്ക് ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് ജില്ലാ കളക്ടർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിരുന്നു.

കരകൗശല ഉല്പന്നങ്ങൾ നിർമിക്കുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി ഫോമാ പണവും കൈമാറുകയുണ്ടായി. ഈ ഉപകരണങ്ങളാണ് വിതരണം ചെയ്തത്.

കുടുംബശ്രീ മിഷനും ഗ്രാമീണ തൊഴിലുറപ്പ് മിഷനും അഞ്ചൽ ബ്ലോക്ക് പഞ്ചായത്തും കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തും ഫോമാ വിമൻസ് ഫോറത്തിന്റെ ചാരിറ്റി പ്രോഗ്രാമിന് പശ്ചാത്തലമൊരുക്കി.

# ഭാവഗായകന് വിട!

**ചാണ്ടി കറുകപ്പറമ്പിൽ**


ദാസേട്ടന്റെയും ജയേട്ടന്റെയും പാട്ടുകൾ കേട്ട് വളരാൻ സാധിച്ചതാണ് ഈ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം എന്നു വിശ്വസിക്കുന്ന എണ്ണമറ്റ മലയാളികൾ ഭൂമി മലയാളത്തിൽ ഉണ്ടാകും. യേശുദാസ് സൂര്യനെങ്കിൽ ജയചന്ദ്രൻ ഉദിച്ചുനിൽക്കുന്ന പൂർണ്ണചന്ദ്രനായിരുന്നു. ഭാവഗായകന്റെ ആദ്യത്തെ ചലച്ചിത്ര ഗാനത്തിലെ ആദ്യവരികളിലും മധുമാസ ചന്ദ്രിക ഉണ്ടായിരുന്നു. പിന്നീട് എത്രയെത്ര അനശ്വരമായ ഗാനങ്ങളിൽ അദ്ദേഹം മധുമാസ ചന്ദ്രികയെ പാടി പുകഴ്ത്തിയിരിക്കുന്നു. കളിച്ചെല്ലമ്മയിലെ 'കരിമുകിൽ കാട്ടിലെ' എന്നു തുടങ്ങുന്ന പാട്ടിലെ

കരയുന്ന രാക്കിളിയെ തിരിഞ്ഞൊന്നു നോക്കീടാതെ

മധുമാസ ചന്ദ്രലേഖ മടങ്ങുന്നു പള്ളിത്തേരിൽ...

എന്ന വരികൾ മൂളാത്തവർ ആരും ഉണ്ടാവില്ല. അതുപോലെ അനാച്ഛാദിനത്തിലെ 'മധുചന്ദ്രികയുടെ ചായത്തളികയിൽ' എന്നു തുടങ്ങുന്ന ഗാനത്തിലും ചന്ദ്രകാന്തത്തിലെ 'രാജീവനയനെ നീ ഉറങ്ങൂ' എന്ന ഗാനത്തിലും ആലിബാബയും 41 കള്ളന്മാരും എന്ന സിനിമയിലെ 'റംസാനിലെ ചന്ദ്രികയോ' എന്ന ഗാനത്തിലും എല്ലാം ഭാവഗായകന്റെ മുഗ്ദ്ധമധുരമായ ആലാപനമികവ് പൂർണ്ണചന്ദ്രനെപ്പോലെ പ്രശോഭിതമായിരുന്നു.

70 കളിൽ ഒട്ടനവധി ഹിറ്റ് ഗാനങ്ങൾ പാടിയിട്ടുള്ള ജയചന്ദ്രൻ എന്തുകൊണ്ടോ എൺപതുകളുടെ മധ്യത്തോടെ മലയാള ചലച്ചിത്രഗാന ശാ



ഖയിൽനിന്നും പിൻവലിയുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നു. തമിഴ് സിനിമയിൽ 'രാസാത്തി ഒന്ന് കാണാതെ നെഞ്ച്' എന്ന സൂപ്പർഹിറ്റ് ഗാനം പാടി ശ്രദ്ധേയനായപ്പോഴും സ്വന്തം തട്ടകത്തിൽ അദ്ദേഹത്തിന് അർഹിക്കുന്ന അവസരങ്ങൾ ലഭിച്ചില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്.

എന്നാൽ, 90 കളുടെ രണ്ടാം പകുതിയിൽ പി. ജയചന്ദ്രൻ തന്റെ രണ്ടാം വരവ് അനശ്വരമാക്കി. എന്നും പ്രണയഗാനങ്ങളെ ഭാവസാന്ദ്രമാക്കിയിട്ടുള്ള ജയേട്ടൻ ദേവരാഗം എന്ന ഭരതൻ സിനിമയിൽ 'ശിശിരകാല മേഘമിഥുന രതി പരാഗമോ' എന്ന ഗാനം പാടി ശക്തമായി തിരിച്ചുവന്നു. പിന്നാലെ നിറം എന്ന കമൽ സിനിമയിലെ 'പ്രായം നമ്മിൽ മോഹം നൽകി' എന്ന ഗാനം സൂപ്പർ ഡ്യൂപ്പർ ഹിറ്റായതോടെ ജയചന്ദ്രൻ തന്റെ സാന്നിദ്ധ്യം വീണ്ടും അരക്കിട്ടുറപ്പിച്ചു.

സമാനമായ രീതിയിൽ ഒരു രണ്ടാം വരവിലൂടെ ശ്രദ്ധ നേടിയ സുജാതയുമായി ചേർന്നു ജയേട്ടൻ പാടിയ എല്ലാ പാട്ടുകളും വമ്പൻ ഹിറ്റുകളായി മാറി. ക്രോണിക് ബാച്ചിലറിലെ 'സ്വയംവര ചന്ദ്രികേ', അതുപോലെ പെരുമഴക്കാലത്തിലെ 'കല്ലായ് കടവത്ത് കാറ്റൊന്നും മിണ്ടീല്ലേ' തുടങ്ങിയ പാട്ടുകളിലൂടെ അദ്ദേഹം വീണ്ടും മലയാള സിനിമാ ഗാനശാഖയുടെ സജീവ സാന്നിദ്ധ്യമായി. പഴകുംതോറും വീഞ്ഞിന് വീര്യം കൂടും എന്ന പഴമൊഴി ഓർമ്മപ്പെടുത്തുന്നതുപോലെ പ്രായം ഏറുമ്പോഴും പി. ജയചന്ദ്രന്റെ ശബ്ദം കൂടുതൽ സ്ഫുടം ചെയ്യപ്പെട്ടു; കൂടുതൽ യുവത്വം കൈവരിച്ചു.

കാലത്തെയും ആരോഗ്യത്തെയും തോല്പിക്കുന്ന ശബ്ദസൗകുമാര്യം കൊണ്ട് മലയാളിയെ വിസ്മയിപ്പിച്ച പ്രിയപ്പെട്ട ജയേട്ടന് കണ്ണീർപ്രണാമം!

# റവ. ഫാ. റെജി പ്ലാത്തോട്ടം ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി

**ആന്റണി ഫ്രാൻസിസ്**

ചിക്കാഗോ: സീറോ മലബാർ സഭയുടെ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ പുതിയ സെക്രട്ടറിയായി റവ. ഡോ. റെജി പി. കുര്യൻ പ്ലാത്തോട്ടത്തിനെ നിയമിച്ചു. ചങ്ങനാശേരി അതിരൂപതാംഗമായ റവ. ഡോ. റെജി പ്ലാത്തോട്ടം



ചങ്ങനാശേരി സെന്റ് ബെർക്കുമാൻസ് കോളജിന്റെ പ്രിൻസിപ്പലായും സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അദ്ധ്യയന വർഷം നാലുവർഷത്തെ ഡിഗ്രി കോഴ്സ് തുടങ്ങുന്നതിന് റവ. ഫാ. റെജി പ്ലാത്തോട്ടം നേതൃത്വം നൽകി.

ഈ നിയമത്തോടുകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിലെ തന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ തലപ്പാവിൽ ഒരു പൊൻതൂവൽകൂടി ചാർത്തിയിരിക്കുന്നു. സീറോ മലബാർ സഭയുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സിനഡൽ കമ്മിറ്റിയുടെ കൺവീനർ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവാണ് പെർമനന്റ് സിനഡിന്റെ അംഗീകാരത്തോടെ ഈ നിയമനം നടത്തിയത്. റവ. ഫാ. റെജി പ്ലാത്തോട്ടത്തിന് അമേരിക്കൻ ഐക്യനാടുകളിലെ എസ്ബി അലുംമ്നികളുടെ സ്നേഹാദരവുകളും അഭിനന്ദനങ്ങളും ഇതോടൊപ്പം നേരുന്നു.

# ഓർമ ഇന്റർനാഷണലിന് നവ നേതൃത്വം

**ജോസ് തോമസ്**

ഫിലാഡൽഫിയ: രണ്ടായിരത്തിഒൻപതിൽ ഫിലാഡൽഫിയയിൽ തുടക്കം കുറിച്ച് ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പന്തലിച്ചിരിക്കുന്ന ഓർമ ഇന്റർനാഷണലിന്റെ 2025-2026-ലേക്കുള്ള പുതിയ ഭാരവാഹികൾ സ്ഥാനമേറ്റു.


സജി സെബാസ്റ്റ്യൻ


ക്രിസ്റ്റി ഏബ്രഹാം


റോഷിൻ പ്ലാമൂട്ടിൽ

വിദേശമലയാളികൾക്ക് സാംസ്കാരിക വേദികൾ ഒരുക്കിക്കൊണ്ടും അവരുടെ സാമൂഹിക പ്രശ്നങ്ങളിൽ ശക്തമായി ഇടപെട്ടുകൊണ്ടും കുടുംബമൂല്യങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് അവരെ ഒരു കുടക്കീഴിൽ അണിനിരത്തുകയാണ് ഓവർസീസ് റസിഡന്റ് മലയാളി അസോസിയേഷൻ അഥവാ ഓർമ ചെയ്യുന്നത്. ഓർമ അന്താരാഷ്ട്ര പ്രസംഗ മത്സരങ്ങളിലൂടെ ലോകമെമ്പാടുമുള്ള മലയാളികളുടെ മനസ്സിൽ കുടിയേറിയ ഒരു മലയാളി സംഘടനയാണ് ഓർമ ഇന്റർനാഷണൽ. പത്തു ലക്ഷം രൂപയുടെ സമ്മാനങ്ങളോടൊപ്പം പല ഘട്ടങ്ങളിലായി, പബ്ലിക് സ്പീക്കിങ് പരിശീലന പരമ്പര നല്കിക്കൊണ്ട് പ്രസംഗമത്സരം നടത്തുന്ന ആദ്യത്തെ സംഘടനയെന്ന ബഹുമതിയും ഓർമ്മയ്ക്കു മാത്രം അവകാശപ്പെടാവുന്നതാണ്.

സജി സെബാസ്റ്റ്യൻ-പ്രസിഡണ്ട്, ക്രിസ്റ്റി ഏബ്രഹാം-സെക്രട്ടറി, റോഷൻ പ്ലാമൂട്ടിൽ-ട്രഷറർ എന്നിവർ അടങ്ങുന്ന യുവനേതൃത്വം ഐകകണ്ഠ്യേനയാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഓർമ ഇന്റർനാഷണൽ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട സജി സെബാസ്റ്റ്യൻ ഓർമ ടാലന്റ് ഫോറം ഫിനാൻസ് ഓഫീസറായി പ്രവർത്തിച്ചുവരികയായിരുന്നു. ഫിലാഡൽഫിയ സെ. തോമസ് കാത്തലിക് ഫൊറോനാപള്ളി ട്രസ്റ്റിയായി രണ്ടാംതവണയും പ്രവർത്തിക്കുന്നു. ഒപ്പം ഇരുപതു വർഷമായി അമേരിക്കൻ മലയാളി പോസ്റ്റൽ എംപ്ലോയീസ് അസോസിയേഷൻ ജനറൽ കോ-ഓർഡിനേറ്ററായും സ്തുത്യർഹമായ നേതൃത്വം നല്കിവരുന്നു. ജനറൽ സെക്രട്ടറിയായി ചുമതല ഏറ്റെടുത്തിരിക്കുന്ന ക്രിസ്റ്റി ഏബ്രഹാം കഴിഞ്ഞ 35 വർഷമായി ഫിലാഡൽഫിയ സ്വദേശിനിയും മലയാള സാമൂഹിക സാംസ്കാരിക വേദികളിൽ ഒരു യുവ സാന്നിദ്ധ്യവുമാണ്. റോഷൻ പ്ലാമൂട്ടിൽ നാടക നടൻ, സംഘാടകൻ, വിവിധ സംഘടനകളിലെ ഭാരവാഹി എന്നീ നിലകളിൽ പ്രസിദ്ധനാണ്.


ജോസ് ആറ്റുപുറം-ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ, ജോസ് തോമസ്-ടാലന്റ് ഫോറം, അറ്റോർണി ജോസ് കുന്നേൽ-ലീഗൽ ഫോറം, വിൻസന്റ് ഇമ്മാനുവൽ-പബ്ലിക് ആൻഡ് പൊളിറ്റിക്കൽ അഫയേഴ്സ് ഫോറം, അരുൺ കോവാട്ട്-മീഡിയ ഫോറം എന്നിവർ ഫോറം ചെയർമാന്മാരായി തുടരും. ജോർജ് നടവയൽ, ഷാജി അഗസ്റ്റിൻ എന്നിവർ എക്സ്-ഒഫീഷ്യൽസായി തെരഞ്ഞെടുക്കപ്പെട്ടു. വിവിധ ഓർമ ചാപ്റ്ററുകളുടെയും റീജിയണുകളുടെയും നിലവിലുള്ള ഭാരവാഹികൾ തുടർന്നും നേതൃത്വം നല്കുന്നതാണ്.




## 2024–ലെ ന്യൂയോർക്ക് കർഷകശ്രീ – പുഷ്പശ്രീ അവാർഡുകൾ പ്രഖ്യാപിച്ചു

# ശ്രീകുമാർ ഉണ്ണിത്താൻ കർഷകശ്രീ; ലാലി കളപ്പുരയ്ക്കൽ പുഷ്പശ്രീ

**മാത്യുക്കുട്ടി ഈശോ**







ന്യൂയോർക്ക്: പരിമിത കാലാവസ്ഥയിൽ പച്ചക്കറി കൃഷി ചെയ്യുവാൻ തൽപ്പരരായവരെയും വീടുകളുടെ മുൻഭാഗം പൂന്തോട്ടങ്ങളാൽ മനോഹരമാക്കുവാൻ പരിശ്രമിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്ന മലയാളി കൂട്ടായ്മയാണ് 'അമേരിക്കൻ കർഷകശ്രീ ന്യൂയോർക്ക്'. ന്യൂയോർക്കിലെ ക്വീൻസ്-ലോങ്ങ് ഐലൻഡ് കേന്ദ്രീകൃതമായി 2009-ൽ സ്ഥാപിതമായ പ്രസ്തുത മലയാളി കൂട്ടായ്മ 2024-ലെ കർഷകശ്രീ-പുഷ്പശ്രീ ജേതാക്കളെ പ്രഖ്യാപിച്ചു. ഫൊക്കാനാ നാഷണൽ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനാണ് ഈ വർഷത്തെ കർഷകശ്രീ അവാർഡ് ജേതാവ്. ലോങ്ങ് ഐലൻഡ് മലയാളി സമൂഹത്തിൽ വിവിധ സംഘടനകളിലൂടെ സാമൂഹിക പ്രവർത്തനങ്ങളിൽ വ്യാപൃതയായ ലാലി കളപ്പുരയ്ക്കലിനാണ് പുഷ്പശ്രീ അവാർഡ് ലഭിച്ചത്.

മുൻ സ്പോർട്സ് താരവും അത്‌ലറ്റിക്സിൽ ഏഷ്യൻ ഗെയിംസ് ജേതാവുമായ ബെന്നി ജോണിനാണ് കർഷകശ്രീ അവാർഡ് രണ്ടാം സ്ഥാനം ലഭിച്ചത്. ലോങ്ങ് ഐലൻഡ് ഭാഗത്തെ സ്ഥിരതാമസക്കാരനും കൃഷിതല്പരനുമായ റോയി മാണി കർഷകശ്രീ മൂന്നാം സ്ഥാനം കരസ്ഥമാക്കി. ബാബിലോണിൽ താമസിക്കുന്ന കാതലിക് ഹെൽത്ത് കെയറിൽ നേഴ്സായ സുഷമാ സ്വർണ്ണകുമാർ പുഷ്പശ്രീ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ക്വീൻസ് ബെല്ലറോസിൽ താമസക്കാരിയായ ഷേർളി പ്രാലേൽ പുഷ്പശ്രീ മത്സരത്തിൽ മൂന്നാം സമ്മാനാർഹയായി.

'കർഷകശ്രീ'ക്കുള്ള ഒന്നാം സമ്മാനമായ എവർ റോളിങ് ട്രോഫി പ്രമുഖ വ്യവസായിയും എറിക് ഷൂസ്, ഹാനോവർ ബാങ്ക് എന്നിവയുടെ സാരഥിയുമായ വർക്കി എബ്രഹാമാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. 'പുഷ്പശ്രീ'യുടെ ഒന്നാം സമ്മാനമായി എവർ റോളിങ് ട്രോഫി ഡാളസിലുള്ള പ്രമുഖ വ്യവസായിയും യാക്കോബായ സഭാ കമാൻഡറുമായ വർഗ്ഗീസ് ചാമത്തിലാണ് സ്പോൺസർ ചെയ്തിരിക്കുന്നത്. അവാർഡ് ജേതാക്കൾക്ക് പ്രത്യേക സമ്മാനദാന ചടങ്ങിൽ വെച്ച് പിന്നീട് ട്രോഫികൾ സമ്മാനിക്കുന്നതാണ്.



# കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിനും ആർച്ച്ബിഷപ് മാർ തോമസ് തറയിലിനും അഭിനന്ദനം

തോമസ് ഡിക്രൂസ്

ചിക്കാഗോ: എസ്.ബി കോളജിന്റെ പൂർവ വിദ്യാർത്ഥികളായ കർദ്ദിനാൾ മാർ ജോർജ് കൂവക്കാട്ടിൽ പിതാവിനും ചങ്ങനാശേരി അതിരൂപതയുടെ ആർച്ച് ബിഷപ്പായി സ്ഥാനമേറ്റ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനും എസ്ബി ആൻഡ് അസംപ്ഷൻ കോളജ് അലൂംമ്നി അസോസിയേഷൻ ചിക്കാഗോ ചാപ്റ്റർ പൊതുയോഗം ഊഷ്മളമായ അഭിനന്ദനങ്ങൾ അർപ്പിച്ചു.



2024 ഡിസംബർ 28-ന് ശനിയാഴ്ച ഉച്ചയ്ക്ക് ഡെസ്പ്ലെയിൻസിലുള്ള കോർട്ട്‌ലാൻഡ് സ്ക്വയറിൽ വെച്ച് നടന്ന സമ്മേളനത്തിൽ ഡോ. മനോജ് നേര്യംപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. എസ്ബി കോളജിലെ കലാലയ വിദ്യാഭ്യാസകാലം മുതൽ അഭിവന്ദ്യ പിതാക്കന്മാർ തെളിയിച്ച മികവാർന്ന പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ് ഈ ഉന്നത പദവികൾ. അസോസിയേഷൻ മുൻ പ്രസിഡണ്ട് ഷിബു അഗസ്റ്റിൻ അവതരിപ്പിച്ച ആശംസാ പ്രമേയം സദസ്സ് കരഘോഷത്തോടെ സ്വീകരിച്ചു. കോളജ് പഠനകാലത്ത് കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിൽ സജീവമായി പ്രവർത്തിച്ചുകൊണ്ട് ഇരുവരും പുലർത്തിയിരുന്ന വിനയവും സാമർത്ഥ്യവും സഭാസ്നേഹവും ശ്രദ്ധേയമായിരുന്നതായി സമ്മേളനത്തിൽ പങ്കെടുത്ത ചിക്കാഗോയിലെ പൂർവവിദ്യാർത്ഥികൾ അനുസ്മരിച്ചു. പൂർവ്വവിദ്യാർത്ഥികളായ അഭിവന്ദ്യ കർദ്ദിനാൾ ഐസക് മാർ ക്ലിമീസ് ബാവയ്ക്കും കർദ്ദിനാൾ മാർ ആലഞ്ചേരി പിതാവിനുമൊപ്പം മാർ കൂവക്കാട്ടിനു കർദ്ദിനാൾ പദവി ലഭിക്കുക വഴി മൂന്ന് കർദ്ദിനാൾമാർക്ക് വൈജ്ഞാനിക ജന്മം നല്കി എസ്.ബി. കോളജ് മാതൃകാവിദ്യാലയമായിരിക്കുകയാണ്. ഇത് അപൂർവ്വവും എല്ലാ വിദ്യാർത്ഥികൾക്കും അഭിമാനകരവും ആഹ്ലാദകരവുമായ നിമിഷങ്ങളാണ് നല്കുന്നതെന്നും അസോസിയേഷന്റെ പ്രമേയത്തിൽ പറയുന്നു.







എക്സിക്യൂട്ടീവ് അംഗങ്ങളായ പ്രഫ. ജെയിംസ് ഓലിക്കര, കാർമൽ തോമസ്, ബോബൻ കളത്തിൽ, ജിജി മാടപ്പാട്, ഷാജി ചിറയിൽ, ബിജി കൊല്ലാപുരം, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, അമ്പിളി ജോർജ്, ഷാജി കൈലാത്ത്, ജോൺ നടയ്ക്കപ്പാടം, ജോസഫ് കാളാശേരി, മനീഷ് തോപ്പിൽ, സണ്ണി വള്ളിക്കളം എന്നിവർ സമ്മേളനത്തിനു നേതൃത്വം നല്കി. സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി പറഞ്ഞു.

# ലാൽ മെമ്മോറിയൽ കോഡ്സ് കമ്യൂണിറ്റി സെന്റർ ഉദ്ഘാടനം ചെയ്തു

കോട്ടയം: ആലപ്പുഴ അർത്തുങ്കൽ കോസ്റ്റൽ എജ്യൂക്കേഷൻ ആൻഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ തീരദേശത്തെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജസ്വലമായ ഇടം നല്കുവാൻ കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ നേതാവായിരുന്ന ലാൽ കോയിൽപ്പറമ്പിലിന്റെ സ്മരണാർത്ഥം നവീകരിച്ചു നിർമ്മിച്ച കോഡ്സ് കമ്യൂണിറ്റി സെന്ററിന്റെ ഉദ്ഘാടനം ചിക്കാഗോ റോട്ടറി ക്ലബ് ഡിസ്ട്രിക്ട് അസിസ്റ്റന്റ് ഗവർണർ ജോസഫ് വിരുത്തക്കുളങ്ങര നിർവഹിച്ചു.



അർച്ചന വിമൻസ് സെന്റർ മുഖേന റോട്ടറി ക്ലബ് ചിക്കാഗോയുടെയും സൗഹൃദരുടെയും സാമ്പത്തിക സഹകരണത്തിലാണ് നവീകരണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. തീരദേശത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കോസ്റ്റൽ എജ്യൂക്കേഷൻ ആൻഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് നവീകരിച്ച കമ്യൂണിറ്റി സെന്റർ പുതിയ മുഖം നല്കുമെന്നും അദ്ദേഹം പറഞ്ഞു.




കോഡ്സ് പ്രസിഡണ്ട് ജാക്സൺ പൊള്ളയിൽ അദ്ധ്യക്ഷത വഹിച്ചു. റോട്ടറി ക്ലബ് ചിക്കാഗോ ഐപിപി പ്രസിഡണ്ട് സിറിയക് ലൂക്കോസ്, ജോർജ് നെല്ലാമറ്റം, അർച്ചന വിമൻസ് സെന്റർ ഡയറക്ടർ മിസ് ത്രേസ്യാമ്മ മാത്യു, കൃപാസനം കോസ്റ്റൽ മിഷൻ മിഷൻ ഡയറക്ടർ ഫാ. വി.പി. ജോസഫ് വലിയവീട്ടിൽ, അർച്ചന വിമൻസ് സെന്റർ സീനിയർ പ്രോഗ്രാം ഓഫീസർ ഷൈനി ജോഷി, കോഡ്സ് സെക്രട്ടറി നവിൻജി നാദാമണി, കെ. ജി. ജഗദീശൻ, അർച്ചന വിമൻസ് സെന്റർ പ്രോജക്ട് മാനേജർ പോൾസൺ കൊട്ടാരത്തിൽ, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ ജില്ലാ പ്രസിഡണ്ട് രാജു ആശ്രയം, ജില്ലാ സെക്രട്ടറി ആന്റണി കുരിശിങ്കൽ എന്നിവർ സംസാരിച്ചു.

കേരളാ എക്സ്പ്രസ് സേവനത്തിന്റെ മുപ്പത്തിമൂന്നാം വർഷം 1992-2025






'നാം ഓരോരുത്തരും വളരുമ്പോൾ നമുക്ക് രണ്ട് കൈകളുണ്ടെന്ന് സ്വയം കണ്ടെത്തും. ഒന്ന് സ്വയം സഹായിക്കുന്നതിനും മറ്റൊന്ന് മറ്റുള്ളവരെ സഹായിക്കുന്നതിനും '

# ഫോമായ്ക്ക് പുത്തൻ ദിശാബോധവുമായി പ്രസിഡന്റ് ബേബി മണക്കുന്നേൽ



എത്ര വലിയ ഉത്തരവാദിത്വം ആയിക്കോട്ടെ. അത് സമയബന്ധിതമായും, കൃത്യമായും ചെയ്ത് തീർക്കുക എന്നതാണ് ഒരു സാമൂഹ്യ പ്രവർത്തകന്റെ ജോലി. അദ്ദേഹം ഒരു രാഷ്ട്രീയ പ്രവർത്തകൻ കൂടിയാകുമ്പോൾ കൂടുതൽ ജനകീയനായ ഒരു നേതാവായി സമൂഹത്തിൽ അറിയപ്പെടും. എക്കാലവും ഒരു സമൂഹം അംഗീകരിക്കുന്ന ഒരാളായി മാറുക എന്നതും ഒരു സാമൂഹ്യ പ്രവർത്തകന് വെല്ലുവിളിയാണ്. എന്നാൽ അത്തരം വെല്ലുവിളികളെ സധൈര്യം നേരിട്ട് അമേരിക്കൻ മലയാളി സാമൂഹ്യ പ്രവർത്തന രംഗത്ത് പകരക്കാരില്ലാത്ത സവിശേഷ വ്യക്തിത്വമായി വളർന്ന ഒരു വ്യക്തിത്വമുണ്ട് ഹൂസ്റ്റണിൽ. ബേബി മണക്കുന്നേൽ.

അമേരിക്കയിലെയും കാനഡയിലെയും 85-ൽപരം മലയാളി അസോസിയേഷനുകളുടെ കേന്ദ്രബിന്ദുവായ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കാസ് (FOMAA) ഫോമായുടെ 2024 – 2026 കാലയളവിലെ പ്രസിഡന്റ്.

## സൗമ്യ സാന്നിദ്ധ്യം

എന്നും സൗമ്യനായിരിക്കുക എന്നത് ഒരു മഹാഭാഗ്യമാണ്. എല്ലാവർക്കും ലഭിക്കാത്ത ഒരു അനുഗ്രഹം കൂടിയാണത്. എപ്പോഴും സൗമ്യനായിരിക്കുകയും ആ ഒരു ഗുണം കൊണ്ട് എല്ലാവരുടേയും സ്നേഹിതനാവുകയും ഏറ്റെടുക്കുന്ന പദവികളിലും, സംഘടനകളിലും പ്രധാനിയാവുകയും ചെയ്ത സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകൻ കൂടിയാണ് ബേബി മണക്കുന്നേൽ. കേരളത്തിന്റെ കാർഷിക മേഖലയുടെ വളക്കൂറുള്ള മണ്ണായ പിറവത്തു നിന്നും അമേരിക്കയിലേക്കുള്ള യാത്ര അദ്ദേഹത്തെ കൊണ്ടെത്തിച്ചത് നിരവധി സംഘടനകളുടെയും, സാംസ്കാരിക, സാമുദായിക പ്രസ്ഥാനങ്ങളുടെ അമരത്തേക്കാണ്. അവിടെയെല്ലാം തന്റേതായ ഒരു അടയാളപ്പെടുത്തൽ അദ്ദേഹം നടത്തി എന്നതാണ് ബേബി മണക്കുന്നേലിനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്ന പ്രധാന കാര്യം. ഫോമായുടെ പ്രസിഡന്റ് ആയ ശേഷവും തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വം അമേരിക്കൻ മലയാളികൾക്കും, കേരളത്തിലെ സാമൂഹ്യ സാംസ്കാരിക ജീവകാരുണ്യ രംഗത്തും സമഗ്രമായി പ്രകടിപ്പിക്കുവാൻ നിരവധി പദ്ധതികളാണ് അദ്ദേഹം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അതിന് തനിക്കൊപ്പം ഒരു ടീമിനെ സജ്ജമാക്കുകയും അവർക്കൊപ്പം സജീവമായി നിലകൊള്ളുകയും ചെയ്യുകയാണ് അദ്ദേഹം.

## പിറവത്തിന്റെ നാട്ടുനന്മയിലൂടെ ഒരാൾ

തൊട്ടതെല്ലാം പൊന്നാക്കിയവരുടെ പിന്നിട്ട വഴികളിലെ ഏറ്റവും വലിയ നന്മ, ജന്മനാട് അവരെ ഹൃദയം കൊണ്ട് സ്വീകരിക്കുന്നു എന്നതാണ്. എറണാകുളം ജില്ലയിലെ പിറവത്ത് ജനിച്ച് സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തലയോലപ്പറമ്പ് ഡി.ബി കോളജിൽനിന്ന് കൊമേഴ്സിൽ ഡിഗ്രിയും മാസ്റ്റർ ഡിഗ്രിയും എടുക്കുകയും തുടർന്ന് അദ്ധ്യാപകനായി ഒരു ദശാബ്ദത്തോളം പ്രവർത്തിക്കുകയും, അതിനൊപ്പം രാഷ്ട്രീയ പ്രവർത്തനവും സാമൂഹ്യ പ്രവർത്തനവും ഒപ്പം കൂട്ടുകയും ചെയ്തപ്പോഴും അദ്ദേഹത്തിനൊപ്പം പിറവം എന്ന നാട് ഒപ്പമുണ്ടായിരുന്നു. വ്യത്യസ്തമായ കർമ്മമണ്ഡലങ്ങളിലെ പ്രവർത്തനങ്ങളിലൂടെ കടന്നുപോയ വഴികൾ അദ്ദേഹത്തിലെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നേതാവിനെ രൂപപ്പെടുത്തുന്ന തരത്തിലായിരുന്നു. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് വൈസ് പ്രസിഡന്റ്, ഐ.എൻ.ടി.യു.സി പിറവം മേഖലാ പ്രസിഡന്റ് തുടങ്ങിയ നിലകളിൽ ശ്രദ്ധേയമായ പ്രവർത്തനം തുടങ്ങുമ്പോൾ നന്നേ ചെറുപ്പം. അക്കാലത്തു തന്നെ പഞ്ചായത്ത് മെമ്പർ, കോ- ഓപ്പറേറ്റീവ് ബാങ്ക് ഭരണ സമിതി അംഗം എന്നീ നിലകളിലെല്ലാം ജനപ്രിയമായ പ്രവർത്തനങ്ങളിൽ സജീവം. 1989-ൽ പിറവം താലൂക്ക് സ്ഥാപിക്കുന്നതിന് വേണ്ടി നിരാഹാര സമരത്തിന്റെ നേതൃത്വനിരയിൽ അണിനിരന്നപ്പോഴും നാടും നാട്ടാരും അവരുടെ നന്മയുമായിരുന്നു അദ്ദേഹത്തിന്റെ മനസിൽ.

## അമേരിക്കയിലേക്ക് മാറ്റിയെഴുതിയ സാമൂഹ്യ പ്രവർത്തനം

പിറവത്തിന്റെ രാഷ്ട്രീയക്കാരനായും, അതിലുപരി ജനമനസ്സിലെ പ്രിയപ്പെട്ട ബേബിയുമായും വളർന്ന ബേബി മണക്കുന്നേൽ 1991-ൽ അമേരിക്കയിലേക്ക് യാത്ര തിരിക്കുമ്പോൾ ഒരുപക്ഷേ, നാടും നാട്ടാരും തന്റെ പറിച്ചുനടലിനെ അത്ര ഇഷ്ടപ്പെട്ടിട്ടുണ്ടാവില്ല. കാരണം പിറവംകാരുടെ പ്രിയപ്പെട്ട ഒരാളായി അദ്ദേഹം മാറിക്കഴിഞ്ഞിരുന്നു. പക്ഷേ, ബേബി മണക്കുന്നേൽ തന്റെ രാഷ്ട്രീയവും, സാമൂഹ്യ സാംസ്കാരിക പ്രവർത്തനവും സാന്നിദ്ധ്യം കൊണ്ട് ഉപേക്ഷിക്കാൻ നിർബന്ധിതനായെങ്കിലും പിറവത്തിനൊപ്പം എത് സമയത്തും ഒരു ഫോൺ കോളിനപ്പുറം ഉണ്ടാകുമെന്ന് ഉറപ്പുനൽകി.

അമേരിക്കയിലെത്തിയപ്പോഴും സംഘടനാ പ്രവർത്തനവും സാമൂഹ്യ പ്രവർത്തനവും തുടരാൻ തീരുമാനിച്ചു. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിൽ മലയാളി സംഘടനാ പ്രവർത്തനം തുടങ്ങിയ അദ്ദേഹം 2005, 2010 കാലയളവിൽ സംഘടനയുടെ പ്രസിഡന്റായി. ഫോമായുടെ രൂപീകരണ സമയം മുതൽ ഒപ്പമുണ്ടായിരുന്ന അദ്ദേഹം 2008-ൽ ഹൂസ്റ്റൺ കൺവൻഷൻ ചെയർമാനായി. നാല് വർഷക്കാലം ഫോമാ സതേൺ റീജിയൺ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചു. ഫോമായുടെ ആദ്യ അന്തർദ്ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ നടത്തിയപ്പോൾ വിജയത്തിന്റെ കൈയ്യൊപ്പിലൊന്ന് ബേബി മണക്കുന്നേലിനായിരുന്നു. അദ്ദേഹത്തിന്റെ ഊർജ്ജസ്വലമായ സാന്നിദ്ധ്യം കൺവൻഷൻ വിജയത്തിന്റെ മാറ്റു കൂട്ടി.

## കെ.സി.സി.എൻ.എ കൺവൻഷൻ വിജയം. ചരിത്രം കുറിച്ച ഏട്

ഏതൊരു നേതാവിന്റേയും വിജയം സംഘാടന മികവും അംഗങ്ങളെ ഒപ്പം നിർത്തി നേതൃത്വത്തെ നയിക്കാനുള്ള കഴിവുമാണ്. മലയാളി സംഘടനാ പ്രവർത്തനങ്ങളും, ഫോമായുടെ പ്രവർത്തനങ്ങൾക്കൊപ്പം സമുദായ പ്രവർത്തനങ്ങളിൽ സജീവമായ ബേബി മണക്കുന്നേൽ 1997-1998ലും 2012-ലും ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പ്രസിഡന്റായി പ്രവർത്തിച്ചു. 1998, 1999, 2000 വർഷങ്ങളിൽ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്കയുടെ ജനറൽ സെക്രട്ടറിയായി പ്രശോഭിക്കുകയും 2017- 2018 കാലയളവിൽ കെ.സി.സി.എൻ.എയുടെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തു. അമേരിക്കയിൽ ഏറ്റവും കൂടുതൽ അംഗബലമുള്ള കെ.സി.സി.എൻ.എ കൺവൻഷൻ അറ്റ്ലാന്റയിൽ നടത്തുമ്പോൾ നാലായിരത്തിലധി

## വഴിത്താ

തയ്യാറാക്കിയത്: അ

കം അംഗങ്ങളാണ് കൺ
ബേബി മണക്കുന്നേൽ എ
ദാർഢ്യത്തിന്റെ ഉദാഹരണ
ന്റെ വിജയം. ചിലർ വരുേ
ഒരുക്കിവെക്കുന്ന നന്മ കൂട
ഷൻ.

### അടിമുടി കോൺഗ്രസുകാര

ഏതൊരു രാഷ്ട്രീയക്കാര
വ്യത്യസ്തനാക്കുന്നത് അ
രാഷ്ട്രീയ ആദർശങ്ങളിൽ
സമൂഹ നന്മയ്ക്ക് ഉതകും
എത്തിക്കുമ്പോഴുമാണ്. ബേ
ഷ്ട്രീയം കോൺഗ്രസ് രാഷ്
യിൽ തുടങ്ങി മഹാരഥൻമ
ളർന്ന രാഷ്ട്രീയത്തിന്റെ പിൻ
റവത്തിന്റെ രാഷ്ട്രീയക്കാര
മികയിലേക്ക് ചേക്കേറിയ
ഗ്രസ് പ്രവർത്തകരുടെ കൂ
2022 മുതൽ ഓവർസീസ്
അമേരിക്കൻ പ്രസിഡന്റായ
ടാതെ സൗത്ത് ഇന്ത്യൻ യു.
ഴ്സിന്റെ രണ്ട് ടേമുകളിൽ
ലും സജീവമായി. ഈ പ്ര
ന്തമായി ബിസിനസ് സംരം
സാധിച്ചു എന്നതും ജീവിത

### വിശ്രമ ജീവിതത്തിന് കരുത

അമേരിക്കൻ മലയാളിക
പ്രശ്നമാണ് ഔദ്യോഗിക ജ
സുരക്ഷിതമായ ഒരു ജീവി
കണക്കിലെടുത്ത് അമേരിക
കളുടെ ഇടയിൽ ആരംഭിച്ച
സംരംഭത്തിന് തുടക്കമിട്ടത്
യിരുന്നു. ഹൂസ്റ്റണിൽ ക്ന
രംഭത്തിന്റെ പ്രസിഡന്റ് സ
ട്ടത്തിലായിരുന്നു ഈ സം
ക്കമിട്ടത്. മിസോറി സിറ്റിയ
ത്വത്തിൽ നാല്പതോളം റി
മ്മിക്കുവാൻ സാധിച്ചത് അ
നും ആശയത്തിനും സമൂഹ
ണ്. മാറിയ കാലങ്ങളിൽ ത
ദയംകൊണ്ട് തണലാവുക
എന്ന് ഈ പ്രവർത്തനങ്ങള
ലമുറയെ പഠിപ്പിക്കുന്നു.

### അമ്മമാർക്കൊപ്പം

അമ്മയെ ഹൃദയത്തിലേ
എന്നൊരു ചൊല്ലുണ്ട്. സദാ
കയും പ്രവർത്തിക്കുകയും
ന്നേൽ ഓരോ അമ്മമാരിലു
ന്നു. ഒരു അമ്മയുടേയും
ചര്യത്തിലും ദുഃഖംകൊണ്ട്
ദ്ദേഹത്തിന് നിർബന്ധമുണ്ട്.
ത്തിന് വേണ്ട എന്നതാണ്
വത്തെ വിധവകളായ, സാ
രിടുന്ന അമ്മമാരെ സഹായ
ടൊപ്പം' എന്ന ബൃഹത് പദ്ധ
ത് രാജീവ് ഗാന്ധി കൾച്ചറ






കേരളാ എക്സ്പ്രസ് KERALA EXPRESS

വാരാന്ത്യം

ലേഖനം



സുധക്കുട്ടി



# കഥയില്ലായ്മകൾ



2025 കലോൽസവത്തിലെ കഥാമത്സരത്തിൽ എ ഗ്രേഡ് നേടിയ ആമി എന്ന പെൺകുട്ടിയുമായി ഏതോ ചാനലുകാർ അഭിമുഖം നടത്തുന്നത് കണ്ടു. 'വേഗത്തിലോടുന്ന ഘടികാരം' എന്നോ മറ്റോ ആയിരുന്നു കഥയ്ക്കുള്ള വിഷയമായി (?) അവൾ പറഞ്ഞത്.

മുൻപ് എപ്പോഴോ വിധികർത്താവായി കുട്ടികളുടെ കഥകൾ വായിച്ചതോർക്കുന്നു. എഴുത്തുകാരനായ പായിപ്ര രാധാകൃഷ്ണനും നളിനി ബേക്കലുമായിരുന്നു ഒപ്പം.

വിജയിച്ചതാരെന്നോ ഇപ്പോഴും അവർ കഥയെഴുതുന്നുണ്ടോ എന്നൊന്നും അറിയില്ല. അറിയാൻ ശ്രമിച്ചിട്ടുമില്ല. അങ്ങനെ ഒരാശയം ആദ്യമായി സർക്കാരിന് മുന്നിൽ വച്ചത്. എം.ടി വാസുദേവൻ നായർ എന്ന എഴുത്തുകാരനാണ്. 2005 ജനുവരിയിൽ.

കലോത്സവങ്ങളിൽ കഥയ്ക്കും കവിതയ്ക്കും മുന്നിലെത്തുന്നവർ പിന്നീടെന്തുകൊണ്ട് നിശബ്ദരായി പോകുന്നു എന്ന് അന്വേഷിക്കണമെന്ന് അന്നത്തെ സാംസ്കാരിക മന്ത്രിയോട് എം.ടി ആവശ്യപ്പെട്ടു. മറ്റേത് കലയും നിരന്തര പരിശീലനത്തിലൂടെ മെച്ചപ്പെടുത്താം. എഴുത്ത് അങ്ങനെയല്ലല്ലോ.

പറഞ്ഞത് എം.ടി ആയതിനാൽ വകുപ്പ് മന്ത്രി അത് ഗൗരവമായെടുത്തു.

ആ വകുപ്പിൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചുമതലയേറ്റ ദിവസം തന്നെ - 2005 ജനുവരി അഞ്ച്- പ്രസ്തുത ദൗത്യം എനിക്ക് ഏറ്റെടുക്കേണ്ടതായും വന്നു.

ജനുവരി ഒടുവിൽ മൂന്ന് ദിവസത്തെ എഴുത്ത് കൂട്ടായ്മ. മലപ്പുറത്താണ് വേദി. മുന്നൊരുക്കത്തിന് വെറും രണ്ടാഴ്ച.

ജില്ലാതലം തൊട്ടുള്ള സർഗധനരെ കണ്ടെത്തുക എളുപ്പമായിരുന്നില്ല.

ജി. കാർത്തികേയന്റെ കാലയളവിൽ നിയമിതരായ സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് അംഗങ്ങൾ പുതിയ മന്ത്രി എ.പി. അനിൽ കുമാറിനോട് ചേരിചേരാനയം പുലർത്തിയ കാലം. ഏകാംഗ പടയാളിയായി ഞാൻ, ഞാൻ മാത്രം.

അതത് കാലത്തെ രാഷ്ട്രീയക്കാർ വോട്ട് ബാങ്ക് ലക്ഷ്യമിട്ട് നിയമിച്ച കുറച്ച് ജീവനക്കാരല്ലാതെ തോളൊപ്പം നിന്ന് ഉത്തരവാദിത്തമേൽക്കാൻ ആരുമില്ല.

ജീവിതത്തിൽ പലരും പലവട്ടം തോല്പിച്ചിട്ടുണ്ടെങ്കിലും ഔദ്യോഗിക ചരിത്രത്തിൽ തോറ്റ ചരിത്രം നമുക്കില്ല.

വകുപ്പ് മന്ത്രി അധ്യക്ഷൻ. കൈതപ്രം ദാമോദരൻ നമ്പൂതിരി ഉപാധ്യക്ഷൻ. പക്ഷേ, സഹകരണം കമ്മിയാണ്. മലപ്പുറത്ത് സ്റ്റേജിലെത്തിക്കോളാമെന്നാണ് ഉദാരവാഗ്ദാനം.

സംഗീത നാടക അക്കാദമിയാണ് ഇഷ്ടൻ ലക്ഷ്യം വച്ചത്. നടന്നില്ല. അതിന്റെ ചൊരുക്ക് മന്ത്രിയോട് വേണ്ടത്രയുണ്ട് താനും.

സ്കൂളുകളുമായി ബന്ധപ്പെട്ട് മത്സരാർത്ഥികളുടെ പേരുവിവരം ശേഖരിച്ചു. മിക്കവർക്കും വീടുകളിൽ ഫോണില്ല. ഒരു കാര്യം ഉറപ്പായി ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് പലരും.

കഷ്ടപ്പാടും മോഹഭംഗങ്ങളും തന്നെ എഴുത്തിന് വളം.

വീട്ടുജോലികൾക്ക് പോകുന്ന അമ്മമാർക്കും, പാറമടത്തൊഴിലാളികൾക്കും എന്ത് മൊബൈൽ ഫോൺ?

കഥ എഴുതിയിട്ടെന്ത് കിട്ടാൻ എന്ന് ചിലർ നിഷ്കളങ്കമായി ചോദിച്ചു.

പി. ആർ. ഡി. നെറ്റ് വർക്കുപയോഗിച്ചാണ് പലരെയും കണ്ടെത്തിയത്.

എം.ടി, സുകുമാർ അഴീക്കോട്, എം. മുകുന്ദൻ, വി. മധുസൂദനൻ നായർ, കൈതപ്രം എന്നീ പേരുകൾ പറഞ്ഞ് പരമാവധി വിദ്യാർത്ഥികളെ പ്രലോഭിപ്പിച്ചു. മലപ്പുറത്തെ നാട്ടുകൂട്ടവും അധ്യാപകരും പ്രാദേശിക രാഷ്ട്രീയ നേതൃത്വവും സംഘാടനത്തിന് മുൻകൈയ്യെടുത്തു. ഒരു നാടിന്റെ ഇച്ഛാശക്തിയുടെ വിജയമായിരുന്നു ആ മൂന്ന് ദിവസങ്ങൾ.

മലപ്പുറത്തെ ആയുർവേദ ചികിത്സാലയത്തിൽ വച്ചാണ് എം.ടി കുഞ്ഞുങ്ങളെ കണ്ടത്. അവരുടെ ഓരോ ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. കുട്ട്യേടത്തിയെ, ഭ്രാന്തൻ വേലായുധനെ പറ്റിയൊക്കെ ചോദിക്കുന്ന ഇളം തലമുറയെ കണ്ട് എം.ടി അമ്പരന്നു.

"അവര് അതൊക്കെ വായിച്ചിരിക്കണ്" അദ്ദേഹം സംഘാടകരായ ഞങ്ങളോട് പറഞ്ഞു. ഇവരെഴുതുന്നതെന്ത് ചെയ്യും? എം.ടി ചോദിച്ചു.

"പുസ്തകമാക്കാൻ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനോട് ആവശ്യപ്പെടാം" എന്ന് ഞാൻ ഉറപ്പ് നൽകി. അത് പാലിക്കുകയും ചെയ്തു.

കഥയിലും കവിതയിലും പ്രതിഭ തെളിയിച്ച കുരുന്നുകൾ പിന്നീട് ഒന്നും എഴുതി തെളിയാത്തതെന്തേ, എത്രയെന്നില്ലാത്ത ദുരിതാനുഭവങ്ങളിൽ പ്രതിഭയുടെ തളിരിലകൾ വാടിക്കരിഞ്ഞതാവുമോ, അതോ ജീവിതം അവരെ കഥയില്ലാത്തവരായി മാറ്റിയതോ?

---

സിനിമ കഥ

# മമ്മൂട്ടിയുടെ 'ഡൊമിനിക് ആൻഡ് ദ ലേഡീസ് പേഴ്സ്'

മമ്മൂട്ടിയെ നായകനാക്കി ഗൗതം വാസുദേവ് മേനോൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ഡൊമിനിക് ആൻഡ് ദ ലേഡീസ് പേഴ്സ്'. ഡൊമിനിക് ഡിറ്റക്റ്റീവ്സ് എന്ന പേരിൽ കൊച്ചി നഗരത്തിൽ ഒരു ഡിറ്റക്റ്റീവ് ഏജൻസി നടത്തുന്ന ആളാണ് മമ്മൂട്ടി അവതരിപ്പിക്കുന്ന ടൈറ്റിൽ കഥാപാത്രം. ഡൊമിനിക്കിന്റെ അസിസ്റ്റന്റായി ഗോകുൽ സുരേഷും ചിത്രത്തിൽ എത്തുന്നു.

ഗൗതം വാസുദേവ് മേനോന്റെ മലയാളം സംവിധാന അരങ്ങേറ്റമാണ് ഈ ചിത്രം. മമ്മൂട്ടി കമ്പനിയാണ് ചിത്രത്തിന്റെ നിർമ്മാണം. ഈ ബാനർ നിർമ്മിക്കുന്ന ആറാമത്തെ ചിത്രമാണ് ഇത്. ഷെർലക് ടോംസുമായി സമാനതകളുള്ള എന്നാൽ രസകരമായ ഒരു കഥാപാത്രത്തെയാണ് മമ്മൂട്ടി അവതരിപ്പിക്കുന്നതെന്ന് ചിത്രത്തിന്റെ തിരക്കഥാകൃത്തുക്കളിൽ ഒരാളായ നീരജ് നേരത്തെ ഒരു അഭിമുഖത്തിൽ പറഞ്ഞിരുന്നു.

സുഷ്മിത ഭട്ട്, വിജി വെങ്കിടേഷ്, വിനീത്, വിജയ് ബാബു തുടങ്ങിയവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ജോർജ് സെബാസ്റ്റ്യനാണ് എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ. കഥ ഡോ. നീരജ് രാജൻ, തിരക്കഥ, സംഭാഷണം ഡോ. നീരജ് രാജൻ, ഡോ. സൂരജ് രാജൻ, ഗൗതം വാസുദേവ് മേനോൻ, ഛായാഗ്രഹണം വിഷ്ണു ആർ ദേവ്, എഡിറ്റിംഗ് ആന്റണി, സംഗീതം ദർബുക ശിവ, പ്രൊഡക്ഷൻ ഡിസൈനർ ഷാജി നടുവിൽ, സ്റ്റണ്ട്സ് സുപ്രീ സുന്ദർ, കലൈ കിങ്സൺ, ആക്ഷൻ സന്തോഷ്, നൃത്തസംവിധാനം ബൃന്ദ മാസ്റ്റർ, കോ ഡയറക്ടർ പ്രീതി ശ്രീവിജയൻ, ലൈൻ പ്രൊഡ്യൂസർ സുനിൽ സിംഗ്, പ്രൊഡക്ഷൻ കൺട്രോളർ അരോമ മോഹൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ ആരിഷ് അസ്‌ലം, ഫൈനൽ മിക്സ് തപസ് നായക്, കലാസംവിധാനം അരുൺ ജോസ്.



മമ്മൂട്ടിയും ഗോകുൽ സുരേഷും

KERALA EXPRESS പ്രവാസി താളുകൾ

വാരാന്ത്യം

നർമ്മം മർമ്മം

# ഡസ്റ്റ് ഓഫ് ദ റോഡ്





രാജീവ് പണിക്കർ

ഡസ്റ്റ് ഓഫ് ദ റോഡ് മൈ ഡിയർർർർ... ഡസ്റ്റ് ഓഫ് ദ റോഡ്.....

കോളേജിലെ ഞാനടങ്ങുന്ന പ്രീഡിഗ്രി സെക്കൻഡ് ഗ്രൂപ്പ് പിള്ളേരെ അധ്യയന വർഷത്തിലെ ആദ്യ ദിവസം മുതൽ കെന്നത് സോയർ ഗുഡ്മാന്റെ ഏകാംഗനാടകമായ ഡസ്റ്റ് ഓഫ് ദ് റോഡിലെ ഇതേ ഡയലോഗ് തന്നെയായിരുന്നു ബേബി സാർ പഠിപ്പിച്ചു കൊണ്ടിരുന്നത്...

ഗ്യാരണ്ടി ക്ലാസ് ആയിരുന്നു ബേബിസാറിന്റെ. ആദ്യ ദിനങ്ങളിൽ യൂദാസും പീറ്ററും കർത്താവും മുപ്പതു വെള്ളിക്കാശും എല്ലാം അതിമനോഹരമായി അദ്ദേഹം ഞങ്ങളുടെ മുന്നിൽ അനാവരണം ചെയ്തു.

രണ്ടാം ദിവസം മുപ്പതു വെള്ളിക്കാശും മൂന്നാം ദിവസം കർത്താവും നാലാം ദിവസം പീറ്ററും അഞ്ചാം ദിവസം യൂദാസും കൈയീന്നു പോയി.. പറന്നുപോയ കിളികൾ മാത്രമായി...

പച്ചമലയാളത്തിൽ പറഞ്ഞാൽ കൊടുംകട്ടയായിരുന്നു ബേബി സാർ. ജയനും ഭീമൻ രഘുവും ഒക്കെ മാറി നിക്കും. ചുരുണ്ടു വളഞ്ഞ രോമങ്ങളാൽ സമൃദ്ധമായ ശരീരം ആയിരുന്നെങ്കിലും മുഖം പുത്തൻ കലം പോലെ വടിച്ചു മിനുക്കി വെച്ചിരുന്നു. മുടിയാകട്ടെ ആയ കാലത്തെ പരിഷ്കാരമായിരുന്ന കുരുവിക്കൂടും! ഡസ്റ്റ് ഓഫ് ദ റോഡ് എന്ന് ഉറച്ചു പറയുമ്പോൾ സാർ, ജയന്റെ ഫെയ്മസ് ആക്ഷനായ വലത്തേ കൈയുടെ റിസ്റ്റ് ഇടത്തെ കൈകൊണ്ട് തിരിച്ച ശേഷം വലത്തേ കൈയിലെ മസിലുകൾ എല്ലാം വരും കാൺകെ ഉരുട്ടി ഡസ്കിൽ മുഷ്ടി ചുരുട്ടി പ്രസ് ചെയ്യുകയും ചെയ്തിരുന്നു. അതേ സമയത്ത് വായിൽ ഒരു കടലമിഠായി ഇട്ടുകൊടുത്താൽ നിമിഷനേരം കൊണ്ട് അത് പൊടിഞ്ഞു ഡസ്റ്റ് ആയി മാറും.

അങ്ങനെയുള്ള ബേബി സാറിന്റെ ഒരു ക്ലാസിൽ ഞാൻ ഇരിക്കുകയാണ്.

പത്തിരുപതു പ്രാവശ്യം ഡസ്റ്റ് ഓഫ് ദ് റോഡ് കേട്ടു കഴിഞ്ഞപ്പോൾ ഞാൻ പതിയെ കൈമുട്ടുകൾ ഡസ്കിൽ കുത്തി കൈകൊണ്ട് താടി സീറ്റിംഗ് ആക്കി സാറിനെത്തന്നെ നോക്കി പതിയെ പതിയെ ഉറക്കത്തിലേക്കു വീണു... ഷോർട്ട്സൈറ്റ് നിമിത്തം സംഘടിപ്പിച്ച കണ്ണടയിൽ ഡേ ആൻഡ് നൈറ്റ് ഗ്ലാസ് കൂടി ഘടിപ്പിച്ചതോടെ ഞാൻ ഇരുന്ന് ഉറങ്ങുകയാണെന്ന് എനിക്കു പോലും അറിയാത്ത അവസ്ഥയായി...

ഠപ്പ്!

പിന്നെയൊരു ഭയാനകമായ അലർച്ച കേട്ടാണ് എനിക്ക് ബോധം വീണത്..

'ഇഡിയറ്റ്! ഇൻ ദ ക്ലാസ് ഓഫ് മൈ യൂദാസ് ആൻഡ് പീറ്റർ, യു വിൽ നോട്ട് സീ എനി മിനിറ്റ് ഓഫ് ദ ടുഡേ.. ' എന്നോ മറ്റോ ആയിരുന്നു അലർച്ച. അതോടൊപ്പം സാറിന്റെ ഉരുക്കുമുഷ്ടികൾ കൊണ്ട് ഡസ്കിൽ ആഞ്ഞിടിച്ച ശബ്ദമായിരുന്നു ആദ്യം കേട്ടത്..

ഇംഗ്ലീഷിൽ അക്കാലത്ത് വലിയ വ്യുല്പത്തി ഇല്ലെങ്കിൽ കൂടിയും ക്ലാസിൽ ഇരുന്ന് ഉറങ്ങിയതിന് ബേബി സാർ ഇറക്കി വിട്ടതാണെന്ന് എനിക്ക് മനസ്സിലായി..

ഞാൻ പതിയെ എണീറ്റ് ബാഗ് കൈയിലെടുത്തു. ഇറങ്ങിപ്പോകാൻ തയ്യാറെടുത്ത് സാറിനെ നോക്കി പറഞ്ഞു..

'സോറി സാർ...'

ഇതേ സമയം രണ്ടു ബെഞ്ച് മുൻപിൽ ഇരുന്നുറങ്ങുകയായിരുന്ന ജോയലിന്റെ തൊട്ടുമുന്നിൽ അവനെ ഇറക്കി വിടാൻ വൃഥാ ശ്രമിച്ചുകൊണ്ടിരുന്ന സാർ ഒന്നു ഞെട്ടി... ചെറിയൊരു അമ്പരപ്പോടെ എന്നെ നോക്കി...

പിന്നെ മനസ്സിൽ നാടോടിക്കാറ്റിലെ നമ്പ്യാർ സാറിനെപ്പോലെ ഇങ്ങനെ എന്തെങ്കിലും ചോദിച്ചു കാണണം..

'നിന്നോട് ഞാൻ ചായ ചോദിച്ചോടാ കുഞ്ഞിരാമാ...'

ജോയലാകട്ടെ ബാംഗ്ലൂർക്ക് പോകുന്ന ഐരാവത് എയർബസ്സുമ്മെ ഒട്ടിച്ച സ്റ്റിക്കറിലെ കൊച്ചിനെപ്പോലെ ഇതൊന്നുമറിയാതെ ഈത്താമ്പലുമൊലിപ്പിച്ച് ഉറക്കം തുടരുകയായിരുന്നു.

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

ലേഖനം

# സ്വയം വഞ്ചിച്ചുകൊണ്ട് സംസാരിക്കരുത്



എസ്. ശാരദക്കുട്ടി

പെണ്ണിന്റെ തലമുടി ലൈംഗികോത്തേജനം ഉണ്ടാക്കുന്നതിനാൽ സ്ത്രീകൾ ഭർത്താവല്ലാത്ത അന്യപുരുഷന്മാർക്കു മുന്നിൽ തലമുടി പ്രദർശിപ്പിക്കരുതെന്നും, വിധവകൾ തല മുണ്ഡനം ചെയ്യണമെന്നും വിധിച്ച സമുദായങ്ങൾ ഇവിടെയുണ്ട്.

മുടികൊണ്ട് നഗ്നമായ മാറിടം മറച്ചുനടന്ന അക്കമഹാദേവി പറഞ്ഞത് എന്റെ മാറിടത്തിൽ കാമദേവന്റെ അടയാളമുണ്ട്, അത് നിങ്ങളെ വിറളി പിടിപ്പിക്കുമെന്നാണ്. പക്ഷേ, സമൃദ്ധമായ മുടിയിലാകാം ചിലർ കാമമുദ്ര കാണുക. കാമനു കേളി വളർക്കാനും കോമനു കേറി ഒളിക്കാനും ഇടമുണ്ടവിടെ.

കണ്ണുകൾ ലൈംഗികോത്തേജനമുണ്ടാക്കുമെന്നും അതുകൊണ്ട് വലിയ പൊട്ടു തൊടണമെന്നും കണ്ണുകളുടെ ആകർഷണീയതയിൽ നിന്ന്



പുരുഷനോട്ടത്തിന്റെ ശ്രദ്ധ പൊട്ടിലേക്ക് തിരിച്ചു വിടണമെന്നും പണ്ടൊരാൾ പ്രസംഗിക്കുന്നതു കേട്ടിട്ടുണ്ട്. കണ്ണ് ക്ഷണിക്കുമ്പോൾ പൊട്ട് തടയണമത്രേ. പൂമുഖവാതിൽ തുറന്നിട്ടിട്ട് തുളസിത്തറ കൊണ്ട് തടസ്സമുണ്ടാക്കുന്നത് പോലെയാണ്, ക്ഷണിക്കുന്ന കണ്ണിനെ പൊട്ട് തടയുന്നത് എന്നാണ് പ്രാസംഗികൻ ഉദാഹരിച്ചത്.

കണ്ണിനേക്കാൾ വശ്യത പൊട്ടിനും നെറ്റിക്കും മറുകിനും നുണക്കുഴിക്കും വരെ ഉണ്ടാകാം. അതൊക്കെ അറിയുന്നവരാണ് നമ്മളെല്ലാം.

മാറിടവും നിതംബവും മാത്രമല്ല, നഖം, വയർ, കഴുത്ത്, തോൾ , കണങ്കാൽ, പാദം തുടങ്ങി ഏതവയവവും എപ്പോൾ വേണമെങ്കിലും ലൈംഗികോത്തേജന വസ്തുവാകാം. അത് ആണിന് മാത്രമല്ല പെണ്ണിനുമറിയാം.

ചിലർ സമൃദ്ധമായ മുടി കൊണ്ട് ചെയ്യുന്നതേ മറ്റു ചിലർ സമൃദ്ധമായ നിതംബം കൊണ്ട് ചെയ്യുന്നുള്ളു.

സ്വന്തം സൗന്ദര്യത്തിൽ വിശ്വസിക്കാനും അതിനെ പൊലിപ്പിക്കാനും അതിലാനന്ദിക്കാനും അതു പ്രദർശിപ്പിക്കാനും അഭിനന്ദനം ഏറ്റുവാങ്ങാനും എനിക്കുള്ള അതേ അവകാശം എല്ലാവർക്കുമുണ്ട്. അല്ലാതെ എന്റേതു വരെ ഓക്കെ, അതിനപ്പുറം കച്ചവടം എന്ന ന്യായം ശരിയല്ല. പ്രതികരിക്കുന്ന പെണ്ണുങ്ങളെ ചട്ടം പഠിപ്പിക്കാൻ ചെല്ലരുത്.

സ്വയം വഞ്ചിച്ചു കൊണ്ട് സംസാരിക്കരുത് ആരും.

# COMPROMISES AND CONSEQUENCES

We live in a compromised world. Consequences of those who compromised we see in the Bible. Compromise is often seen as finding a middle ground or negotiating a solution.

Have you ever wondered how compromise is portrayed in the Bible?

What valuable life lessons can we learn from these stories? 10 examples of compromise and consequences of the compromise in the Bible are –

***Adam** compromised God's law, followed his wife's sin, and lost paradise (Gen. 3:6, 22, 23, 24).

• **Abraham** compromised the truth, lied about Sarah's relationship to him, and nearly lost his wife (Ge 12:10, 11, 12).

• **Sarah** compromised God's Word and sent Abraham to Hagar, who bore Ishmael and destroyed peace in the Middle East (Ge 16:1-12).

• **Moses** compromised God's command and lost the privilege of entering the Promised Land (Nu 20:7, 8, 9, 10, 11, 12).

• **Samson** compromised his devotion as a Nazirite and lost his strength, his eyesight, and his life (Jdg. 16:4-6, 16-31).

• **Saul** compromised God's divine word by not slaying the animals of his enemy and lost his kingdom (1Sa 15:3, 20-28).

• **David** compromised God's standard, committed adultery with Bathsheba, murdered Uriah, and lost his infant son (2Sa 11:1-4ff, 2Sa 12:7-14)

• **Solomon** compromised his convictions, married foreign wives, and lost the United Kingdom (1Ki 11:1-8).

• **Judas** compromised his supposed devotion for Christ for thirty pieces of silver and was separated from Christ eternally (Mt 26:20-25, 47, 48, 49; 27:1-5; cf. Jn 17:12).

• **Ananias and Sapphira** compromised their word about their giving, lied to the Holy Spirit, and lost their lives (Acts 5:1-11).

(taken from Biblical Wonders).

**In the Bible, compromise can have many consequences, including:**

* **Withering faith:** Compromise can undermine the faith of the person who compromises.

* **Spiritual life:** Compromise can lead to a withering of the spiritual life, where a person becomes more tolerant of things that should be offensive.

* **Loss of God's blessings:** Compromise can lead to the loss of God's blessings.

* **Assisting the enemy:** Compromise can assist the enemy.

* **Dragging others down:** Compromise can drag many others down.

* **Heart turned away from God:** Compromise can turn the heart away from God.

* **True love for God becomes secondary:** Compromise can make true love for God secondary.



Shirley Chacko

The Bible makes it clear that God does not condone compromising His commands. For example, Deuteronomy 5:32 says, "Be careful to do what the LORD your God has commanded you; do not turn aside to the right or to the left".

***    ***    ***

In Daniel chapter 1, we see a young man who was going through difficult tribulations:

* Daniel's home of Jerusalem had been overthrown, and he'd been carried off into a foreign and godless land as a slave of Babylon's King Nebuchadnezzar.

Shirley Chacko

* Daniel endured a "reeducation program" of sorts, meant to brainwash Daniel and the other young men to assimilate them into the Babylonian culture and prepare them to serve the king. He was taught astrology and magic, as well as Babylon's Chaldean language.

* He was given a new name. No longer would he be called Daniel (God is my judge), but now he would be called Belteshazzar (Bel protect my life), a pagan name.

* Daniel was expected to eat the king's meals, which were certainly lavish. This was an indulgence that many would have happily accepted.

New home, new education, new language, new name, new food. … All of these things were an attempt by the Babylonians and King Nebuchadnezzar to indoctrinate the young Israelites, including Daniel, into their culture. And I'm sure that many of them were more than happy to enjoy that kind of life.

Daniel could have gone along with all this by compromising his convictions as well. He could have said, "Everyone else is doing it," or "I better obey the king!"

When we read the first chapter of the book of Daniel and verse 8 –

**But Daniel purposed in his heart that he would not defile himself with the portion of the king's delicacies, nor with the wine which he drank; therefore, he requested of the chief of the eunuchs that he might not defile himself.** [9] Now God had brought Daniel into the favor and goodwill of the chief of the eunuchs. [10] And the chief of the eunuchs said to Daniel, "I fear my lord the king, who has appointed your food and drink. For why should he see your faces looking worse than the young men who are your age? Then you would endanger my head before the king."

[11] So Daniel said to the steward whom the chief of the eunuchs had set over Daniel, Hananiah, Mishael, and Azariah, [12] **"Please test your servants for ten days, and let them give us vegetables to eat and water to drink.** [13] Then let our appearance be examined before you, and the appearance of the young men who eat the portion of the king's delicacies; and as you see fit, so deal with your servants." [14] So he consented with them in this matter, and tested them ten days.

[15] And at the end of ten days their features appeared better and fatter in flesh than all the young men who ate the portion of the king's delicacies. [16] Thus the steward took away their portion of delicacies and the wine that they were to drink, and gave them vegetables.

[17] As for these four young men, God gave them knowledge and skill in all literature and wisdom; and Daniel had understanding in all visions and dreams.

[18] Now at the end of the days, when the king had said that they should be brought in, the chief of the eunuchs brought them in before Nebuchadnezzar. [19] Then the king interviewed them, and among them all none was found like Daniel, Hananiah, Mishael, and Azariah; therefore, they served before the king. [20] And in all matters of wisdom and understanding about which the king examined them, he found them ten times better than all the magicians and astrologers who were in all his realm.

**Daniel is a biblical figure who is known for living an uncompromising life and remaining true to his beliefs. Daniel decided NOT to defile himself.**

***Some characteristics of an uncompromised life taken from Pastor Sam Thomas Kallada's sermon outline.***

1. Daniel had an unashamed boldness

2. Daniel had an uncommon-standard -

3. Daniel had an unearthly protection- (his integrity and God's control)

4. Daniel had an unhindered persistence -

5. Daniel had an unblemished faith -

6. Daniel had an unusual test - Chapter 1:12

7. Daniel had unmeasured blessings - 1:17 (understanding in all visions and dreams).

**I pray that each one of us will remain true to our calling and not compromise something with people, so that we lose everything with God.**

# ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റണ് നവനേതൃത്വം

ജീമോൻ റാന്നി

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ ഇരുപത് ഇടവകകളുടെ സംയുക്ത വേദിയായ ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റണിന് (ഐസിഇസിഎച്ച്)-ൽ ശക്തമായ നേതൃത്വം



നല്കുന്നതിന് പുതിയ നേതൃനിരയെ തെരഞ്ഞെടുത്തു.

ഡിസംബർ 30-ന് സെന്റ് പോൾസ് ആൻഡ് സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ നടന്ന വാർഷിക പൊതുയോഗത്തിൽ വെച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്. പുതിയ ഭാരവാഹികൾ: പ്രസിഡണ്ട്-റവ.ഫാ.ഡോ. ഐസക് ബി. പ്രകാശ് (വികാരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ചർച്ച് ഹൂസ്റ്റൺ), വൈസ് പ്രസിഡണ്ട്-റവ.ഫാ. രാജേഷ് കെ. ജോൺ (വികാരി സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ഹൂസ്റ്റൺ), സെക്രട്ടറി-ഷാജൻ ജോർജ് (ട്രിനിറ്റി മാർത്തോമ്മാ ഇടവക) ട്രഷറർ-രാജൻ അങ്ങാടിയിൽ (സെന്റ് പീറ്റേഴ്സ് മലങ്കര കാത്തലിക് ചർച്ച്), പ്രോഗ്രാം കോ-ഓർഡിനേറ്റർ-ഫാൻസിമോൾ പള്ളാത്തുമഠം, പബ്ലിക് റിലേഷൻസ് ഓഫീസർ-ജോൺസൻ ഉമ്മൻ, വോളണ്ടിയർ ക്യാപ്റ്റൻ-നൈനാൻ വീട്ടിനാൽ, മിൽറ്റ മാത്യു, ഓഡിറ്റർ ജിനോ ജേക്കബ് എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ടവർ.

സ്പോർട്സ് കോ-ഓർഡിനേറ്റർമാർ: റെജി കോട്ടയം, ബിജു ചക്കാലക്കൽ, ഐസിഇസിഎച്ച് ക്വയർ കോ-ഓർഡിനേറ്റർ ഡോ. അന്ന കെ. ഫിലിപ്പ്, സ്പോർട്സ് കമ്മിറ്റി അംഗങ്ങളായി ജോജി ജോസഫ്, നൈനാൻ വീട്ടിനാൽ, സാബു മത്തായി, നവീൻ ജയൻ, ജോൺസൻ ഉമ്മൻ, മിൽറ്റ മാത്യു, രെഞ്ജു രാജ്, വിനോദ് ചെറിയാൻ, അനിത് ഫിലിപ്പ്, മെവിൻ മാത്യു, സുബിൻ ജോൺ, ജോൺ വർഗീസ്, ഷൈജു മാത്യു എന്നിവരെയും തെരഞ്ഞെടുത്തു.

യോഗത്തിൽ സിമി തോമസ് സ്വാഗതവും സെക്രട്ടറി റെജി ജോർജ് വാർഷിക റിപ്പോർട്ടും, രാജൻ അങ്ങാടിയിൽ നന്ദിയും പ്രകാശിപ്പിച്ചു.ഠഠ

# വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രൊവിൻസ് ക്രിസ്മസ് – ന്യൂഇയർ ആഘോഷം വർണാഭമായി

രാജു മൈലപ്ര

ഫ്ളോറിഡ: വേൾഡ് മലയാളി കൗൺസിൽ ഫ്ളോറിഡ പ്രൈം പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിസ്മസ്-ന്യൂഇയർ പ്രോഗ്രാം വൈവിധ്യമാർന്ന പരിപാടികൾ കൊണ്ട് വർണാഭമായി.



വിന്റർ വണ്ടർലാൻഡ് ഗാലാ എന്ന ടാഗ് ലൈനിൽ നടത്തപ്പെട്ട ഈ ആഘോഷപരിപാടികൾ ഡിസംബർ 28-ന് ക്രിസ്മസ് രാവുകളെ അനുസ്മരിപ്പിക്കുംവിധം അതിമനോഹരമായി അലങ്കരിച്ച ടാമ്പാ സെന്റ് ജോസഫ് സീറോമലബാർ കത്തോലിക്കാ ചർച്ച് ഓഡിറ്റോറിയത്തിലാണ് അരങ്ങേറിയത്.

ടാമ്പാ മലയാളികളുടെ നിറസാന്നിദ്ധ്യത്തിൽ മികവുറ്റ കലാപ്രതിഭകൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വീണ തന്ത്രികളാൽ (ഹാർപ്) മിസ് ഷെറിൻ ഉതിർത്ത സംഗീതവീചികൾ അലയടിച്ച സാന്ദ്രമായ അന്തരീക്ഷത്തിൽ പരിപാടികൾക്ക് തുടക്കമായി.

പ്രൊവിൻസ് പ്രസിഡണ്ട് ബ്ലെസ്സൻ മണ്ണിലിന്റെ സ്വാഗതപ്രസംഗത്തിനു ശേഷം മിക്കയില ജോസഫ് അമേരിക്കൻ ദേശീയഗാനവും സ്മിത ദീപക് ഇന്ത്യൻ ദേശീയഗാനവും ആലപിച്ചു. വിശിഷ്ടാതിഥിയായി സന്നിഹിതയായിരുന്ന ഹിൽസ്ബ്രോ കൗണ്ടി കോർട്ട് ജഡ്ജ് മോണീസ് സ്കോട്ടിനെ ചെയർമാൻ ഡോ. ആംബ്രോസ് ചാഴിക്കാട്ട് പൊന്നാട അണിയിച്ച് സ്വീകരിച്ചു.



വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ, ഗ്ലോബൽ ബിസിനസ് ഫോറം വൈസ് ചെയർമാൻ സുരേന്ദ്രൻ കണ്ണാട്ട്, ഗ്ലോബൽ ടൂറിസം ഫോറം ചെയർമാൻ സുജിത്ത് ശ്രീനിവാസൻ, വള്ളുവനാട് ബിസിനസ് ഫോറം ചെയർമാൻ ജോൺ ആലുക്ക, ഗ്ലോബൽ ബിസിനസ് ഫോറം സെക്രട്ടറി സുകേഷ് ഗോവിന്ദൻ, ഗ്ലോബൽ ജോയിന്റ് ട്രഷറർ ഡോ. ഷിബു സാമുവൽ, ഡാൽസ് പ്രൊവിൻസ് ചെയർമാൻ ജോസ് സാമുവൽ, ഗ്ലോബൽ വൈസ് പ്രസിഡണ്ട് (അമേരിക്ക റീജിയൻ) തങ്കം അരവിന്ദ്, അമേരിക്കൻ റീജിനൽ പ്രസിഡണ്ട് ജിനേഷ് തമ്പി എന്നിവർ ആശംസകളർപ്പിച്ചു. നിവേദിത ഷിബു, അനുപമ റോബിൻ, സിനി സാജു, ടിയാ ബാബു എന്നിവർ അവതരിപ്പിച്ച നൃത്തങ്ങളും ആന്റണി ചേലക്കാട്, സിബി ചരുവിൽ കിഴക്കേതിൽ, ശ്രീദാസ് സാജ് എന്നിവർ ആലപിച്ച ശ്രുതിമധുരമായ ഗാനങ്ങളും ആഘോഷങ്ങൾക്ക് മികവേകി.

ജൈനി ജോൺ കോഡിനേറ്റ് ചെയ്ത വിൻഡർ വണ്ടർലാൻഡ് ഫാഷൻ ഷോ അവതരണങ്ങളിലും ആവിഷ്കാരത്തിലും ഉന്നതനിലവാരം പുലർത്തി കാണികളുടെ മുക്തകണ്ഠ പ്രശംസ നേടി.

വർണ്ണാഭമായ ഈ ആഘോഷപരിപാടികൾക്ക് എവിൻ ദീപക് (ഡിജിറ്റൽ മാർക്കറ്റിങ്), ക്ലമന്റ് ബ്ലെസ്സൻ (മീഡിയ ഹാൻഡിൽ), ബേബി സെബാസ്റ്റ്യൻ, ദീപക് സതീഷ്, സിദ്ധാർത്ഥ് നായർ (രജിസ്ട്രേഷൻ) എന്നിവരും പ്രവർത്തിച്ചു.

കരോളിൻ ബ്ലെസ്സൻ കോഡിനേറ്റ് ചെയ്ത ഈ പരിപാടികളിൽ രമ്യ തരുൺ, അഞ്ജലി നായർ, റോസ് രാജൻ എന്നിവർ മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. സാക്ക് കുരുവിള (കോ-ഓർഡിനേറ്റർ യൂത്ത്) നിയന്ത്രിച്ച യൂത്ത് വോളണ്ടിയേഴ്സും ക്ലിഫോർഡ് ബ്ലെസ്സൻ (ഹൂഡ് ഇൻ-ചാർജ്), സന ജോസഫ് (യൂത്ത് ലീഡർ) നേതൃത്വത്തിൽ പ്രവർത്തിച്ച 26 കൗമാരക്കാരായ വോളണ്ടിയേഴ്സ് സേവനവും പ്രത്യേകം പ്രശംസയർഹിക്കുന്നു.

ഈ പരിപാടിയുടെ വീഡിയോഗ്രാഫി ആൻഡ് ഫോട്ടോഗ്രാഫി കവറേജ് സോളമെന്റിന്റെ നേതൃത്വത്തിൽ പിക്സഡ് റൈഡേഴ്സ് അതിമനോഹരമായി ഒപ്പിയെടുത്തു. സിബി ചരുവിൽ കിഴക്കേതിൽ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. വിഭവസമൃദ്ധമായ ഡിന്നറോടു കൂടി പരിപാടികൾ സമാപിച്ചു.

# മലങ്കര മാർത്തോമ്മാസഭ ജനുവരി താരകമാസമായി ആചരിക്കുന്നു

പി.പി. ചെറിയാൻ

ന്യൂയോർക്ക്: തിരുവല്ലാ മലങ്കര മാർത്തോമ്മാസഭ ജനുവരി 'താരകമാസ'മായി ആചരിക്കുന്നു. സഭയുടെ ദൗത്യം നിറവേറ്റുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന മലങ്കര സഭാതാരകം 132 വർഷം പൂർത്തിയാക്കിയിരിക്കുന്നു. താരകയുടെ ആരംഭമാസമായ ജനുവരി എല്ലാവർഷവും താരകമാസമായി ആചരിക്കുന്നു. വായനക്കാരുടെ എണ്ണവും സബ്സ്ക്രിപ്ഷനും വർദ്ധിപ്പിക്കുന്നതിനായി 2025 ജനുവരി എല്ലാ ഇടവകകളും താരക മാസമായി ആചരിക്കണമെന്ന് മലങ്കര മാർത്തോമ്മാ മെത്രാപ്പോലീത്ത ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ നോർത്ത് അമേരിക്ക ഭദ്രാസനം ഉൾപ്പെടെ എല്ലാ ഇടവകകളിലെയും അംഗങ്ങൾക്കും അയച്ച സർക്കുലർ നമ്പർ 146-ലൂടെ അറിയിച്ചു.


ഓരോ മാർത്തോമ്മാ ഭവനത്തിലും താരകയുടെ ഒരു പകർപ്പ് എത്തുന്ന തരത്തിൽ ഇടവക തലത്തിൽ വരിക്കാരുടെ എണ്ണം വർദ്ധിപ്പിക്കണം. സഭയുടെ ഔദ്യോഗിക മുഖപത്രമായതിനാൽ മെത്രാപ്പോലീത്തയുടെ കത്ത്, സഭാവാർത്തകൾ, ഔദ്യോഗിക പ്രഖ്യാപനങ്ങൾ തുടങ്ങിയ ലേഖനങ്ങൾ താരകയിലൂടെയാണ് പ്രസിദ്ധീകരിക്കുന്നത്. കൂടാതെ എഡിറ്ററുടെ കത്ത്, ബൈബിൾ പഠനങ്ങൾ, സമകാലിക പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ചുള്ള ചിന്തകൾ, ചർച്ചകൾ, എഡിറ്ററിനുള്ള കത്തുകൾ, കവിതകൾ, അഭിമുഖങ്ങൾ മുതലായവ താരകയിൽ പ്രസിദ്ധീകരിക്കുന്നു.

2022-ൽ നടന്ന പ്രതിനിധി മണ്ഡലം യോഗത്തിലാണ് താരകയുടെ ഇംഗ്ലീഷ് പതിപ്പ് പുറത്തിറങ്ങിയത്. ഇംഗ്ലീഷ് പതിപ്പിന്റെ പ്രതിമാസ പതിപ്പ് 200 രൂപ വാർഷിക സബ്സ്ക്രിപ്ഷനോടെ താരക വെബ്സൈറ്റിൽ ലഭ്യമാണ്. നിലവിലുള്ള വരിക്കാർ അവരുടെ സബ്സ്ക്രിപ്ഷൻ പുതുക്കി പുതിയ വരിക്കാരെ ചേർത്തുകൊണ്ട് താരകയുടെ അംഗത്വം വർദ്ധിപ്പിക്കണം.



ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത

എല്ലാ ഇടവകകളും സ്ഥാപനങ്ങളും താരകയുടെ സ്ഥിരം വരിക്കാരാകണം. പത്ത് പുതിയ വരിക്കാരെ ചേർക്കുന്ന ഏതൊരാൾക്കും ഒരു വർഷത്തേക്ക് സൗജന്യമായി താരക നല്കും. ഒരു ഇടവകയിലെ എല്ലാ കുടുംബങ്ങളും താരകയിൽ വരിക്കാരാകുമ്പോൾ ആ ഇടവക ഒരു 'സമ്പൂർണ താരക' ഇടവകയായി മാറും. അതിന് ഒരു അവാർഡ് നല്കും. സബ്സ്ക്രിപ്ഷൻ പുതുക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനും പ്രോത്സാഹിപ്പിച്ചുകൊണ്ട് താരക മാസാചരണം കൂടുതൽ അർത്ഥവത്താക്കുന്നതിനും എല്ലാവരുടെയും സജീവ പങ്കാളിത്തവും സഹകരണവും മാർത്തോമ്മാ മെത്രാപ്പോലീത്ത അഭ്യർത്ഥിച്ചു.




# പിസിനാക്ക് പ്രയർലൈൻ ഉദ്ഘാടനവും ലോഗോ പ്രകാശനവും

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: നാല്പതാമത് പെന്തെക്കൊസ്തൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കയുടെ ഒന്നര വർഷം നീണ്ടുനിൽക്കുന്ന ആഗോള വ്യാപകമായ ഓൺലൈൻ പ്രാർത്ഥനയ്ക്ക് ജനുവരി 19-ന് സെലിബ്രേഷൻ ചർച്ചിൽവെച്ച് ആരംഭം കുറിക്കും. വൈകിട്ട് അഞ്ചരയ്ക്ക് ആരംഭിക്കുന്ന സമ്മേളനം നാഷണൽ കൺവീനർ ജോർജ് കെ. സ്റ്റീഫൻസൺ ഉദ്ഘാടനം ചെയ്യും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിശ്വാസികൾ സൂം പ്ലാറ്റ്ഫോമിലൂടെ പ്രാർത്ഥനയിൽ പങ്കുചേരും. നാഷണൽ പ്രയർ കോ-ഓർഡിനേറ്റർ പാസ്റ്റർ പി.വി. മാമൻ ലോക്കൽ പ്രയർ കമ്മിറ്റിയോട് ചേർന്ന് തുടർ പദ്ധതികൾ ആവിഷ്കരിക്കും. 2026-ൽ ചിക്കാഗോയിൽവെച്ച് നടക്കുന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ ലോഗോയുടെ ഔദ്യോഗിക പ്രകാശനവും വെബ്സൈറ്റിന്റെ ഉദ്ഘാടനവും കൺവീനർ നിർവഹിക്കും.

ഇതോടനുബന്ധിച്ച് കേരള ക്രൈസ്തവ സാഹിത്യ അക്കാദമി പ്രഖ്യാപിച്ച വി നാഗൽ കീർത്തന അവാർഡിന് അർഹനായ പാസ്റ്റർ സാംകുട്ടി മത്തായിക്കുള്ള അവാർഡ് വിതരണവും ചിക്കാഗോയിലെ സീനിയർ മിനിസ്റ്റേഴ്സ് ആയ പാസ്റ്റർ ജോസഫ് കെ. ജോസഫ്, പാസ്റ്റർ പി.സി. മാമ്മൻ, പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, പാസ്റ്റർ പി. വി. കുരുവിള എന്നിവരെ ആദരിക്കുന്നതിനുള്ള ചടങ്ങും ഉണ്ടായിരിക്കും. പ്രശസ്ത ക്രൈസ്തവ സാഹിത്യകാരൻ റവ. ജോർജ് മാത്യു പുതുപ്പള്ളി അച്ചൻ മുഖ്യാതിഥി ആയിരിക്കും.

# ബോച്ചേ മുക്കിയ പ്രസ്ക്ലബ്

**രാജു മൈലപ്ര**

ഇന്ത്യാ പ്രസ്ക്ലബ് അവാർഡ് നൈറ്റ്, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗത്തെ കുലപതികളുടെയും പൗരപ്രമുഖരുടെയും മഹനീയ സാന്നിദ്ധ്യത്തിൽ കൊച്ചിയിലെ ഗോകുലം കൺവൻഷൻ സെന്ററിൽ വെച്ച് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. ഏഷ്യാനെറ്റ് മുതൽ മീഡിയ വൺ വരെയുള്ള ആകമാന മലയാള വാർത്താ ചാനലുകളിൽ നിന്നുമുള്ള പ്രതിഭകളെ തെരഞ്ഞെടുത്ത് അവരുടെ സമഗ്ര സംഭാവനകൾക്കു മാധ്യമശ്രീ, മാധ്യമരത്ന, മീഡിയ എക്സലൻസ് തുടങ്ങിയ സൂപ്പർ ഡ്യൂപ്പർ നാമത്തിലുള്ള അവാർഡുകൾ നല്കി ആദരിച്ചു.

ഇന്ത്യയിലെയും ഗൾഫ് നാടുകളിലെയും മാധ്യമരംഗത്തെ പ്രമുഖർക്കാണ് ഈ അവാർഡുകൾ നല്കിയത്. അമേരിക്കയിലെ പത്രപ്രവർത്തകരെയൊന്നും പരിഗണിച്ചില്ല. അവർ കുറച്ചുകൂടി മൂക്കുവാനുണ്ട്. ഒരുപക്ഷേ, രണ്ടു വരി വാർത്ത തെറ്റു കൂടാതെ എഴുതുവാൻ അറിയാത്തവരാണ് ഈ പ്രസ്ക്ലബ് ഭാരവാഹികളിൽ ഭൂരിഭാഗം പേരും എന്നുള്ളതും ഒരു കാരണമായിരിക്കാം.

ഇനി ഫൊക്കാനാ, ഫോമാ, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയ മഹത്തായ സംഘടനകളുടെ കേരളാ കൺവൻഷനുകൾ നടക്കാനിരിക്കുന്നതേയുള്ളൂ.

ഇത്തരം പരിപാടികൾ അമേരിക്കയിൽ നിന്നും കേരളത്തിൽ പോയി നടത്തുന്നതിനോട് എനിക്ക് പൂർണ്ണ യോജിപ്പാണ്. കൂട്ടുകാരും നാട്ടുകാരും എല്ലാം കൂടി ഒന്നടിച്ചു പൊളിച്ചു പോരാം.

സാഹചര്യം അനുകൂലമായിരുന്നെങ്കിൽ ഞാനും പോയേനേ!

ഇത്രയധികം ചാനലുകാരെ ആദരിച്ചിട്ടും അവരൊന്നും വേണ്ടത്ര കവറേജ് നമ്മൾക്കു നല്കിയില്ല. അതൊരു മാതിരി മറ്റേ പണി ആയിപ്പോയി.

എങ്കിൽത്തന്നെയും മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖരോടൊപ്പമുള്ള നമ്മുടെ നേതാക്കന്മാരുടെ ഫോട്ടോ സോഷ്യൽ മീഡിയായിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്.



ലേഖകൻ

വയനാട് ദുരന്തത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനു വമ്പിച്ച സഹായം നല്കുമെന്നു പ്രഖ്യാപിച്ച നമ്മുടെ നേതാക്കന്മാരൊന്നും അവിടം സന്ദർശിച്ചതായുള്ള വാർത്ത കണ്ടില്ല. ഒരുപക്ഷേ, 'വലതുകൈ കൊടുക്കുന്നത് ഇടതുകൈ അറിയരുത്'എന്നുള്ള ആഗ്രഹം കൊണ്ടായിരിക്കും.

ഏതായാലും അവാർഡ് 'ദാന' പരിപാടി ഭംഗിയായി സംഘടിപ്പിച്ച ഭാരവാഹികൾക്കു അസൂയ കലർന്ന അഭിനന്ദനങ്ങൾ!

മലയാളികൾക്ക് ഇതൊന്നുമല്ല ഇപ്പോഴത്തെ പ്രധാനവിഷയം. ഒരു നടിയുടെ പരാതിയെത്തുടർന്ന്, പോലീസിന്റെ യുദ്ധകാലാടിസ്ഥാനത്തിലുള്ള 'ഒരു പ്രത്യേക ആക്ഷനും' അതിനെത്തുടർന്നുണ്ടായ കോടതി വിധിയുമാണ്.

ഇതിന്റെ പിന്നാലെ ഇരുപത്തിനാലു മണിക്കൂറും മൂടിനു തീ പിടിച്ചതുപോലെ പരക്കംപായുന്ന മാപ്രാകൾക്ക്, മറ്റു വാർത്തകൾ കവറു ചെയ്യാൻ എവിടെ നേരം കിട്ടാനാണ്?

ചട്ടയും മുണ്ടും ഉടുത്തു നടക്കുന്ന ഒരു സ്വർണ്ണ വ്യാപാരി, അയാളുടെ പുതുതായി തുടങ്ങുന്ന ഒരു ബ്രാഞ്ചിന്റെ ഉദ്ഘാടനം നടത്താൻ ഉദ്ഘാടനത്തൊഴിലാളിയായ ഒരു പ്രമുഖ നടിയെ വിളിക്കുന്നു. അവരെ കാണാനായി ജനം തടിച്ചുകൂടുന്നു. അവരുടെ താത്വിക അവലോകനം കേൾക്കാനോ, അവർ നല്കുന്ന സാരോപദേശങ്ങൾ കേട്ട് നല്ലവരായി ജീവിക്കണം എന്ന പ്രതിജ്ഞയെടുക്കുവാനോ ഒന്നുമല്ല ഈ ജനം കൂടുന്നത്.

നടിയുടെ ആകാരവടിവ് എടുത്തു കാട്ടിയുള്ള വസ്ത്രധാരണ രീതി കണ്ട് ആസ്വദിക്കുവാനാണ് അവർ വണ്ടിയും വള്ളവും പിടിച്ച് അവിടെയെത്തുന്നത് എന്നുള്ളത് ഒരു സത്യമാണ്. അതു നടിക്കും അറിയാം. ആസ്വാദകരുടെ അഭിരുചിക്കനുസരിച്ച്, വലിയ പ്രതിഫലത്തുക വാങ്ങി, അവർ അതു ഭംഗിയായി നിർവഹിക്കുന്നു.

ഉദ്ഘാടനവേദിയിൽ വെച്ച് ചട്ടക്കാരൻ മുതലാളി അവരോട് മോശമായി പെരുമാറുന്നതൊന്നും ഞാൻ കണ്ട വീഡിയോയിൽ കണ്ടില്ല. എന്നാൽ, ഇയാൾ ദ്വയാർത്ഥ വീരനാണെന്നും തരം കിട്ടുമ്പോഴൊക്കെ സ്ത്രീകളെ അപമാനിക്കാറുണ്ടെന്നും പറയപ്പെടുന്നു. പിന്നീട് ഈ നടിയെപ്പറ്റി മോശമായ പരാമർശങ്ങൾ നിരന്തരം തുടർന്നു പോരുന്നു എന്നും പറയപ്പെടുന്നു.

പൊതുവേദികളിൽ ഇത്തരം ശരീരവടിവു പ്രദർശിപ്പിക്കുന്ന വസ്ത്രധാരണവുമായി പ്രത്യക്ഷപ്പെടുന്നതു കണ്ട് ആസ്വദിക്കുന്നവർ, പിന്നീട് മാറിനിന്ന് നല്ലപിള്ള ചമഞ്ഞ് സോഷ്യൽ മീഡിയായിൽ അവരെപ്പറ്റി മോശം കമന്റുകൾ ഇടുന്നത് മോശമാണ്. വിമർശനമാകാം, പക്ഷേ, അത് അശ്ലീലപരമാകരുത്.

റോസാപുഷ്പം അകലെനിന്ന് ആസ്വദിക്കാം. പക്ഷേ, തേൻ (ഹണി) നുകരാമെന്നു കരുതി, വളരെ അടുത്തു ചെന്നാൽ ചിലപ്പോൾ മുള്ളു കൊണ്ടെന്നിരിക്കും (നമ്മുടെ ചട്ടമുതലാളിക്കു പറ്റിയതു പോലെ).

ഇതിനേത്തുടർന്ന് സ്ത്രീകളുടെ വസ്ത്രധാരണ രീതിയെപ്പറ്റി ധാരാളം അഭിപ്രായങ്ങൾ ഉയരുന്നുണ്ട്. ഒരു സ്ത്രീക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കുവാനുള്ള അവകാശം ഉണ്ടെന്നാണ് ഭൂരിപക്ഷ അഭിപ്രായം-ആയിക്കൊള്ളട്ടെ!

പക്ഷേ, പുരുഷനായാലും സ്ത്രീയായാലും സന്ദർഭത്തിനനുസരിച്ച് മാന്യമായ രീതിയിൽ വസ്ത്രധാരണം നടത്തണം എന്നുള്ളതാണ് മര്യാദക്കാരനായ എന്റെ അഭിപ്രായം.

ജയിലിൽ കിടന്നു കൊതുകുകടി കൊള്ളുന്ന, വേദനിക്കുന്ന കോടീശ്വരനും മേനിയഴകു പ്രദർശിപ്പിച്ചു കോടികൾ കൊയ്യുന്ന മോഡലുകൾക്കും ഈയുള്ളവന്റെ അഭിവാദനങ്ങൾ!

സ്വർണ്ണമുതലാളിയോട് ഒരു മുന്നറിയിപ്പ്: ചട്ടയും മുണ്ടുമണിഞ്ഞ് ജയിലിൽ കിടക്കുമ്പോൾ ഒന്നു സൂക്ഷിക്കുന്നത് നല്ലതാണ്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.60 |
| യൂറോ | 88.31 |
| സ്റ്റെർലിംഗ്പൗണ്ട് | 105.01 |
| സ്വിസ് ഫ്രാങ്ക് | 94.46 |
| സിംഗപ്പൂർ ഡോളർ | 63.02 |
| കനേഡിയൻ ഡോളർ | 60.00 |
| ഒമാൻ റിയാൽ | 224.97 |
| ബഹ്റൈൻ ദിനാർ | 229.88 |
| സൗദി റിയാൽ | 23.07 |
| യു.എ.ഇ. ദിർഹം | 23.58 |
| കുവൈത്ത് ദിനാർ | 281.67 |

# എലിവേറ്ററിൽ കുടുങ്ങിയ വെന്റിലേറ്റർ രോഗിയെ സഹായിച്ച മലയാളി നേഴ്സിന് അംഗീകാരം

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: എലിവേറ്ററിൽ കുടുങ്ങിപ്പോയ വെന്റിലേറ്റർ പേഷ്യന്റിനെ സഹായിച്ച സിസ്റ്റർ ഐമി വർഗീസിന് അംഗീകാരമായി ഡെയ്സി അവാർഡ്. ന്യൂയോർക്ക് സിറ്റി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്ന എറണാകുളം തിരുവാണിയൂർ സ്വദേശി സിസ്റ്റർ ഐമി വർഗീസിനാണ് അവാർഡ് ലഭിച്ചിരിക്കുന്നത്.

ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ പിറവം സെന്റർ വെട്ടിക്കൽ സഭാ അംഗമായിരുന്ന സിസ്റ്റർ ഐമി വർഗീസ് ഇപ്പോൾ പാസ്റ്റർ സാബു വർഗീസ് സഭാ ശുശ്രൂഷകനായ അമേരിക്കയിലെ ന്യൂയോർക്ക് പട്ടണത്തിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി (ഐസിഎ) സഭയിലെ അംഗമാണ്. ഭർത്താവ് മുഖത്തല വാറഴികത്ത് കുടുംബാംഗം ബ്രദർ ജെയ്സൺ ജോർജ്. മക്കൾ: തബീഥാ, തലീഥാ.

കഴിഞ്ഞ ആറുവർഷമായി ന്യൂയോർക്ക് സിറ്റി ഹോസ്പിറ്റലിലെ കാർഡിയക് ഐസിയുവിൽ നേഴ്സായി ജോലി ചെയ്യുകയാണ് സിസ്റ്റർ ഐമി വർഗീസ്. ആറ് ലക്ഷത്തോളം നോമിനേഷനുകളിൽ നിന്നും 55,000 പേർക്കാണ് ഇതുവരെ ഡെയ്സി അവാർഡ് ലഭിച്ചിട്ടുള്ളത്. അതിലൊരാളായി ഇപ്പോൾ എറണാകുളംസ്വദേശി ഐമി വർഗീസും.




രോഗികളിൽ നിന്നും രോഗികളുടെ കുടുംബങ്ങളിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും നോമിനേഷനുകൾ നേരിട്ട് ശേഖരിച്ച് നേഴ്സുമാരെ ആദരിക്കുന്നതിനുള്ള ഒരു അംഗീകാര പരിപാടിയാണ് ഡെയ്സി അവാർഡ്. നേഴ്സുമാർ നല്കുന്ന പരിചരണത്തിനും ദയയ്ക്കും നന്ദി പറയാനുള്ള ഒരു മാർഗ്ഗമാണിത്.



# സമയമാം രഥത്തിൽ ഒരു യാത്ര

എൽസി ബേബി

ജർമ്മനിയിൽ നിന്നും 1893-ൽ കേരളത്തിൽ വന്ന ഒരു മിഷനറിയാണ് വി. നാഗൽ എന്നറിയപ്പെടുന്ന വിശ്വാസവീരൻ. അദ്ദേഹം മലയാള ഭാഷ പഠിച്ച് കുന്നംകുളത്തും തൃശൂരിലും കണ്ണൂരിലും മറ്റും ചെയ്ത ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ വളരെ വിലയേറിയതായിരുന്നു. അദ്ദേഹം എഴുതിയ ക്രിസ്തീയ മലയാളം പാട്ടുകൾ വളരെ അർത്ഥവത്തായതും ഏതവസരത്തിലും പാടി ആസ്വദിക്കാൻ ഉതകുന്നവയുമാകുന്നു. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ഏതു സഭാവിഭാഗവും പ്രത്യേകിച്ച് മൃതസംസ്കാര വേളകളിൽ പാടാറുള്ളതുമായ പാട്ടാണ് 'സമയമാം രഥത്തിൽ...' എന്ന പാട്ട്. നമ്മുടെയൊക്കെ ജീവിതയാത്ര ഒരു രഥത്തിൽ അതായത് സമയമാകുന്ന രഥത്തിൽ സങ്കല്പിച്ചുകൊണ്ട് രചിച്ച ആ പാട്ടു പാടുമ്പോൾ ലഭിക്കുന്ന സന്തോഷവും സമാധാനവും ആശ്വാസവും നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നവയാകുന്നു.

2024 നമ്മെ വിട്ടുകടന്നുപോയി. സമയമാം രഥം അനേകരെ പല സമയങ്ങളിലായി പല സ്ഥലങ്ങളിൽ ഇറക്കിവിട്ടു. 2025-ലേക്ക് പ്രവേശിച്ചിരിക്കുന്ന നാം യാത്ര ചെയ്യുന്നത് സമയമാം രഥത്തിലാകുന്നു എന്നോർക്കുക. ആകെ അല്പനേരം മാത്രം അതിലെ യാത്ര തീരുവാൻ എന്നത് ശരിയാകുന്നു. നമ്മുടെയൊക്കെ യാത്രയുടെ അന്ത്യം എത്ര അടുത്തെത്തിയിരിക്കുകയാണെന്നു ചിന്തിക്കാതെയല്ലേ നാം ഓരോരുത്തരും ജീവിക്കുന്നത്. ഏതു യാത്രയ്ക്കും ഒരു ലക്ഷ്യമുണ്ട്, അതിന് ഒരു അന്ത്യവുമുണ്ട്. ജനിച്ചാൽ ഒരു ദിവസം മരിക്കണം. എന്നത് ദൈവനിശ്ചയമാകുന്നു. അതുകൊണ്ടാകുന്നു 'സമയമാം രഥത്തിൽ ഞാൻ സ്വർഗ്ഗയാത്ര ചെയ്യുന്നു, എൻസ്വദേശം കാണ്മതിന്ന് ബദ്ധപ്പെട്ടോടിടുന്നു' എന്ന് ഭക്തൻ പാടിയത്. അദ്ദേഹത്തിന്റെ യാത്രയ്ക്കൊരു ലക്ഷ്യമുണ്ടായിരുന്നു. ഈ ഭൂമിയിൽ തനിക്കൊരു സ്ഥിരവാസം ഇല്ലെന്നും തന്റെ സ്വദേശവും സ്ഥിരവാസവും സ്വർഗ്ഗത്തിലാണെന്നുമുള്ള വിശ്വാസത്തോടെ ജീവിച്ച നാഗൽ സായിപ്പിനോടൊപ്പം നമുക്ക് അത് ധൈര്യമായും ആത്മാർത്ഥമായും പാടാനൊക്കുമോ?

ദൈവം ആദിയിൽ മനുഷ്യനെ സൃഷ്ടിച്ചു. സകല വൃക്ഷങ്ങളും ഫലം നിറഞ്ഞ വൃക്ഷങ്ങൾ. ഏദൻ പറുദീസയിലാക്കി. ഒരു കല്പന മാത്രമേ നല്കിയുള്ളൂ. തോട്ടത്തിലെ സകല വൃ



ലേഖിക

ക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ ഭക്ഷിക്കാം. എന്നാൽ, നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും. പക്ഷേ, ദൈവവിരോധിയായ പിശാച് തന്റെ കൗശലത്താൽ, നിങ്ങൾ മരിക്കുകയില്ല, നിശ്ചയം. തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്നു പറഞ്ഞ വാക്കു കേട്ടു. ദൈവം കല്പിച്ചതിനേക്കാൾ പിശാചിന്റെ ഭോഷ്ക്കിൽ വിശ്വസിച്ച് ദൈവകല്പന ലംഘിച്ചു നിരോധിക്കപ്പെട്ട ഫലം പറിച്ചു തിന്നതിന്റെ ഫലമായി ആത്മീയമരണം സംഭവിച്ച് പാപികളായി പറുദീസ നഷ്ടപ്പെട്ടു എന്നത് കിഴവിക്കഥയൊന്നുമല്ല. ഇന്നു നമുക്കു ചുറ്റും കാണുന്ന തിന്മകളും അകൃത്യങ്ങളും അധർമ്മങ്ങളും, പാപങ്ങളുമെല്ലാം അതിന്റെ ഫലമായി മാത്രമാകുന്നു. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും ദൈവം മനുഷ്യർക്കു നിശ്ചയിച്ചിരിക്കുന്നു. എന്നാൽ, സ്നേഹസമ്പന്നനും കരുണാനിധിയുമായ ദൈവം മാനവജാതിയെ നിത്യമരണ, നരകന്യായവിധിയിൽ നിന്നും രക്ഷിപ്പാൻ ഒരുക്കിയ ഏക രക്ഷാമാർഗ്ഗമായ കർത്താവായ ക്രിസ്തുവിലുള്ള വിശ്വാസത്താൽ മോക്ഷം ദാനം ചെയ്തിരിക്കയാകുന്നു. അതുകൊണ്ടാകുന്നു ഭക്തൻ തന്റെ യാത്ര സ്വർഗ്ഗയാത്രയായി പാടിയതും തന്റെ പ്രത്യാശ നിത്യമായോർ വാസസ്ഥലം എനിക്ക് സ്വർഗ്ഗത്തിൽ ഉണ്ടെന്ന് പാടിയത്.

2025 എന്ന പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമുക്കോരോരുത്തർക്കും ധൈര്യത്തോടും വിശ്വാസത്തോടും കൂടെ സമയമാം രഥത്തിൽ സ്വർഗ്ഗയാത്ര തുടരുവാൻ കരുണാസമ്പന്നനായ ദൈവം സഹായിക്കട്ടെ. ആകെ അല്പനേരം മാത്രം എന്റെ യാത്ര തീരുവാൻ. യേശുവേ നിനക്കു സ്തോത്രം, വേഗം നിന്നെ കാണും ഞാൻ എന്ന പൂർണ്ണ വിശ്വാസത്തോടും ധൈര്യത്തോടുംകൂടെ പാടി ആർത്ത് ഉദ്ഘോഷിച്ചുകൊണ്ട് നമുക്കു യാത്ര തുടരാം. ഇത്രയും എഴുതിയപ്പോൾ ബില്ലിഗ്രഹാമിനെക്കുറിച്ച് ആരോ വരച്ച കാർട്ടൂൺ ഓർമ്മയിൽ വരുന്നു. അദ്ദേഹം മരിച്ച് സ്വർഗ്ഗത്തിലെത്തിയപ്പോൾ സ്വർഗ്ഗദൂതൻ 'നിങ്ങളാണോ ബില്ലിഗ്രഹാം? നോക്കൂ നിങ്ങളെ എതിരേല്ക്കാൻ കാത്തുനിൽക്കുന്ന ജനക്കൂട്ടത്തെ കണ്ടോ? എന്നെ എതിരേല്ക്കാനോ? അദ്ദേഹം ഓർത്തത് സ്വർഗ്ഗദൂതരായിരിക്കും എന്നാണ്.

(ശേഷം 30-ാം പേജിൽ)

## കണ്ണൻ ശ്രീനിവാസനും ജെജെ സിംഗിനും അനായാസ വിജയം

പി.പി. ചെറിയാൻ

റിച്ച്മണ്ട്-വിർജീനിയ: ജനുവരി 6-ന് നടന്ന സംസ്ഥാന, ദേശീയ ശ്രദ്ധയാകർഷിച്ച വെർജീനിയയുടെ നിയമസഭാ സ്പെഷൽ തെരഞ്ഞെടുപ്പുകളിൽ കണ്ണൻ ശ്രീനിവാസനും ജെജെ സിംഗും വിജയിച്ചു. ഓപ്പൺ സെനറ്റ് ഡിസ്ട്രിക്റ്റ് 12 സീറ്റ് ശ്രീനിവാസൻ സ്വന്തമാക്കിയപ്പോൾ സിംഗ് ഹൗസ് ഡിസ്ട്രിക്റ്റ് 26 റേസ് നേടി.

ഇവരുടെ വിജയങ്ങൾ വിർജീനിയ ജനറൽ അസംബ്ലിയുടെ ഇരു ചേംബറുകളിലും ഡെമോക്രാറ്റുകൾക്ക് നേരിയ ഭൂരിപക്ഷം നിലനിർത്താൻ കഴിയുമെന്ന് ഉറപ്പാക്കുന്നു. വാഷിങ്ടണിലെ റിപ്പബ്ലിക്കൻ ശക്തിക്ക് ഒരു വിപരീത സന്തുലിതാവസ്ഥയായി പാർട്ടി കാണുന്നത് നിലനിർത്തുകയും അവരുടെ നിയമനിർമാണ അജണ്ട മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യുന്നു.

ലൗഡൗൺ കൗണ്ടിയിലെ മുൻ പ്രതിനിധിയായ ശ്രീനിവാസൻ തന്റെ വിജയത്തിനുശേഷം നന്ദി രേഖപ്പെടുത്തി. "നമ്മുടെ സമൂഹത്തെ സേവിക്കുന്നത് തുടരാനുള്ള അവസരത്തിൽ ഞാൻ അഗാധമായി വിനീതനാണ്. എല്ലാ സന്നദ്ധപ്രവർത്തകർക്കും എന്റെ അവിശ്വസനീയമായ ടീമിനും നന്ദി. ഈ രാത്രി ഞങ്ങൾ ആഘോഷിച്ചു. 2025-ലെ നിയമസഭാ സമ്മേളനം ആരംഭിക്കുന്നു. ഞങ്ങൾ വീണ്ടും ജോലിയിൽ പ്രവേശിക്കുന്നു."

ഇന്ത്യൻ കുടിയേറ്റക്കാരുടെ മകനായ ജെജെ സിംഗും ഹൗസ് റേസിൽ വിജയം ആഘോഷിച്ചു. "എന്റെ കുടുംബം ജന്മനാടായി കരുതുന്ന സമൂഹത്തെ പ്രതിനിധീകരിക്കുന്നതിൽ എനിക്ക് ബഹുമതി തോന്നുന്നു. റിച്ച്മണ്ടിലേക്കു പോയി ഞങ്ങളുടെ മൂല്യങ്ങൾ



ക്കായി പോരാടാനും തെക്കുകിഴക്കൻ ലൗഡൗൺ കൗണ്ടി കുടുംബങ്ങൾക്കായി സംഭാവന നല്കാനും ഞാൻ തയ്യാറാണ്."

ശ്രീനിവാസനും സിംഗും 61 ശതമാനം വോട്ട് നേടി ചരിത്രപരമായി രണ്ട് ഡെമോക്രാറ്റിക് ജില്ലകളിൽ അവരുടെ സ്ഥാനം ഉറപ്പിച്ചു. ഡെമോക്രാറ്റിക് പാർട്ടി ഓഫ് വിർജീനിയ ചെയർ സൂസൻ സ്വെക്കർ ഫലങ്ങൾ ആഘോഷിച്ചു.

1992-ൽ ഇന്ത്യയിൽനിന്ന് യുഎസിലേക്ക് കുടിയേറിയ ശ്രീനിവാസൻ മുമ്പ് പ്രതിനിധി സഭയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മുമ്പ് തന്റെ മുൻഗാമിയായ സുഹാസ് സുബ്രഹ്മണ്യത്തെ കോൺഗ്രസിലേക്ക് തെരഞ്ഞെടുത്തതിനെത്തുടർന്ന് 2024-ൽ സംസ്ഥാന സെനറ്റിലേക്ക് മത്സരിച്ചു. "ലൗഡൗൺ കുടുംബങ്ങൾക്കായി കണ്ണനും ജെജെയും തുടർന്നും പോരാടുമെന്നും ചെലവ് കുറയ്ക്കുന്നതിനും പ്രത്യുല്പാദന സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും തോക്ക് അക്രമത്തിലെ വർദ്ധനവിനെ ചെറുക്കുന്നതിനും പ്രവർത്തിക്കുമെന്നും എനിക്കറിയാം." സുബ്രഹ്മണ്യൻ അവരുടെ ഭാവി ശ്രമങ്ങളിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു.



# നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് പിറന്നാൾ ആശംസകൾ

ജോജോ തോമസ് പാലത്ര

ന്യൂയോർക്ക്: ജനുവരി 10, 2025 സംഗീത ആസ്വാദകരുടെ പ്രിയങ്കരനായ ഗാനഗന്ധർവ്വൻ ദാസേട്ടന്റെ 85-ാം ജന്മദിനം.

നവംബർ 14, 1961-ൽ സംഗീത സംവിധായകൻ എം.ബി. ശ്രീനിവാസൻ ചിട്ടപ്പെടുത്തി ദാസേട്ടൻ പാടിത്തുടങ്ങിയ-

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത്"

ആ ശബ്ദമധുരിമയുടെ ജൈത്രയാത്രയിൽ 50,000-ലേറെ ഗാനങ്ങൾ വ്യത്യസ്ത ഭാഷകളിൽ മലയാളം, തമിഴ്, ഹിന്ദി, കന്നഡ, തെലുങ്ക്, ബംഗാളി, ഗുജറാത്തി, ഒറിയ, മറാത്തി, പഞ്ചാബി, സംസ്കൃതം, തുളു, മലായ്, റഷ്യൻ, അറബിക്, ലാറ്റിൻ, ഇംഗ്ലീഷ് തുടങ്ങി നിരവധി ഭാഷകളിൽ ആലപിച്ച് മുദ്രവെച്ചത് ഏതൊരു ശ്രോതാവിന്റെയും മനസ്സിൽ നിറഞ്ഞുനില്ക്കുന്നു.

ആയിരം പാദസരങ്ങൾ കിലുങ്ങി...
സാഗരമെ ശാന്തമാക നീ...
പ്രണയ സരോവര തീരം...
സന്യാസിനി നിൻ പുണ്യാശ്രമത്തിൽ...
മഞ്ജുഭാഷിണി മണിയറവീണയിൽ...
പ്രേമഭിക്ഷുകി ഭിക്ഷുകി ഭിക്ഷുകീ...
ചന്ദ്രകാന്തം കൊണ്ട് നാലുകെട്ട്...

തുടങ്ങി ആയിരക്കണക്കിനു ഗാനങ്ങൾ സംഗീത പ്രേമികളുടെ ഹൃദയത്തെ തൊട്ടുണർത്തിയ അനശ്വര ഗാനഗന്ധർവ്വനാണ് ദാസേട്ടൻ.

സംഗീതാസ്വാദനം എന്നൊന്ന് ഇല്ലാതിരുന്നവരിൽ പോലും ദാസേട്ടന്റെ ശബ്ദതരംഗങ്ങൾ ദൈവീകനാദ വീചികളായി ഇറങ്ങിച്ചെന്ന് സംഗീതവാസനയെ തൊട്ടുണർത്തിയിട്ടുണ്ട് എന്നതിൽ സംശയമില്ല.

ശബ്ദസൗകുമാര്യവും ഉച്ചാരണശുദ്ധിയോടെ അനായാസമായി പാടാനുള്ള ദൈവീകസിദ്ധിയും ദാസേട്ടൻ എന്ന് സ്നേഹപൂർവ്വം നാം വിളിക്കുന്ന ഈ ഗാനഗന്ധർവ്വനിൽ സംഗമിക്കുന്നു.

"പ്രളയവയോധിയിൽ ഉറങ്ങിയുണർന്നൊരു

പ്രഭാ മയൂഖമെ കാലമെ" എന്ന് പാടിയ ആ ശബ്ദം ഇന്ന് കാലത്തെ അതിജീവിച്ചു നില്ക്കുന്നു.

"രാത്രി പകലിനോടെന്നപോലെ യാത്ര ചോദിപ്പൂ ഞാൻ..." എന്ന് ദാസേട്ടൻ പാടി കേൾക്കുമ്പോൾ സംഗീത സാന്ദ്രതയിൽ മൂർച്ഛിക്കാത്തവരുണ്ടോ?

ഒരു ദിവസം വിവിധ ഭാഷകളിലായി 11 ഗാനങ്ങൾ ആലപിച്ചതിന്റെ റെക്കോർഡ് ദാസേട്ടന്റെ പേരിൽ ഇന്നും നിലനിൽക്കുന്നു.

ലോകത്തിലെ ഏതൊരു ഗായകനും ഏറ്റവും കൂടുതൽ ഗാനങ്ങൾ ഔദ്യോഗികമായി റെക്കോർഡ് ചെയ്യപ്പെട്ട ഗാനങ്ങൾ ആലപിച്ചതിന്റെ ബഹുമതി ദാസേട്ടനുണ്ട്.

മികച്ച പിന്നണി ഗായകനുള്ള ഏഴ് ദേശീയ അവാർഡുകൾ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന മികച്ച പിന്നണി ഗായകനുള്ള 43 സംസ്ഥാന അവാർഡുകൾ ദാസേട്ടൻ ലഭിച്ചിട്ടുണ്ട്.

1975-ൽ പദ്മശ്രീ പുരസ്കാരവും 2002-ൽ പദ്മഭൂഷൺ പുരസ്കാരവും 2017-ൽ പദ്മവിഭൂഷൺ പുരസ്കാരവും നല്കി ഇന്ത്യാ ഗവൺമെന്റ് ആദരിച്ചു.

അഞ്ചു ദശാബ്ദക്കാലത്തെ സംഗീത സപര്യയിൽ 50,000-ൽ അധികം ഗാനങ്ങൾ റെക്കോർഡ് ചെയ്ത 'ഇന്ത്യയുടെ ആകാശഗായകൻ' എന്ന നിലയിൽ 2011-ൽ സിഎൻഎൻ-ഐബിഎൻ മികച്ച നേട്ടത്തിനുള്ള പുരസ്കാരം നല്കി ആദരിച്ചു.

എല്ലാ മതവിഭാഗത്തിലും ഏകദൈവത്തെ മനസ്സിൽ ഉണർത്തുന്ന ഹൃദയസ്പർശിയായ എണ്ണമറ്റ ഗാനങ്ങൾ... ഒരിക്കൽ കേട്ടാൽ വീണ്ടുമൊന്നു കൂടി കേൾക്കാൻ മനസ് വെമ്പുന്ന, മനുഷ്യമനസ്സിനെ തലോടുന്ന, ആലാപന ശൈലി ദാസേട്ടനു മാത്രം കഴിയുന്ന ഒരു ദൈവികസിദ്ധിയാണ്.



2003-ൽ ജോജോ തോമസ് പത്മവിഭൂഷൺ ഡോ. കെ.ജെ. യേശുദാസിന് മില്ലേനിയം സരസ്വതി അവാർഡ് സമ്മാനിക്കുന്നു

പ്രഭച്ചേച്ചിയുടെ പ്രഭാവലയത്തിലും ലോകമെങ്ങുമുള്ള സംഗീതപ്രേമികളുടെ സ്നേഹാദരവിലും പ്രാർത്ഥനയിലും വിളങ്ങി നില്ക്കുന്ന നമ്മുടെ പ്രിയപ്പെട്ട ദാസേട്ടന് ആയുസ്സും ആരോഗ്യവും ജഗദീശ്വരൻ നല്കി അനുഗ്രഹിക്കട്ടെ.

ദാസേട്ടാ, പിറന്നാൾ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു.



2008-ൽ ജോജോ തോമസ് പദ്മവിഭൂഷൺ ഡോ. കെ.ജെ. യേശുദാസിന് സരസ്വതി അവാർഡ് പൊന്നാട അണിയിക്കുന്നു.

# ബോച്ചേയും തേനീച്ചയും



സുനിൽ വല്ലാത്തറ, ഫ്ളോറിഡ

എൺപതുകളുടെ ആരംഭത്തിൽ വീഡിയോ കാസറ്റുകൾ കേരളത്തിൽ സജീവമായിരുന്ന കാലത്ത് സിനിമകൾക്കിടയിൽ ഏറ്റവും കൂടുതൽ പരസ്യങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നത് തൃശൂർ കേന്ദ്രമായുള്ള ചെമ്മണ്ണൂർ ജ്വല്ലേഴ്സിനെപ്പറ്റി ആയിരുന്നു. ആ പരസ്യങ്ങളിൽ എല്ലാം അഭിനയിച്ചിരുന്നതും അവരുടെ ബ്രാൻഡ് അംബാസ്സിഡറും പഴയകാല സിനിമാ താരം വിധുബാല ആയിരുന്നു.

എന്നാൽ, കുറെ വർഷങ്ങൾക്കു ശേഷം മറ്റു പല ജ്വല്ലറി ഗ്രൂപ്പുകളും കേരളത്തിൽ ആധിപത്യം സ്ഥാപിച്ചപ്പോൾ ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ ഇളം തലമുറക്കാരൻ ബോബി ചെമ്മണ്ണൂർ ഗ്രൂപ്പിന്റെ സാരഥ്യം ഏറ്റെടുക്കുകയും സ്വയം ബ്രാൻഡ് അംബാസ്സിഡർ ആകുകയും ചെയ്തു.

പ്രശസ്തിയും പേരും ലഭിക്കുവാൻ അദ്ദേഹം ആദ്യം ചെയ്തത് സമൂഹത്തിൽ വ്യത്യസ്തങ്ങളായ കാര്യങ്ങൾ ചെയ്യുക എന്നുള്ളതായിരുന്നു. അതിനായി അദ്ദേഹം ആദ്യമേ തന്നെ തന്റെ വസ്ത്രധാരണ ശൈലി മാറ്റി. ജീൻസും ടീഷർട്ടും ധരിച്ചിരുന്ന അദ്ദേഹം പിന്നെ സമൂഹത്തിൽ പ്രത്യക്ഷപ്പെടുവാൻ തുടങ്ങിയത് അമ്മച്ചിമാർ ധരിക്കുന്ന ചട്ടയും മുണ്ടും ധരിച്ചാണ്.

ഫുട്ബോൾ ഇതിഹാസം മറഡോണയെ 2012 ഒക്ടോബർ 24-ന് കണ്ണൂരിൽ കൊണ്ടുവന്ന് അമ്പതിനായിരത്തിൽ അധികം ഫുട്ബോൾ പ്രേമികളെ കാണികളായി ഇരുത്തി രഞ്ജിനി ഹരിദാസിനെ അവതാരകയായി അവതരിപ്പിച്ചാണ് അദ്ദേഹം ആ ഫുട്ബോൾ മത്സരം നടത്തിയത്. അതോടെ വളരെ പ്രശസ്തിയിലേക്ക് ഉയർന്ന അദ്ദേഹം തന്റെ പേരിലും മാറ്റം വരുത്തി ബോച്ചേ എന്ന് അറിയപ്പെടുവാൻ തുടങ്ങി. അവതാരകയായി എത്തിയ രഞ്ജിനി ഹരിദാസ് കാണികളിൽ ഒരാൾക്കിട്ട് ഒരടി കൊടുത്താണ് മടങ്ങിയതെങ്കിലും ബോച്ചേയുടെ ബിസിനസ് സാമ്രാജ്യം ആ അടിയോടു കൂടി അടിക്കടി കയറുവാൻ തുടങ്ങി.

സോഷ്യൽ മീഡിയയുടെ വരവോടുകൂടി ജനശ്രദ്ധ കൂടുതൽ കിട്ടുവാൻ ബോച്ചേ തള്ളു വർത്തമാനങ്ങൾ നിരന്തരം പ്രയോഗിച്ച് ട്രോളന്മാരുടെ ഇഷ്ടതാരമായി തള്ളാശാൻ എന്ന പേരും സമ്പാദിച്ച് സോഷ്യൽ മീഡിയ താരമായി.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ഗേൾഫ്രണ്ടിനെ കാണുവാൻ സ്വയം ഡ്രൈവ് ചെയ്ത് ബാംഗ്ലൂർക്കു പോയതും മൈസൂറിലേക്കുള്ള യാത്രയ്ക്കിടയിൽ വീരപ്പന്റെ വിഹാരകേന്ദ്രമായ ബന്ധിപ്പൂർ വനത്തിലെ റോഡിൽ വെച്ച് തന്നെ ആക്രമിക്കുവാൻ വന്ന ഏഴംഗ അക്രമിസംഘത്തെ ഒറ്റയ്ക്ക് അടിച്ചുവീഴ്ത്തി കൈയിലിരുന്ന തോക്ക് ചൂണ്ടി പേടിപ്പിച്ച് ഓടിച്ചെന്നു വീരവാദം മുഴക്കിയതുമെല്ലാം ബോച്ചേയുടെ തള്ളുകളിൽ ചിലതു മാത്രമാണ്.

തള്ളി തള്ളി ഒരുപാട് ആരാധകരെ സൃഷ്ടിച്ചെടുത്ത ബോച്ചേയ്ക്ക് കേരളത്തിലെ മിക്കവാറും ജില്ലകളിൽ ഫാൻസ് അസോസിയേഷനുകൾ ഉണ്ടെന്നാണ് ബോച്ചേ അവകാശപ്പെടുന്നത്.

(ശേഷം 30-ാം പേജിൽ)

# രാമരാജ സ്കൂളിൽ എം.ടി. അനുസ്മരണം നടത്തി

പുന്നയൂർക്കുളം: രാമരാജ സ്കൂളിൽ നടന്ന എം.ടി. വാസുദേവൻ നായർ അനുസ്മരണം നാടകകൃത്ത് ടി. മോഹൻബാബു ഉദ്ഘാടനം ചെയ്തു. മാനേജർ ടി.പി. ഉണ്ണി അദ്ധ്യക്ഷത വഹിച്ചു. രാമരാജ സ്കൂളിലെ പൂർവ്വവിദ്യാർത്ഥി കൂടിയായ എം.ടി.യുടെ സ്മരണയ്ക്കു മുന്നിൽ നമിച്ച ചടങ്ങിൽ നാലപ്പാടൻ സാംസ്കാരിക സമിതി സെക്രട്ടറി ആമുഖഭാഷണം നടത്തി. പ്രവാസി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർക്കുളം, പി. രാമദാസ്, അദ്ധ്യാപകരായ കെ.ആർ. അനീഷ്, ഫൈസൽ, പിടിഎ പ്രസിഡണ്ട് വിനി കുമാർ, കെ.എം. പ്രകാശൻ, അഞ്ജലി എന്നിവർ സംസാരിച്ചു. എച്ച്.എം. സജിത്ത് മാസ്റ്റർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കെ.എ. കബീർ നന്ദിയും പറഞ്ഞു.





# SEEKING BRIDEGROOM

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Knanaya catholic parents seeking a suitable alliance for their daughter. She is a well educated, professionally established one. Born in Kerala and settled in U S A, (citizen). Age: 36 years, (August 19). Marital status: Divorce. (No children). Height. 5.4" Seeking alliance from Kna Catholic or Kna Jakobite boys from US. Phone: **1 630 788 2132.**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*USA settled Christian family seeking proposal for their 38-year-old daughter who was born in Sultanate of Oman and moved to US at the age of 10 in 1997. She is 5'3", born again, baptized and in fellowship with a Pentecostal Church in Florida. She has Law degree and currently working with State of Florida government since several years. We are looking for a born again, educated boy from US or Canada. Those who are interested please text, whatsapp at **863-709-6031** or email to: **mathewg1956@gmail.com**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters. If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the

# SEEKING BRIDE

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to: **inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

*Parents from US are inviting proposals for their born again son working as a doctor (MD, 33 years, fair and slim). If interested, please email at
**Questhdan@gmail.com**

*Syrian Christian Pentecostal family settled in the USA prayerfully seeking a proposal for their son (1995/182cm / 80kg), born again, baptized US citizen, working as an engineer. He has completed his BTech from India and MS from USA. Seeking suitable alliance from the parents of God fearing, baptized girls (non-ornamental) professionally qualified in engineering / BSN/ other healthcare fields. A minimum height of 160 cm is preferred. Contact WhatsApp **4704033704**

*Syrian Pentecostal parents in the US are prayerfully seeking proposals for their God-fearing son (32 year-old, 5'6" MD physician), from parents of God-fearing girls with a similar educational background from Texas. If interested, please respond with complete details via email at **tonyvince29@gmail.com."**

*Pentecostal parents settled in USA prayerfully invite proposal for their son born and brought up in USA. He is 31 (August 03-1993) year old 5'5", architect, employed as project manager in an architectural firm in the northeast, born again, baptized, spirit filled and very active with church and gospel work. Seeking suitable alliance from parents of qualified born-again, baptized, spirit filled girl with good moral and spiritual values and professionally qualified, preferably born in the US. Please respond to
**jehovahnissi2024@yahoo.com** with recent pictures and details.

*Pentecostal parents seeking proposals for their born again, baptized son (US born, 31/ 5' 7") He is now working as a Doctor in California. Inviting proposals from born again and profession qualified girls preferably born in the US. Please call/ send info with picture. **253 332 0868**. email: **molyvt@yahoo.com.**

*Pentecostal parents settled in USA invite proposal for their son born and brought up in US. He is 28 year old with 5'11", engineer with masters degree, born again, spiritual and very active with church. We are seeking qualified, family oriented, born-again and God fearing girl with good moral and spiritual values. Interested please respond to
**hiswillforme01@gmail.com** with recent pictures and details.

## SEEKING BRIDEGROOM CONTD.....

US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

# നിര്യാതരായി

## ത്രേസ്യാമ്മ ജോസഫ്

**മ്രാല:** ആലപ്പാട്ട് ത്രേസ്യാമ്മ ജോസഫ് (പെണ്ണമ്മ-89) അന്തരിച്ചു. പുന്നത്തുറ കടമുറിയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ജോസി (റിട്ട. അദ്ധ്യാപിക), ഗ്രേസി (റിട്ട. പിഎഫ് ഓഫീസ്), പുഷ്പം (റിട്ട ബിഎസ്എൻഎൽ), ഏലിയാമ്മ (റിട്ട. അദ്ധ്യാപിക), സണ്ണി (ബിസിനസ് (മ്രാല), സാലി (റിട്ട. നേഴ്സ്), സോണി, നോബിൾ (ഇരുവരും യുഎസ്), ടോണി (ദുബായ്). മരുമക്കൾ: കടുത്തുരുത്തി ചമ്പന്നിപറമ്പിൽ ബേബി, എറണാകുളം മണിമല ജോയി, ചേർപ്പുങ്കൽ മൂഴയിൽ ജേക്കബ്, വാകത്താനം കൊക്കരവാലേൽ ബേബി, കുമരകം മേടയിൽ ജെസി (അദ്ധ്യാപിക മ്രാല), കല്ലറ മുടക്കോടിയിൽ എം.സി. സാബു (ബിസിനസ്), കടുത്തുരുത്തി ഞാറവേലിൽ സുധ, തേൻമാരി മാമ്മൂട്ടിൽ ജാൻസി (ഇരുവരും യുഎസ്), ഞീഴൂർ പുത്തൻപറമ്പിൽ ബിന്ദു (ദുബായ്).

**ചങ്ങനാശേരി:** കുറിച്ചി ചിറ്റേട്ടുകളത്തിൽ (ചിറക്കടവിൽ) പരേതനായ ഫിലിപ്പിന്റെ ഭാര്യ ഏലിയാമ്മ (ലീലാമ്മ-79) അന്തരിച്ചു.

**ചങ്ങനാശേരി:** പറാൽ വടക്കേപറമ്പ് പരേതനായ ജോസഫ് തോമസിന്റെ ഭാര്യ ത്രേസ്യാമ്മ ജോസഫ് (കുഞ്ഞമ്മ-92) അന്തരിച്ചു.

## എ.പി. ചാക്കോ

**കൂരോപ്പട:** ഉറുമ്പിൽ പാറത്തോട്ടുങ്കൽ എ.പി. ചാക്കോ (കുഞ്ഞ്-92) അന്തരിച്ചു. ഭാര്യ തോട്ടയ്ക്കാട് പുള്ളോലിക്കലായ കക്കാട്ട് ശോശാമ്മ. മകൻ: ഷാജൻ. മരുമകൾ മീന (ഇരുവരും യുഎസ്).

**തെള്ളകം:** ഹോളിക്രോസ് കോൺഗ്രിഗേഷൻ അങ്കമാലി പ്രോവിൻസിലെ തെള്ളകം കോൺവന്റ് അംഗം സിസ്റ്റർ അനസ്താസിയ (മേരിക്കുട്ടി-91) അന്തരിച്ചു.

**അയർക്കുന്നം:** മഞ്ഞപ്പള്ളിക്കുന്നേൽ പരേതനായ എം.ബി. രതീഷ്കുമാരൻ ആചാരിയുടെയും ദിവ്യയുടെയും മകൾ എം. ആർ. അനഘ (9) അന്തരിച്ചു.

**മാനന്തവാടി:** എഫ്സിസി സെ. മേരീസ് പ്രൊവിൻസിലെ കല്പറ്റ ഓൾഡ് ഏജ് ഹോം ഭവനാംഗമായ സിസ്റ്റർ ജൂസെ (73) അന്തരിച്ചു.

**ഇളങ്ങുളം:** വാട്ടർ അതോറിറ്റി റിട്ട. ഉദ്യോഗസ്ഥൻ പുത്തൂർ പി.എസ്. സെബാസ്റ്റ്യൻ (ജോയി-60) അന്തരിച്ചു.

**കാരികുളം:** ഇല്ലിക്കൽ (മടുക്കക്കുഴി) പരേതനായ ബേബിയുടെ ഭാര്യ ലീലാമ്മ ജോൺ (75) അന്തരിച്ചു.

**പാലാ:** കരൂർ ഞാവള്ളിൽ പുത്തൻപുരയിൽ പി.കെ. ജോസഫ് (അപ്പച്ചൻ-91) അന്തരിച്ചു.

**കറ്റാനം:** തോട്ടുങ്കൾ സ്റ്റീഫൻ ജോസഫ് (73) അന്തരിച്ചു.

## ഏലിയാമ്മ മാത്യു

**ചിറക്കടവ്:** റിട്ട. അദ്ധ്യാപിക കുന്നപ്പള്ളിൽ ഏലിയാമ്മ മാത്യു (ലില്ലിക്കുട്ടി-93) അന്തരിച്ചു. പനയമ്പാല കാട്ടുക്കുന്നേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. മാത്യു. മക്കൾ: എം. മാത്യൂസ്, ആൻസി ജോസഫ് കാട്ടൂർ, എം. ജോബ്സ് (മസ്കറ്റ്), രോശ്നി സണ്ണി മടിയത്ത്, എം. ജയിസ് (യുഎസ്). മരുമക്കൾ: സോളിമ്മ അടിപുഴ (ചുങ്കപ്പാറ), ഇ.ടി. ജോസഫ് കാട്ടൂർ (നെടുങ്കുന്നം), ലെജി വള്ളോപ്പള്ളി (കല്ലാനോട്), സണ്ണി കുര്യാക്കോസ് മടിയത്ത് (ചെറുവള്ളി), ബിന്ദു പാലാക്കുന്നേൽ (മാമ്മൂട്).

## വർക്കി വട്ടപ്പാറ



**തലശേരി:** കേരള കോൺഗ്രസ് (എം) നേതാവും ചാലിൽ സെ. പീറ്റേഴ്സ് യുപിഎസ് റിട്ട. പ്രധാനാദ്ധ്യാപകനുമായ കുട്ടിമാക്കൂൽ വട്ടപ്പാറ വില്ലയിൽ വർക്കി വട്ടപ്പാറ (81) അന്തരിച്ചു. ഭാര്യ പരേതയായ ഗ്രെറ്റ റൊസാരിയോ. മക്കൾ: വിൽബീന വർക്കി (യുഎസ്), പെട്രീഷ വിൽമ (അദ്ധ്യാപിക), വെർണിൻ ജോസഫ് (ട്യൂട്ടർ, ഗവ. മെഡിക്കൽ കോളജ് കണ്ണൂർ). മരുമക്കൾ: ജോസഫ് കുന്നേൽ (ചാർട്ടേഡ് അക്കൗണ്ടന്റ് യുഎസ്), വിജോഷ് സെബാസ്റ്റ്യൻ (അദ്ധ്യാപകൻ, കല്പറ്റ), രചന ജോസി (അസി. മാനേജർ യൂണിയൻ ബാങ്ക്).

**കോട്ടയം:** എരുത്തിക്കൽ ജേക്കബ് അലക്സാണ്ടർ (അച്ചൻകുഞ്ഞ്-78) അന്തരിച്ചു.

**നാലുകോടി:** തെക്കേക്കര പരേതനായ ടി.കെ. സക്കറിയയുടെയും ബേണി സക്കറിയയുടെയും മകൻ ടി.എസ് ജെയിംസ് (46) അന്തരിച്ചു.

**ആർപ്പൂക്കര:** ചാത്തുണ്ണിപ്പാറ നെടിയമറ്റം ചാക്കോയുടെ മകൻ ജോർജ് ചാക്കോ (സിബി-50) അന്തരിച്ചു.

**നെടുങ്ങാടപ്പള്ളി:** കയ്യാലയ്ക്കകത്തു പുളിമൂട്ടിൽ പരേതനായ പി.സി. ചാണ്ടിയുടെ (ഹെഡ്മാസ്റ്റർ സിഎംഎസ് ഹൈസ്കൂൾ) ഭാര്യ മേരി ചാണ്ടി (95) (പ്രധാനാദ്ധ്യാപിക സിഎംഎസ് എൽപിഎസ്) അന്തരിച്ചു.

**മേരിലാൻഡ്:** നായ്ക്കംപറമ്പിൽ പരേതനായ പി.ടി. കുര്യാക്കോസിന്റെ ഭാര്യ ബ്രിജിറ്റ് കുര്യാക്കോസ് (86) അന്തരിച്ചു.

**കളമശേരി:** ഐടിഐ ചേനക്കാല റോഡിൽ മൂലമറ്റം വീട്ടിൽ വർഗീസ് പൈലി (72) അന്തരിച്ചു.

## അഡ്വ. പി.വി. ജോർജ്

**പാലാ:** ചെത്തിമറ്റം പറയരുതോട്ടത്തിൽ അഡ്വ. പി.വി. ജോർജ് (വക്കച്ചൻ-92) യുഎസിൽ അന്തരിച്ചു. ഭാര്യ വാച്ചാപറമ്പിൽ പരേതയായ ലില്ലമ്മ ജോർജ്. മക്കൾ: റോയി (ഡാളസ്), റോണി ബെംഗളൂരു). മരുമക്കൾ: സന്ധ്യ ഇളപ്പുപാറയ്ക്കൽ (ഡാളസ്), ബോബി വെട്ടിയാങ്കൽ (ബെംഗളൂരു).

**മാറിക:** റിട്ട. അദ്ധ്യാപിക മുളഞ്ഞനാനിയിൽ സിസിലി മാണി ((85) അന്തരിച്ചു.

**പെരുമ്പാവൂർ:** ഉപ്പുകണ്ടം എജിസിഎം യുപിഎസ് മുൻ പ്രധാനാദ്ധ്യാപകൻ പട്ടാൽ കാക്കൂരാൻ മാത്യു പോൾ (87) അന്തരിച്ചു.

**ഇടമറുക്:** തറയിൽ ടി.എ. ജോസഫ് (അപ്പച്ചൻ-86) അന്തരിച്ചു.

**ചേലക്കൊമ്പ്:** മണ്ണിൽ ജോയ്സിന്റെയും ലീലാമ്മയുടെയും മകൻ സൗദി ഇന്റർടെക് കാലിറ്റി എൻജിനീയർ റിജോ ജോൺസ് ഏബ്രഹാം (39) അന്തരിച്ചു.

**വാഴത്തോപ്പ്:** കുടിയേറ്റ കർഷകൻ വള്ളാടിയിൽ മാണി ജോസഫ് (95) അന്തരിച്ചു.

**തോട്ടഭാഗം:** പാണ്ടിരിക്കൽ സജി വില്ലയിൽ ഏലിയാമ്മ വർഗീസ് (88) അന്തരിച്ചു.

**തുരുത്തി:** പുത്തൻപുരയ്ക്കൽ പരേതനായ തോമസ് ആഗസ്തിയുടെ ഭാര്യ മറിയാമ്മ തോമസ് (80) അന്തരിച്ചു.

**പാമ്പാടി ഈസ്റ്റ്:** ദേശീയ കർഷകത്തൊഴിലാളി ഫെഡറേഷൻ പുതുപ്പള്ളി ബ്ലോക്ക് മുൻ പ്രസിഡണ്ട് പുതക്കുഴി കുമ്പന്താനം ചീനിക്കടുപ്പിൽ കെ. എം. ജോൺ (അമ്മച്ചൻ-87) അന്തരിച്ചു.

## പി.എ. ജോസഫ്

**ആനിക്കാട് ഈസ്റ്റ്:** സെ. തോമസ് ഹൈസ്കൂൾ മുൻ അദ്ധ്യാപകനും രാമക്കൽമേട് എസ്എച്ച്എച്ച്എസ് റിട്ട. പ്രധാനാദ്ധ്യാപകനുമായ പ്ലാത്തറയിൽ പി.എ. ജോസഫ് (83) അന്തരിച്ചു. ഭാര്യ: ചമ്പക്കുളം തോട്ടുമുറ്റം ടി.ജെ. ത്രേസ്യാമ്മ (റിട്ട. ടീച്ചർ സെ. തോമസ് ആനിക്കാട്). മക്കൾ: റോസ്മി തോമസ് (ടീച്ചർ ജിയുപിഎസ് ചീരഞ്ചിറ), ജോട്ട്ളി പ്ലാത്തറയിൽ (യുഎസ്). മരുമക്കൾ: ഡി. തോമസ് കൊടുവന്തറ കുരിശുമ്മൂട്, ജ്യോതിനി മാളിയേക്കൽ ചമ്പക്കുളം (യുഎസ്).

**വൈക്കം:** നേരേകടവ് മാടവനത്തറ വീട്ടിൽ രാമകൃഷ്ണൻ (89) അന്തരിച്ചു.

**കൊട്ടാരക്കര:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ കരിക്കം ഐപ്പെള്ളൂർ ഏദൻ നഗർ 109 പണയിൽ വീട്ടിൽ ജി. ജോൺകുട്ടി (81) അന്തരിച്ചു.

**ചാലക്കുടി:** സൗത്ത് ഇന്ത്യൻ ബാങ്ക് റിട്ട. ചീഫ് മാനേജർ കല്ലിങ്കൽ വിൽസൺ (66) അന്തരിച്ചു.

**വള്ളംകുളം:** പ്ലാക്കൂട്ടത്തിൽ പി.സി. തമ്പി (76)അന്തരിച്ചു.

## എൻ. പുരുഷോത്തമൻ നായർ



**തിരുവനന്തപുരം:** റിട്ട. ഗവ. അണ്ടർ സെക്രട്ടറി എൻ. പുരുഷോത്തമൻ നായർ (74) അന്തരിച്ചു. ചേർത്തല തുറവൂർ സ്വദേശിനിയാണ് ഭാര്യ എസ്. ഗീത (റിട്ട. റെയിൽവേ ഓഫീസർ). മക്കൾ: ലക്ഷ്മി (യുഎസ്), വിഘ്നേഷ്. മരുമക്കൾ: സുജേഷ് (യുഎസ്), ലക്ഷ്മിപ്രിയ.

**തിരുവനന്തപുരം:** ടെക്നോ പാർക്ക് സ്ഥാപക ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജി. വിജയരാഘവന്റെ അമ്മ ആറ്റിങ്ങൽ മാർക്കറ്റ് റോഡ് കക്കാട്ടുവിള ബംഗ്ലാവിൽ കെ. സുമതിക്കുട്ടിയമ്മ (99) അന്തരിച്ചു.

**മീനടം:** ചാരോത്ത് വടക്കേൽ സി.കെ. തോമസ് (കുട്ടച്ചൻ-96) അന്തരിച്ചു.

**വടവാതൂർ:** അരൂർ പ്രാഗാമറൈൻ മുൻ മാനേജർ ചക്കാലക്കൽ ഷാജി മാത്യു (87) അന്തരിച്ചു.

**ചാമക്കാല:** മലയിൽ എം. ജെ. ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (87) അന്തരിച്ചു.

**അമയന്നൂർ:** കള്ളക്കുളത്തായ ഒറവയ്ക്കൽ ഒ.ഇ. ഏബ്രഹാമിന്റെ ഭാര്യ സാറാമ്മ ഏബ്രഹാം (75) അന്തരിച്ചു.

**തൊടുപുഴ:** ഹൈക്കോടതി അഭിഭാഷകൻ മാപ്ലശേരിയിൽ അഡ്വ. അലക്സ് എം. സ്കറിയ (45) അന്തരിച്ചു.

**പുതകുഴി:** കാവാലം നിലവുംതറയിൽ സിറിയക് ജോസ് (അപ്പച്ചൻ-85) അന്തരിച്ചു.

**ചെത്തിപ്പുഴ:** പുളിക്കത്തടത്തിൽ പി.എം. മാത്യു (കുഞ്ഞൂട്ടി-89) അന്തരിച്ചു.

**കുന്നന്താനം:** പാലയ്ക്കാതകിടി തങ്കമ്മ തോമസ് (94) അന്തരിച്ചു.

**മരങ്ങാട്ടുപിള്ളി:** ഇളശ്ശേരിയിൽ ഏബ്രഹാം ഇ. ഫ്രഞ്ചി (ബേബി-72) അന്തരിച്ചു.

**കടുത്തുരുത്തി:** ഇറിഗേഷൻ വിഭാഗം മുൻ എൻജിനീയർ പാഴുത്തുരുത്ത് പടിഞ്ഞാറേവീട്ടിൽ ഔസേഫ് ചെറിയാൻ (അപ്പച്ചൻ-64) അന്തരിച്ചു.

**കായംകുളം:** കേരള ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ സംസ്ഥാന വൈസ് പ്രസിഡണ്ടും മുൻ ഹെൽത്ത് സൂപ്പർവൈസറുമായിരുന്ന കണ്ടല്ലൂർ പുതിയവിള വളയക്കകത്ത് ആർ. ശിവരാമൻപിള്ള (86) അന്തരിച്ചു.

**തിടനാട്:** കൂട്ടുങ്കൽ തോമസ് മാത്യു (ബേബി-50) അന്തരിച്ചു.

## ടി.വി. ജേക്കബ്

**കുമ്പനാട്:** ദോഹ അൽനാസർ കമ്പനി മുൻ ഉദ്യോഗസ്ഥൻ കീക്കോട്ടിൽ പൂവത്തൂർ മേലേക്കിഴക്കേതിൽ തുണ്ടുമണ്ണിൽ ടി. വി. ജേക്കബ് (കുഞ്ഞുമോൻ-71) അന്തരിച്ചു. ഭാര്യ കീഴ്വായ്പൂര് തൈക്കൂട്ടത്തിൽ മേരി ജേക്കബ്. മക്കൾ: അബീന ജേക്കബ് (യുഎസ്), എഴുത്തുകാരനും ഗാനരചയിതാവുമായ അഭിനാഷ് തുണ്ടുമണ്ണിൽ (യുഎസ്). മരുമക്കൾ: അടൂർ മേലൂട്ട് പുത്തൻവീട്ടിൽ ജെൻസൺ (യുഎസ്), നിരണം മാമൂട്ടത്ത് മൂലയ്ക്കൽ നീതു (യുഎസ്).

**കിഴക്കൻമുത്തൂർ:** കൊട്ടാരത്തിൽ പാട്ടപ്പറമ്പിൽ ബേബി മാത്യു (79) അന്തരിച്ചു.

**മുതലക്കോടം:** ഞറുക്കുറ്റി തുണ്ടത്തിൽ റോസമ്മ അഗസ്റ്റിൻ (87) അന്തരിച്ചു.

**തൃശൂർ:** ഗവ. മെഡിക്കൽ സിവിൽ സർജനായിരുന്ന ആമ്പക്കാടൻ ജംഗ്ഷൻ ഉദയനഗറിൽ ഡോ. ആന്റണി ജെ. മാളിയേക്കൽ (91) അന്തരിച്ചു.

**അതിരമ്പുഴ:** മദർ തെരേസ റോഡിൽ മണ്ണൂശേരിൽ തങ്കമ്മ സെബാസ്റ്റ്യൻ (84) അന്തരിച്ചു.

## മറിയാമ്മ വർഗീസ്

**മാൻവെട്ടം:** കടുങ്ങാപ്പള്ളിൽ മറിയാമ്മ വർഗീസ് (83) അന്തരിച്ചു. വാലാച്ചിറ നെടിയകാലായിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ്. മക്കൾ: ആനിയമ്മ (യുഎസ്), ജോഷി, ജോളി. മരുമക്കൾ: തോമസ് വർഗീസ് കോന്നി (യുഎസ്), തെരേസ സേവ്യർ പുതുവേലിൽ (ചമ്പക്കുളം), അലക്സ് ജോസഫ് കുറ്റിക്കോട്ടയിൽ കെഎഫ്സി (കീഴൂർ).

**അയ്മനം:** തിരുവാറ്റ കാണകാട്ടുശേരിയിൽ ഇന്ത്യൻ നേവി മുൻ ഉദ്യോഗസ്ഥൻ കെ.കെ. അലക്സാണ്ടർ (അച്ചൻകുഞ്ഞ്-76) അന്തരിച്ചു.

**കുടമാളൂർ:** അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് ബാങ്ക് (കോട്ടയം) മുൻ സെക്രട്ടറി കുടമാളൂർ ഭാവനയിൽ ആർ.സി. നായർ (85) അന്തരിച്ചു.

**കൊച്ചി:** കൊച്ചിൻ യൂണിവേഴ്സിറ്റി റിട്ട. ജോ. രജിസ്ട്രാർ മാമംഗലം യാത്രി നിവാസ് ലെയ്നിൽ ശക്തിയിൽ കുഞ്ഞുഞ്ഞമ്മ (81) അന്തരിച്ചു.

**തൃക്കൊടിത്താനം:** കുറ്റിയിൽ പരേതനായ ഏബ്രഹാമിന്റെ ഭാര്യ മറിയാമ്മ (മോളി-63) അന്തരിച്ചു.

**പാമ്പാടി:** മുവേലിൽ സെബാസ്റ്റ്യൻ ജോസഫ് (അപ്പച്ചൻ-67) അന്തരിച്ചു.

**ചിങ്ങവനം:** മണിമലപ്പാറയിൽ പരേതനായ ഉതുപ്പാന്റെ ഭാര്യ ശോശാമ്മ ഉതുപ്പാൻ (96) അന്തരിച്ചു.

**പാറമ്പുഴ:** കോൺട്രാക്ടർ ചെറുപ്പേത്ത് കെ.ജെ. ജോസഫ് (കുട്ടപ്പൻ-85) അന്തരിച്ചു.

**അമനകര:** താന്നിയിൽ പുത്തൻപുരയ്ക്കൽ ഏലിക്കുട്ടി ജോസഫ് (95) അന്തരിച്ചു.

## പി.ഡി. കുര്യൻ

**ഏറ്റുമാനൂർ:** റിട്ട. സുബേദാർ പൂവംനിൽക്കുന്നതിൽ പി.ഡി. കുര്യൻ (അപ്പച്ചൻ-86) അന്തരിച്ചു. ഭാര്യ ചെങ്ങളംകുന്നേൽ ഏലിക്കുട്ടി. മക്കൾ: വിനോയ് കുര്യൻ (യുഎസ്), പ്രിയ ജയ് (കാരിത്താസ് ഫാർമസി കോളജ്). മരുമക്കൾ: ആൻസി വിനോയ് തോട്ടാശേരി ചങ്ങനാശേരി (യുഎസ്), ജയ് മാത്യു ചക്കാലക്കൽ അതിരമ്പുഴ.

**കല്ലിശേരി:** എടത്വ പുത്തൻപുരയ്ക്കൽ (മാളിയേക്കൽ) കുടുംബാംഗമായ പി.സി. ജേക്കബ് (തങ്കച്ചൻ-86) അന്തരിച്ചു.

**കലൂർ:** റിട്ട. എൽഐസി മാനേജർ ഷേണായ് റോഡ് പുലിക്കോട്ടിൽ (ഏനാമാക്കൽ) ജേക്കബ് പി. ആന്റണി (72) അന്തരിച്ചു.

**പാലാ:** തൊമ്മനാമറ്റം ചെറിയാന്റെയും സെലിന്റെയും മകൻ റോബിൻ ചെറിയാൻ (44) അന്തരിച്ചു.

**കോതമംഗലം:** മാർ അത്തനേഷ്യസ് എൻജിനീയറിങ് കോളജ് റിട്ട. പ്രഫസർ കീരംപാറ ആശാരികുടിയിൽ എ.പി. കുര്യാക്കോസ് (82) അന്തരിച്ചു.

**ഇടപ്പള്ളി:** ബിടിഎസ് റോഡ് കോയിൽപറമ്പിൽ സെലിൻ ആന്റണി (75) അന്തരിച്ചു.

**വാഴക്കുളം:** പുല്പ്പറമ്പിൽ (എടമനകളത്തി) പി.വി. ആന്റണി (68) അന്തരിച്ചു.

**കല്ലൂർക്കാട്:** മണിയന്ത്രം നെടുങ്കല്ലേൽ (പടിഞ്ഞാറ്റിൽ) ആഗസ്തി ചാക്കോയുടെയും ത്രേസ്യാമ്മയുടെയും മകൻ അജിത് ജേക്കബ് (29) അന്തരിച്ചു.

**വാകത്താനം:** പുത്തൻചന്ത കുന്നത്ത് വീട്ടിൽ തോമസ് മത്തായിയുടെയും മോളി തോമസിന്റെയും മകൻ കൊച്ചുമോൻ തോമസ് (50) അന്തരിച്ചു.

**ഇരവിപേരൂർ:** മുത്തേടത്ത് തെക്കുംതല ശോശാമ്മ ജേക്കബ് (97) അന്തരിച്ചു.

**തിരുവഞ്ചൂർ:** പറമ്പുകര പാണംകുളം വീട്ടിൽ ജോസഫ് കുര്യന്റെയും സാറാമ്മയുടെയും മകൻ മനോജ് ജോസഫ് (39) അന്തരിച്ചു.

**ചങ്ങനാശേരി:** പ്ലാന്റേഷൻ കോർപറേഷൻ റിട്ട കൺസ്ട്രക്ഷൻ എൻജിനീയർ ഫാത്തിമാപുരം മാപ്പിളശേരി ഔസേപ്പച്ചൻ (തോമസ് ജോസഫ്-82) അന്തരിച്ചു.

**ചങ്ങനാശേരി:** കോയിപ്പള്ളി പരേതനായ ജോസഫ് ദേവസ്യായുടെ ഭാര്യ കുഞ്ഞൂഞ്ഞമ്മ ജോസഫ് (80) അന്തരിച്ചു.

**പ്രവിത്താനം:** പകലോമറ്റം കളത്തുകുളങ്ങര പുല്ലുമാക്കൽ ജോസഫ് മൈക്കിൾ (പാപ്പച്ചി-81) അന്തരിച്ചു.

**എടത്വ:** അമ്പിയായം ത്രേസ്യാമ്മ ബെനഡിക്ടോസ് (മാമ്മിക്കുട്ടി-92) അന്തരിച്ചു.

**പാമ്പാടി:** വേമ്പിൻചിറ റിട്ട. അദ്ധ്യാപിക വി.ജെ. സാറാമ്മ (88) അന്തരിച്ചു.

# COMMERCIAL BUILDING FOR SALE AT KURAVILANGAD, KOTTAYAM

കുറവിലങ്ങാട് ജംഗ്ഷനിൽ M.C Road സൈഡിൽ 30 സെന്റ് സ്ഥലത്തോട് കൂടി 3 നിലയിലുള്ള commercial building (Aprx. 10,000 ചതുരശ്ര അടി) വില്പനയ്ക്ക്. NRI-കാർക്ക് മുൻഗണന. Owners retiring! Great investment opportunity! Mostly rented by banks!

**Serious buyers please contact**

**(USA) 1 (407) 312 9926 OR 1908 764 0342 OR**

**E-mail: medqis@gmail.com**

# LAND FOR SALE

**ARUNOOTTIMANGALAM, 5KM NORTH OF KADUTHURUTHY, KOTTAYAM DISTRICT**

1.8 acres near st. joseph's church, facing main rd. ( 270ft), back borders old paddy field so well water available.

**Contact:** USA- **630-209-5535,**
KERALA- **9447572102**

# LOOKING FOR LIVE-IN CAREGIVER IN DETROIT

Looking for a female caregiver for an 84 year old woman. (Preferably Malayalam speaking) in Detroit to assist with her daily activities. If you are interested,

**please contact**

**Joji Varughese 586-610-9932**

**for more information.**

# HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Dallas*

## *Favors Received*



*Saint Alphonsamma*

*Inserted by: Firm Believer, Dallas*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**

# ചിക്കാഗോ മലയാളി സമൂഹം പ്രസിഡണ്ട് ട്രംപിന്റെ സത്യപ്രതിജ്ഞയോടനുബന്ധിച്ച് പൊതുസമ്മേളനം നടത്തുന്നു

**ജോഷി വള്ളിക്കളം**

ചിക്കാഗോ: ജനുവരി 20-ന് അമേരിക്കയുടെ 47-ാമത്തെ പ്രസിഡണ്ടായി സത്യപ്രതിജ്ഞചെയ്ത് രണ്ടാംപ്രാവശ്യം അധികാരമേറ്റെടുക്കുന്ന ട്രംപിനോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഇദംപ്രഥമമായി ചിക്കാഗോ മലയാളികൾ അന്നേദിവസം വൈകുന്നേരം 6.30-ന് മോർട്ടൻഗ്രോവിലുള്ള സെ. മേരീസ് ക്നാനായ ഹാളിൽ വെച്ച് ഡിന്നറോടു കൂടി യോഗം ചേരുന്നതാണ്.

ഇന്നുവരെ അമേരിക്ക കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും സുശക്തമായ രീതിയിൽ ഭരണസ്ഥിരത ഉറപ്പുവരുത്തുന്ന രീതിയിലുള്ള ഭരണസംവിധാനം കാഴ്ചവെക്കുന്നതിനാണ് ട്രംപ് മുന്നോട്ടുവന്നിരിക്കുന്നത്. അതിന് ഏറ്റവും കഴിവുറ്റ വിവേക് രാമസ്വാമിയും പ്രമുഖ ബിസിനസുകാരനുമായ ഇലോൺ മസ്കും അതിനു തെളിവാണ്. നമ്മുടെ രാജ്യം ബിസിനസ് മേഖലയിൽ ബഹുമുഖം മുന്നോട്ടു നീങ്ങുന്നതോടൊപ്പം രാജ്യത്തിന്റെ അതിർവരമ്പുകൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിലും മറ്റാരേക്കാളും ശക്തമായി മുന്നോട്ടു നയിക്കും എന്ന കാര്യത്തിലും ആർക്കും യാതൊരു സംശയവുമില്ല. ട്രംപിന്റെ കരങ്ങൾക്ക് ശക്തിപകരുന്നതിന്റെ ഭാഗമായിട്ടാണ് ചിക്കാഗോ മലയാളികൾ സജീവമായി മുന്നോട്ടു വരികയും ഇങ്ങനെയൊരു പൊതുസമ്മേളനം നടത്തുന്നതിനായി ആഗ്രഹം പ്രകടമാക്കിയിരിക്കുന്നതും.

ജനുവരി 20-ന് വൈകുന്നേരം 6.30-ന് St. Marys Knanaya hall, 7800 Lyons st. Morton Grove വെച്ച് നടത്തുന്ന പൊതുസമ്മേളനം ചിക്കാഗോയിലെ പ്രമുഖ റേഡിയോളജിസ്റ്റായ ഡോ. ബിനു ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നതും അമേരിക്കയിലെ ഡിഫൻസ് ബിസിനസ് കോൺട്രാക്ടർ ചിക്കാഗോ ലൂയി, ആൽകോ ഫണ്ടിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഗ്ലോബൽ ബിസിനസ് ലീഡറുമായ ജോർജ് മൊളക്കൽ, അമേരിക്കൻ ഡിഫൻസിൽ റിസേർച്ച് ആൻഡ് ഡെവലപ്മെന്റ് വിഭാഗത്തിലെ സീനിയർ പ്രോജക്ട് മാനേജരായ സോളി കുര്യൻ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതാണ്. പ്രസ്തുത പരിപാടിയുടെ കോ-ഓർഡിനേറ്റർമാരായി മോനു വർഗീസ് (847 946 4749), ജോൺ പാട്ടപ്പതി (847 312 7151), പീറ്റർ കുളങ്ങര, ടോമി ഇടത്തിൽ, ലെജി പട്ടരുമഠത്തിൽ, മനോജ് അച്ചേട്ട്, ഡോ. സിബിൾ ഫിലിപ്പ്, ശ്രീജയ നഷാന്ദ്, മോനി വർഗീസ്, കാൽവിൻ കവലയ്ക്കൽ, ജോഷി വള്ളിക്കളം (312 685 6749) എന്നിവരാണ്. എല്ലാവരെയും പരിപാടിയിലേക്ക് സ്നേഹപൂർവം ക്ഷണിച്ചുകൊള്ളുന്നു.

# ഡിട്രോയിറ്റ്–വിൻഡ്സർ ക്നാനായ കാത്തലിക് സൊസൈറ്റിക്ക് നവനേതൃത്വം

ഡിട്രോയിറ്റ്: ഡിട്രോയിറ്റ്-വിൻഡ്സർ എന്നിവിടങ്ങളിൽ സ്ഥിരതാമസമാക്കിയ ക്നാനായ കത്തോലിക്കാ വിശ്വാസികളെ ഒരു കുടക്കീഴിൽ അണിനിരത്തുക എന്ന ലക്ഷ്യത്തോടെ 1993-ൽ സ്ഥാപിതമായ ക്നാനായ കാത്തലിക് സൊസൈറ്റി ഡിട്രോയിറ്റ്-വിൻഡ്സറിന്റെ 2025-2026 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി ഡിസംബർ 28-ന് നടന്ന ക്രിസ്മസ് ആഘോഷം/ജനറൽ ബോഡി/ ഇലക്ഷനിൽ വെച്ച് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.




സ്പിരിച്വൽ ഡയറക്ടർ ഫാ. ജോസഫ് തറക്കൽ പുതിയ ഭരണസമിതിക്ക് സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു. പ്രസിഡണ്ട്-ജെയിൻ മാത്യൂസ് കണ്ണച്ചാംപറമ്പിൽ, വൈസ് പ്രസിഡണ്ട്-തോമസ് സിറിയക് പൊക്കന്താനം, സെക്രട്ടറി-ജിൻസ് ജോൺ താനത്ത്, ജോയിന്റ് സെക്രട്ടറി-എബിൻ ഏബ്രഹാം വെട്ടിക്കാട്ട്, ട്രഷറർ-സ്റ്റീഫൻ കുര്യാക്കോസ് താന്നിക്കുഴിപ്പിൽ, നാഷണൽ കൗൺസിൽ മെംബർമാരായി ജോബി തോമസ് മംഗലത്തേട്ട്, ജെയിംസ് കുപ്ലിക്കാട്ട് എന്നിവരും കമ്മിറ്റി മെംബർമാരായി ലിബു താമരപ്പള്ളിൽ, അനൂപ് ചാമക്കാലാതടത്തിൽ, മൈക്കിൾ ചെമ്പോല എന്നിവരും, വിമൻസ് ഫോറം പ്രസിഡണ്ട് സുജ സണ്ണി വെട്ടിക്കാട്ട്, കിഡ്സ് ക്ലബ് കോ-ഓർഡിനേറ്റർ ആഞ്ജല ലിസ് മുട്ടത്തിൽ, കെ.സി.വൈ.എൽ പ്രസിഡണ്ട് നെസ്സിയ തോമസ് മുകളേൽ എന്നിവരും ഉൾപ്പെടുന്നതാണ് പുതിയ ഭരണസമിതി. അലക്സ് കോട്ടൂർ, ബാബു ഇട്ടൂപ്പ്, രാജു കക്കാട്ടിൽ എന്നിവർ ചേർന്ന ഇലക്ഷൻ കമ്മിഷൻ തെരഞ്ഞെടുപ്പ് പ്രക്രിയകൾക്ക് നേതൃത്വം നല്കി.

കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പ്രസിഡണ്ട് സജി മരങ്ങാട്ടിൽ, സെക്രട്ടറി ഷാജൻ മുകളേൽ ഭരണസമിതിക്ക് നന്ദി അർപ്പിക്കുന്നതോടൊപ്പം ഇനി വരുന്ന രണ്ട് വർഷക്കാലം എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് പ്രസിഡണ്ട് ജെയിൻ കണ്ണച്ചാംപറമ്പിൽ അഭ്യർത്ഥിച്ചു.

# ഛത്തീസ്ഗഢിൽ ഏറ്റുമുട്ടലിൽ അഞ്ച് മാവോയിസ്റ്റുകളെ വധിച്ചു

ബിജാപുർ: ഛത്തീസ്ഗഢിലെ ബിജാപൂരിൽ സുരക്ഷാസേന ഏറ്റുമുട്ടലിൽ രണ്ട് സ്ത്രീകളുൾപ്പെടെ അഞ്ച് മാവോയിസ്റ്റുകളെ വധിച്ചു. ഇന്ദ്രാവതി നാഷണൽ പാർക്ക് വനമേഖലയിൽ മദ്ദേഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ ജനുവരി 12-ന് രാവിലെയാണ് ഏറ്റുമുട്ടൽ തുടങ്ങിയത്.

മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനായി പുറപ്പെട്ട സുരക്ഷാസേനയുടെ സംയുക്ത സംഘത്തിനു നേരെയാണ് ആദ്യം ആക്രമണം നടന്നത്. ജില്ലാ റിസർവ് ഗാർഡ്, പ്രത്യേക ദൗത്യസേന എന്നിവരുൾപ്പെടുന്ന സംഘം തിരിച്ചടിച്ചു.

ഏറ്റുമുട്ടലിനുശേഷം മാവോയിസ്റ്റുകളുടെ മൃതദേഹം കിടന്ന സ്ഥലത്തു നടത്തിയ പരിശോധനയിൽ തോക്കുകളും സ്ഫോടകവസ്തുക്കളും കണ്ടെത്തി. ഈ വർഷം ഇതുവരെ 12 മാവോയിസ്റ്റുകളെയാണ് വിവിധ ഏറ്റുമുട്ടലുകളിൽ സുരക്ഷാസേന വധിച്ചത്.

കഴിഞ്ഞ ആറാം തീയതി നാരായൺപുർ-ദന്തേവാഡ, ബിജാപുർ ജില്ലകളുടെ അതിർത്തിയിൽ നടന്ന ഏറ്റുമുട്ടലിൽ രണ്ട് സ്ത്രീകൾ ഉൾപ്പെടെ അഞ്ച് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിരുന്നു.

ഒമ്പതാംതീയതി സുക്മയിൽ ഏറ്റുമുട്ടലിൽ മൂന്ന് മാവോയിസ്റ്റുകളും കൊല്ലപ്പെട്ടു. ജനുവരി മൂന്നിന് റായ്പുരിൽ ഏറ്റുമുട്ടലിൽ ഒരു മാവോയിസ്റ്റും കൊല്ലപ്പെട്ടുവെന്ന് സുരക്ഷാസേനയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

# പി.വി. അൻവർ എംഎൽഎ സ്ഥാനം രാജിവെച്ചു

(ഒന്നാം പേജിൽ നിന്നും)

ഔദ്യോഗികമായി കൂടുതൽ കാര്യങ്ങൾ പറയാനാകില്ലെന്നും പരിമിതികളുണ്ടെന്നും അദ്ദേഹം പറഞ്ഞു. അൻവറിന്റെ നേതൃത്വത്തിൽ കേരളത്തിൽ പുതിയ കമ്മിറ്റി നിലവിൽ വരുമെന്നു ദേശീയ നേതൃത്വം അറിയിച്ചു.

എംഎൽഎ സ്ഥാനം രാജിവെച്ച് അൻവറിനോട് ഒറ്റയ്ക്ക് മത്സരിക്കാനാണ് തൃണമൂൽ ആവശ്യപ്പെട്ടിരിക്കുന്നത്. തോറ്റാൽ കൈവിടില്ലെന്നും ഉറപ്പു നല്കി. വിജയിച്ചാൽ തൃണമൂൽ എംഎൽഎ ആയി നിയമസഭയിൽ തുടരാം, അല്ലെങ്കിൽ രാജ്യസഭയിലേക്കു വിടാമെന്നുമാണ് തൃണമൂലിന്റെ നിലപാട്. പാർട്ടിയിൽ ചേരാനുള്ള ചർച്ചകൾക്കിടെ അൻവർ മുന്നോട്ടുവെച്ച ഉപാധിയായിരുന്നു രാജ്യസഭാ സീറ്റ്.

കഴിഞ്ഞവർഷം സെപ്റ്റംബർ 26-നാണ് മുഖ്യമന്ത്രിക്കും സിപിഎമ്മിനുമെതിരെ രൂക്ഷവിമർശനമുന്നയിച്ച പി.വി. അൻവർ ഇടതുമുന്നണി വിട്ടത്. തുടർന്ന് സിപിഎം അൻവറുമായുള്ള എല്ലാ ബന്ധവും അവസാനിപ്പിച്ചു. തുടർന്ന് അൻവർ രാഷ്ട്രീയ വിശദീകരണ യോഗം നടത്തി. പുതിയ പാർട്ടി രൂപീകരിക്കില്ലെന്നു പ്രഖ്യാപിച്ചെങ്കിലും ദിവസങ്ങൾക്കകം തമിഴ്നാട്ടിലെ ഡിഎംകെയുമായി ചേരാൻ അൻവർ ചർച്ച നടത്തി. ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള എന്ന സാമൂഹിക കൂട്ടായ്മ പ്രഖ്യാപിച്ചു. ന്യൂഡൽഹിയിൽ കോൺഗ്രസ് നേതൃത്വവുമായി അൻവർ ചർച്ച നടത്തിയിരുന്നു. ഇതിനിടെ ജനുവരി 5-ന് നിലമ്പൂർ വനം നോർത്ത് ഡിഎഫ്ഒ ഓഫീസ് ആക്രമണക്കേസിൽ പി.വി. അൻവറിനെ അറസ്റ്റ് ചെയ്തു ജയിലിലാക്കിയെങ്കിലും പിറ്റേന്ന് ജാമ്യം ലഭിച്ചു. പാണക്കാട്ടെത്തി മുസ്ലിം ലീഗ് നേതാക്കളുമായും സാദിഖലി തങ്ങളെയും പി.കെ. കുഞ്ഞാലിക്കുട്ടിയേയും കണ്ട് ചർച്ച നടത്തിയിരുന്നു.

# സിഎജി റിപ്പോർട്ട്

(4-ാം പേജിൽനിന്നും)

2021-ൽ അവതരിപ്പിച്ച മദ്യനയം ഡൽഹിയിലെ മദ്യ റീട്ടെയിൽ ലാൻഡ്സ്കേപ് നവീകരിക്കാനും വരുമാനം വർധിപ്പിക്കാനും ലക്ഷ്യമിട്ടുള്ളതായിരുന്നു. എന്നാൽ ഡൽഹി മുഖ്യമന്ത്രിയായിരിക്കെ അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റ് അടക്കമുള്ള നടപടികളിലേക്ക് മദ്യനയം എത്തിച്ചേർന്നു.

കെജ്രിവാളിനുപുറമെ ഉപമുഖ്യമന്ത്രിയായിരുന്ന മനീഷ് സിസോദിയ, ബിആർഎസ് നേതാവ് കെ. കവിത തുടങ്ങിയവരെയും കേന്ദ്ര അന്വേഷണ ഏജൻസികൾ മദ്യനയ അഴിമതിയുടെ പേരിൽ അറസ്റ്റ് ചെയ്തു.

എന്നാൽ, കാര്യമായ തെളിവുകൾ സമർപ്പിക്കാൻ അന്വഷണ ഏജൻസികൾ പരാജയപ്പെട്ടതും ചൂണ്ടിക്കാട്ടി കെജ്രിവാളടക്കമുള്ള നേതാക്കൾക്ക് ജാമ്യം അനുവദിച്ചു.

# പി. ജയചന്ദ്രൻ ഓർമയായി

(4-ാം പേജിൽനിന്നും)

തുടർന്നു സർക്കാരിന്റെ ഔദ്യോഗിക ബഹുമതികൾക്ക്ശേഷം മകൻ ദിനനാഥ് ചിതയ്ക്കു തീ കൊളുത്തി. സംസ്കാരം നേരത്തെ ആക്കിയതിനാൽ ഒട്ടേറെപ്പേർക്കു പ്രിയഗായകനെ അവസാനമായി കാണാനായില്ല. പലരും ചിതയുടെ മുന്നിൽ കണ്ണീരടക്കാനാകാതെ കൈകൂപ്പി നിന്നു.

മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി ഭാഷകളിൽ 15,000-ത്തിലധികം ഗാനങ്ങൾ ആലപിച്ച പി. ജയചന്ദ്രൻ അഞ്ചു പതിറ്റാണ്ടിലധികം സിനിമ, ലളിതഗാനം, ഭക്തിഗാനം, ടിവി, സ്റ്റേജ് ഷോകളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു. മികച്ച ഗായകനുള്ള ദേശീയ, സംസ്ഥാന അവാർഡുകൾ ലഭിച്ചു.

മികച്ച ഗായകനുള്ള സംസ്ഥാന സിനിമാപുരസ്കാരത്തിന് അഞ്ചു തവണ അർഹനായി. തമിഴ്നാട് സംസ്ഥാന സർക്കാരിന്റെ മികച്ച ഗായകനുള്ള പുരസ്കാരം നാലുതവണ നേടിയ ജയചന്ദ്രനെ കലൈമാമണി പുരസ്കാരം നൽകി ആദരിച്ചു.


2021-ൽ ജെ.സി. ഡാനിയേൽ പുരസ്കാരം നേടി. ഏഷ്യാനെറ്റ് ഫിലിം അവാർഡുകൾ, സ്വരലയ കൈരളി യേശുദാസ് പുരസ്കാരം, ഹരിവരാസനം അവാർഡ്, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ അവാർഡ്, മഴവിൽ മാംഗോ മ്യൂസിക് അവാർഡ് തുടങ്ങി ധാരാളം പുരസ്കാരങ്ങൾ കരസ്ഥമാക്കി.

സംഗീതജ്ഞനായ തൃപ്പൂണിത്തുറ രവിവർമ കൊത്തനിയൻ തമ്പുരാന്റെയും സുഭദ്രക്കുഞ്ഞമ്മയുടെയും മകനായി 1944-ൽ എറണാകുളം രവിപുരത്താണു ജനനം. പിന്നീട് ഇരിങ്ങാലക്കുടയിലേക്കു താമസം മാറ്റി. അവസാന കാലഘട്ടത്തിൽ പൂങ്കുന്നം സീതാറാം മിൽ ലെയ്നിലെ വിസ്മയ ഫ്ളാറ്റിലായിരുന്നു താമസം. ഭാര്യ: ലളിത. മക്കൾ: ലക്ഷ്മി, ദിനനാഥ്.

മൃദംഗവാദകൻ കൂടിയായ ജയചന്ദ്രൻ സ്കൂൾതലത്തിൽ നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽനിന്ന് സുവോളജിയിൽ ബിരുദംനേടിയശേഷം ചെന്നൈയിലേക്കുപോയ ജയചന്ദ്രൻ 1965-ൽ കുഞ്ഞാലിമരയ്ക്കാർ എന്ന ചിത്രത്തിൽ 'ഒരു മുല്ലപ്പൂമാമലയാളം' എന്ന ഗാനമാണ് ആദ്യമായി ആലപിച്ചത്.

എന്നാൽ സംഗീതസംവിധായകൻ ജി. ദേവരാജൻ-പി. ഭാസ്കരൻ കൂട്ടുകെട്ടിൽ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി' എന്ന ഗാനമാലപിച്ചതോടെ പിന്നണി ഗാനരംഗത്തും ചുവടുറപ്പിക്കുകയായിരുന്നു.

# ഏകാന്തപഥികനായ സംഗീതോപാസകൻ



മലയാളിയുടെ കാതോരംചേർന്ന് ദശാബ്ദങ്ങളായി സ്നേഹാർദ്രം പാടിക്കൊണ്ടിരുന്ന ഏറെ പ്രിയങ്കരമായൊരു ഗാനമാണു തീർന്നുപോയത്. ഭാവസൗന്ദര്യത്തിന്റെ ആ കടത്തുവള്ളം യാത്രയാകുമ്പോൾ കരയിലിതാ നാം മാത്രമാകുന്നു.

ഒരു യുദ്ധകാലമാണു പാട്ടിന്റെ പടനായകനായി പാലിയത്ത് ജയചന്ദ്രനെ മലയാളത്തിനു സമ്മാനിച്ചത്. 1965-ലെ ഇന്ത്യ-പാക്കിസ്ഥാൻ യുദ്ധം നടക്കുന്നു. ദുരിതബാധിതർക്കുള്ള ധനസമാഹരണത്തിനായി നടത്തിയ ഗാനമേളയിൽ 'ചൊട്ട മുതൽ ചുടല വരെ' എന്ന യേശുദാസ് ഗാനം പാടിയ ചെറുപ്പക്കാരനെ, പരിപാടിക്കു നേതൃത്വം നൽകിയ സംഗീതസംവിധായകൻ എം.ബി. ശ്രീനിവാസൻ ശ്രദ്ധയിൽ വെച്ചു. ആർ.കെ. ശേഖറിന്റെ പ്രോഗ്രാമിങ്ങിലായിരുന്നു പരിപാടി.

രണ്ടുപേരുടെയും കണ്ണിലും കാതിലും പതിഞ്ഞ ഇരുപത്തൊന്നുകാരനെ അടുത്ത കൊല്ലം 'കുഞ്ഞാലിമരയ്ക്കാറി'ലൂടെ പാട്ടിന്റെ മുല്ലപ്പൂമാല കൊരുക്കാൻ ക്ഷണിച്ചത് ചിദംബരനാഥും. 'ഒരു മുല്ലപ്പൂമാലയുമായ്...' എന്ന ആദ്യ ഗാനം കൂടെപ്പാടിയത് കോഴിക്കോട്ടുകാരി പ്രേമ. പക്ഷേ, കളിത്തോഴനിലെ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി' ആസ്വാദകരുടെ മനസ്സിലേക്കിറങ്ങാനായിരുന്നു ജയചന്ദ്രൻ നിയോഗം. മഞ്ഞലകൾ മായാതെ നിൽക്കുന്ന ധനുമാസച്ചന്ദ്രികയെ സാക്ഷിയാക്കിത്തന്നെയാണു ജയചന്ദ്രവിയോഗമെന്നതു പാട്ടിൽ പൊതിഞ്ഞ മലയാളത്തിന്റെ ഗദ്ഗദമായി എന്നും അവശേഷിക്കും.

സമൃദ്ധിയുടെയും ആഘോഷത്തിന്റെയും ബാല്യമായിരുന്നു ജയചന്ദ്രന്റേത്. അമ്മ പാലിയത്ത് സ്വരൂപത്തിലെ സന്തതി, അച്ഛൻ തൃപ്പൂണിത്തുറ രാജവംശത്തിലെ രവിവർമ കൊച്ചനിയൻ തമ്പുരാൻ. അച്ഛൻ സംഗീതത്തിന്റെ നിത്യോപാസകനായിരുന്നു. എന്നാൽ, വേദിയിൽ പ്രത്യക്ഷപ്പെടാനോ ആരാധകരെ സൃഷ്ടിക്കാനോ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. വളരെ നന്നായി പാടിയിരുന്നു. പക്ഷേ, അതു സ്വയം ആസ്വദിക്കാനും ആനന്ദിക്കാനും വേണ്ടിമാത്രം. 'പണി തീരാത്ത വീടി'ലെ നീലഗിരിയുടെ സഖികളേ...' പാടി 1972-ൽ ആദ്യ സംസ്ഥാന അവാർഡിലേക്കു ജയചന്ദ്രൻ നടന്നെത്തിയത് എം.എസ്. വിശ്വനാഥന്റെ സംഗീതത്തിലാണ്. ആദ്യഗാനത്തിൽത്തന്നെ റൊമാന്റിക് പ്രകൃതം തെളിയിച്ച ജയചന്ദ്രൻ പിൽക്കാലത്ത് 'ഐക്കോണിക്' ആയതും അത്തരം ഗാനങ്ങളിലാണ്. 'രാജീവനയനേ നീയുറങ്ങൂ...' പോലുള്ള ഗാനങ്ങൾ പ്രണയവും സാന്ത്വനവും ചേർന്ന ജയചന്ദ്രാലാപനം എംഎസ്‌വി സ്ഥിരപ്രതിഷ്ഠമാക്കി. 'ആയിരം ചുംബനസ്മൃതിസുമങ്ങൾ അധരത്തിൽ ചാർത്തി നീയുറങ്ങൂ...' എന്നു ജയചന്ദ്രൻ പാടുമ്പോൾ, പ്രണയാർദ്രരാകാതിരിക്കാൻ ആർക്കാവും!'

തന്നിലെ ശബ്ദോന്മാദിയെ കണ്ടെത്തിയതുകൊണ്ടല്ല, എംഎസ്‌വിയിലെ സംഗീതവൈഭവത്തോടുള്ള അദ്ഭുതാദരത്തോടെ ജയചന്ദ്രൻ പലപ്പോഴും പറഞ്ഞു: 'ഈ പ്രപഞ്ചത്തിലെ ഏറ്റവും വലിയ സംഗീതജ്ഞൻ എംഎസ്‌വി സാറാണ്. അദ്ദേഹത്തിനുവേണ്ടി ഞാനെന്റെ ജീവൻ കൊടുക്കും'. ഇനിയിപ്പോൾ, സ്വർഗത്തിലെ പ്രപഞ്ചമന്ദിരത്തിൽ, പണിതീരാത്ത പാട്ടുകളൊരുക്കി ഗുരുവും ശിഷ്യനും ആനന്ദസുപ്രഭാതങ്ങൾ തീർക്കട്ടെ.

എംഎസ്‌വി അന്നു കണ്ടെത്തിയ ജയചന്ദ്രനെ പിൽക്കാലം ശരിവെച്ചു. പ്രണയത്തിന്റെ പ്രളയത്തിൽ അലിഞ്ഞുതീരാനും മാത്രം ഗാനങ്ങൾ ജയചന്ദ്രൻ നമുക്കു പാടിത്തന്നു. ബോംബെ രവിയുടെ വരവറിയിച്ച 'കേവല മർത്യഭാഷ കേൾക്കാത്ത...' (നഖക്ഷതങ്ങൾ) ഗാനമൊക്കെ അത്തരമൊരു രണ്ടാം വരവിന്റെ കേളികൊട്ടായിരുന്നു. 'തൈപ്പൂയക്കാവടിയാട്ടം തങ്കമയിൽപ്പീലിയാട്ടം...' എന്നും 'തുള്ളിത്തുള്ളി നടക്കുന്ന കള്ളിപ്പെണ്ണേ...' എന്നും പാടി നൃത്തം ചെയ്യിപ്പിച്ച, 'കാട്ടുകുറിഞ്ഞി പൂവും ചൂടി...' സ്വപ്നം കാണിച്ച, 'മല്ലികപ്പൂവിൻ മധുരഗന്ധം...' മണപ്പിച്ച 'അശ്വതീനക്ഷത്രമേ എന്നഭിരാമ ചൈതന്യമേ...' എന്നു പാടിക്കൊതിപ്പിച്ച ഗായകൻ 'പ്രായം നമ്മിൽ മോഹം നൽകി...' എന്ന പാട്ടിൽ യുവത്വത്തിന്റെ പ്രതീകമായ ശബ്ദമായത്, മലയാള സംഗീതലോകത്തെ ഏറ്റവും വിസ്മയാവഹമായ മടങ്ങിയെത്തലുകളിലൊന്നായിരുന്നു. 21 വർഷത്തിനുശേഷം 1999-ൽ ജയചന്ദ്രനു മൂന്നാമത്തെ സംസ്ഥാന അവാർഡ് കിട്ടിയത് ഈ പാട്ടിലൂടെയാണ്. 2004-ൽ 'നീയൊരു പുഴയായ്...', 2015-ൽ 'മലർവാകക്കൊമ്പത്ത്...', 'ശാരദാംബരം...' (ഞാനൊരു മലയാളി എന്ന ഗാനവും) എന്നീ ഗാനങ്ങളിലും സംസ്ഥാന അവാർഡ് ജയചന്ദ്രനെ ആദരിച്ചപ്പോൾ, പ്രണയത്തിന്റെ പുതുശബ്ദങ്ങൾ പിറക്കുകയായിരുന്നെന്നു നമുക്കൊക്കെ തോന്നി.

'ഒന്നു തൊടാനുള്ളിൽ തീരാമോഹം...' എന്നു കേൾക്കുമ്പോൾ ആ ശബ്ദം ഒന്നു തൊട്ടറിയാൻ തോന്നിപ്പോയില്ലെങ്കിലേ അദ്ഭുതമുള്ളൂ. വാണി ജയറാമിനൊപ്പം 'ഓലഞ്ഞാലിക്കുരുവീ...' പാടിയ ജയചന്ദ്രനിലെ സംഗീതപ്രണയാതുരനെ കേട്ടതുപോലെ, നാലു കൊല്ലം കഴിഞ്ഞ്, 'പെയ്തലിഞ്ഞ നിമിഷം' എന്നു 'ക്യാപ്റ്റനി'ൽ പാടിയത് അത്രയേറെ ശ്രദ്ധിക്കാതെപോയി. എങ്കിലും 'നിൻ മണിയറയിലെ നിർമലശയ്യയിലെ...' എന്നോ 'ഹർഷബാഷ്പം തൂകി...' എന്നോ 'അനുരാഗഗാനം പോലെ...' എന്നോ കേട്ടതിന്റെ തേൻമാധുരി ശബ്ദമണയുംവരെയും അനുഭവിപ്പിച്ചിട്ടാണ് ജയചന്ദ്രഗാനം കണ്ഠമടച്ചത്.



യേശുദാസിന്റെ ഗന്ധർവനാദം സാധാരണക്കാരനു കയ്യെത്തിപ്പിടിക്കാനാവാത്ത ഉയരത്തിൽ നിൽക്കുമ്പോൾ ജയചന്ദ്രൻ നമുക്കു സ്പർശിച്ചറിയാവുന്ന അകലത്താണ് എന്നു പറഞ്ഞത് അന്തരിച്ച ചലച്ചിത്ര ഗാനരചയിതാവ് ഗിരീഷ് പുത്തഞ്ചേരി ആയിരുന്നു. പാട്ടുജീവിതത്തിൽ ജയചന്ദ്രനു ലഭിച്ച പല മികച്ച ഗാനങ്ങളും യേശുദാസിനു പാടാൻ വെച്ചവ ആയിരുന്നു.

പക്ഷേ, പുതിയ ഗായകനെ പരീക്ഷിക്കുന്നതിനോട് ഭൂരിപക്ഷം അണിയറപ്രവർത്തകർക്കും യോജിപ്പില്ലായിരുന്നു. 'യേശുദാസ് ഉള്ളപ്പോൾ വേറൊരു പാട്ടുകാരനെന്തിന്' എന്നായിരുന്നു ചോദ്യം. ഒടുവിൽ 'ഒരു മുല്ലപ്പൂമാലയുമായ്' എന്ന ഗാനം ജയചന്ദ്രൻ പാടിയെങ്കിലും ഗാനം പുറത്തിറങ്ങാൻ വൈകി. അതിനാൽ രണ്ടാമതു പാടിയ കളിത്തോഴനിലെ 'മഞ്ഞലയിൽ മുങ്ങിത്തോർത്തി'യാണ് ജയചന്ദ്രന്റെ സ്വരത്തിൽ ആദ്യം മലയാളികൾ കേട്ടത്. ഈ ഗാനവും യേശുദാസിനു വെച്ചിരുന്നതായിരുന്നു എന്ന് ജയചന്ദ്രൻ അനുസ്മരിച്ചിട്ടുണ്ട്. അതേ പടത്തിലെ 'താരുണ്യം തന്നൂടെ' എന്ന ഗാനം പാടാനാണ് ദേവരാജൻ മാഷ് ജയചന്ദ്രനെ വിളിച്ചത്. എന്നാൽ 'മഞ്ഞലയിൽ' കൂടി പഠിച്ചുവെക്കാൻ അദ്ദേഹം പറഞ്ഞു. അങ്ങനെ പാടിപ്പഠിച്ച പാട്ട് ഒടുവിൽ മാഷ് ജയചന്ദ്രന്റെ സ്വരത്തിൽ തന്നെ റിക്കാർഡ് ചെയ്തു.

മറ്റു കലാകാരന്മാരിൽനിന്നു ജയചന്ദ്രനെ വ്യത്യസ്തനാക്കുന്ന പ്രധാനഘടകം അദ്ദേഹം സ്വകാര്യസദസിലും സ്റ്റേജിലും സ്വന്തം ഗാനങ്ങളെക്കാൾ സംസാരിച്ചതു മറ്റു ഗായകരുടെ ഗാനങ്ങളെപ്പറ്റിയാണ് എന്നതാണ്. സ്വന്തം കർമരംഗത്തെ മറ്റൊരാളെ അംഗീകരിക്കുന്നതിൽ ഇത്രമാത്രം സത്യസന്ധത കാണിച്ച മറ്റൊരു കലാകാരനെയും ഓർമ വരുന്നില്ല.

# കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ സാദിഖലി തങ്ങളെ സന്ദർശിച്ചു

മലപ്പുറം: മതസൗഹാർദത്തിന്റെയും ഒരുമയുടെയും സന്ദേശവുമായി സീറോ മലങ്കര സഭ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ പാണക്കാട് സാദിഖലി ശിഹാബ് തങ്ങളുടെ വസതിയിലെത്തി.

കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ (കെസിബിസി) പ്രസിഡണ്ട് കൂടിയായ ക്ലീമീസ് ബാവ, വിവിധ ചടങ്ങുകളിൽ പങ്കെടുക്കാനായാണു മലപ്പുറം ജില്ലയിലെത്തിയത്. ജനുവരി 10-ന് ഉച്ചയ്ക്കു പാണക്കാട്ടെത്തിയ ബാവായ്ക്കു സാദിഖലി തങ്ങളുടെയും പി.കെ. കുഞ്ഞാലിക്കുട്ടിയുടെയും നേതൃത്വത്തിൽ ഹൃദ്യമായ വരവേൽപ് നൽകി. ഒരു മണിക്കൂർ നേരം പാണക്കാട്ടു ചെലവഴിച്ച ബാവാ, സാദിഖലി തങ്ങൾ ഉൾപ്പെടെയുള്ള നേതാക്കൾക്കൊപ്പം ഉച്ചഭക്ഷണം കഴിച്ചാണു മടങ്ങിയത്.

മതസൗഹാർദം ഊട്ടിയുറപ്പിക്കാൻ സാദിഖലി തങ്ങൾ നടത്തുന്ന ശ്രമങ്ങൾക്കു ക്ലീമീസ് ബാവ പിന്തുണ ഉറപ്പുനൽകി. നിലവിലെ സാഹചര്യത്തിൽ സമുദായങ്ങൾ തമ്മിൽ സൗഹാർദത്തോടെയും ഒത്തിണക്കത്തോടെയും മുന്നോട്ടുപോകണമെന്ന് അദ്ദേഹം പറഞ്ഞു. മുനമ്പം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സമൂഹത്തെ ഭിന്നിപ്പിക്കാനായി ചിലർ ശ്രമിച്ചപ്പോൾ സാദിഖലി തങ്ങൾ നടത്തിയ ഇടപെടലിനെ ബാവാ അഭിനന്ദിച്ചു.

മാനവ സൗഹാർദം നിലനിർത്താൻ ഇത്തരം ഇടപെടലുകൾ ഇനിയുമുണ്ടാകണമെന്നു അദ്ദേഹം പറഞ്ഞു. സാദിഖലി തങ്ങളെയും പി.കെ. കുഞ്ഞാലിക്കുട്ടിയെയും സഭാ ആസ്ഥാനത്തേക്കു ക്ഷണിച്ചാണു കർദ്ദിനാൾ മടങ്ങിയത്.

# ഡോ. വി. നാരായണൻ ഐഎസ്ആർഒ ചെയർമാൻ



ബംഗളൂരു: ഐഎസ്ആർഒ ചെയർമാനായി ഡോ. വി. നാരായണനെ നിയമിച്ചു. കന്യാകുമാരി സ്വദേശിയായ ഇദ്ദേഹം തിരുവനന്തപുരം വലിയമലയിലെ ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ മേധാവിയായിരുന്നു. സി 25 ക്രയോജനിക് എഞ്ചിൻ വികസനത്തിൽ നിർണായക പങ്കുവഹിച്ച ശാസ്ത്രജ്ഞനാണ് ഇദ്ദേഹം. ഇന്ത്യയുടെ ഏറ്റവും കരുത്തുറ്റ വിക്ഷേപണ വാഹനമായ എൽവിഎം 3-യുടെ നിർണായക ഭാഗമാണ് ഈ എഞ്ചിൻ. ചന്ദ്രയാൻ രണ്ട് ലാൻഡിംഗ് ദൗത്യത്തിന്റെ പരാജയം പഠിക്കാൻ നിയോഗിക്കപ്പെട്ട സമിതിയുടെ ചെയർമാനുമായിരുന്നു. നിലവിലെ ചെയർമാൻ എസ്. സോമനാഥിന്റെ കാലാവധി പൂർത്തിയാകുന്നതിനാലാണ് നിയമനം.

# ഇന്ത്യാ പ്രസ്ക്ലബ് നോർത്ത് ടെക്സസ്

(ഒന്നാം പേജിൽ നിന്നും)

അദ്ധ്യക്ഷതയിൽ ചേരുന്ന ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 പ്രവർത്തന സമാപന സമ്മേളനത്തിലാണ് അവാർഡ്ദാന ചടങ്ങ് സംഘടിപ്പിക്കുന്നത്.

മലയാളികളിലെ നന്മയും കാരുണ്യവും എടുത്തുകാട്ടി സ്വന്തം കാര്യവുമായി വീട്ടിൽ ഒതുങ്ങിപ്പോകാതെ സമൂഹത്തിനായി പ്രവർത്തന നിരതരായി ഒട്ടേറെ പേർ അമേരിക്കയിലെ മലയാളി സമൂഹത്തിലുണ്ട്. സാമ്പത്തിക സഹായം ആവശ്യമുള്ളവർക്ക് കൈയയച്ച് സഹായിക്കാൻ നേതൃത്വം നല്കിയവരെ ആദരിക്കുന്നത് മലയാളികളായ നമ്മുടെ കടമയാണ്.

കൂടുതൽ മെഡിക്കൽ പ്രഫഷണലുകൾ ഉള്ളതിനാൽ തങ്ങളുടെ നേട്ടങ്ങൾ പങ്കുവെക്കാൻ മലയാളികൾ മടികാണിച്ചില്ല എന്നതും മലയാളി സമൂഹത്തിന് അഭിമാനം പകരുന്നതായി പ്രസിഡണ്ട് സണ്ണി മാളിയേക്കൽ പറഞ്ഞു.

ജനുവരി 26-ലെ മാധ്യമ സമ്മേളനം വിജയപ്രദമാകുന്നതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് ടെക്സസ് ജനറൽ സെക്രട്ടറി ബിജിലി ജോർജ്, ട്രഷറർ ബെന്നി ജോൺ, സംഘടനാ ഭാരവാഹികളായ ടി.സി. ചാക്കോ, സാം മാത്യു, പ്രസാദ് തിയോടിക്കൽ, തോമസ് ചിറമേൽ, അനശ്വർ മാമ്പിള്ളി, സിജു വി. ജോർജ്, രാജു തരകൻ എന്നിവർ അഭ്യർത്ഥിച്ചു.

# ഒരു യാത്ര

(23-ാം പേജിൽനിന്നും)

അതേ. നിങ്ങളുടെ പ്രസംഗംമൂലം രക്ഷിക്കപ്പെട്ട പാപികൾ! അദ്ദേഹം അതിശയിച്ചുപോയി.

നമ്മുടെ യാത്ര അവസാനിച്ച് സ്വർഗ്ഗത്തിലെത്തുമ്പോൾ നമ്മെ സ്വീകരിപ്പാൻ നമ്മുടെ ജീവിതംകൊണ്ട് അനുഗ്രഹം പ്രാപിച്ച എത്രപേർ സ്വർഗ്ഗത്തിൽ കാണും? ഭക്തനോടൊപ്പം സമയമാം രഥത്തിൽ നമ്മുടെ സ്വർഗ്ഗയാത്ര തുടരാം. എപ്പോൾ, എവിടെവെച്ചായിരിക്കും യാത്ര അവസാനിക്കുന്നതെന്നറിഞ്ഞുകൂടാ.

പക്ഷേ, തുടർന്നുള്ള ജീവിതം എവിടെയായിരിക്കും എന്ന് ഉറപ്പുവരുത്തുവാൻ ഇപ്പോഴാകുന്നു അവസരമെന്നോർക്കുക. അതിനായി ജീവവൃക്ഷത്തിന്റെ ഫലം തിന്ന് ദൈവപറുദീസായിൽ സ്വർഗ്ഗദൂതരോടൊപ്പം നമ്മുടെ രക്ഷിതാവിനെ, സ്വർഗ്ഗീയ പിതാവിനെ ആരാധിച്ചും സന്തോഷിച്ചും ഉല്ലസിച്ചാനന്ദിച്ചും ജീവിക്കാം. അതായിരിക്കട്ടെ പുതുവത്സര തീരുമാനം.

# പ്രധാനമന്ത്രി ആദ്യമായി പോഡ്കാസ്റ്റിൽ

ന്യൂഡൽഹി: രാജ്യം ആദ്യം എന്ന അനിവാര്യമായ ദർശനത്തിനായി പഴയ ആശയങ്ങളെ ഉപേക്ഷിക്കാനും പുതിയവയെ സ്വീകരിക്കാനും സന്നദ്ധനാണെന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി. തെറ്റുകൾ സംഭവിക്കാം. താൻ ദൈവമല്ല, മനുഷ്യനാണെന്നും സെറോദ സഹസ്ഥാപകൻ നിഖിൽ കാമത്തുമായി നടത്തിയ രണ്ടുമണിക്കൂർ ദൈർഘ്യമുള്ള പോഡ്കാസ്റ്റിൽ പ്രധാനമന്ത്രി പറഞ്ഞു. കുട്ടിക്കാലം, വിദ്യാഭ്യാസം, രാഷ്ട്രീയത്തിലേക്കുള്ള കടന്നുവരവ് ഉൾപ്പെടെ പലകാര്യങ്ങളിലും വിശദമായ മറുപടിയാണു പ്രധാനമന്ത്രി പറഞ്ഞത്.

പൊതുജീവിതം കൂടുതൽ സംവേദനക്ഷമമാകേണ്ടത് അനിവാര്യമാണ്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സംഘർഷം നിലനിൽക്കുന്നുണ്ട്. രാഷ്ട്രീയത്തിലാകട്ടെ വെല്ലുവിളികളെ ഒരു സേവനമേഖലയായി ഏറ്റെടുക്കണം. സംവേദനക്ഷമമല്ലെങ്കിൽ ജനങ്ങളെ സഹായിക്കാൻ നമുക്കു കഴിയില്ല. 2047-ഓടെ വികസിത ഭാരതം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ കഴിയും. എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം, വൈദ്യുതി, ശൗചാലയം എന്നിവ എത്തിക്കാനാകുമെന്നും പ്രധാനമന്ത്രി പ്രത്യാശിച്ചു. തനിക്ക് ഹിന്ദി ഭാഷയിൽ വൈദഗ്ധ്യമില്ലെന്ന് പോഡ്കാസ്റ്റിന്റെ തുടക്കത്തിൽ നിഖിൽ കാമത്ത് പ്രധാനമന്ത്രിയോടു പറഞ്ഞു.

താനൊരു ദക്ഷിണേന്ത്യക്കാരനാണ്. കൂടുതൽകാലം ബംഗളൂരുവിലായിരുന്നു. അതിനാൽ തന്റെ ഹിന്ദി നല്ലതല്ലെങ്കിൽ ക്ഷമിക്കണമെന്നു പറഞ്ഞപ്പോൾ നമുക്കു രണ്ടുപേർക്കും കൂടി ഇക്കാര്യം കൈകാര്യം ചെയ്യാമെന്നായിരുന്നു പ്രധാനമന്ത്രിയുടെ മറുപടി.

ആദ്യമായി പോഡ്കാസ്റ്റ് ചെയ്യുന്നതിനാൽ തനിക്കു ചെറുതായ പരിഭ്രാന്തി ഉണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. ചെറുപ്പത്തിൽ താൻ എല്ലാ കുടുംബാംഗങ്ങളുടെയും വസ്ത്രങ്ങൾ കഴുകാറുണ്ടായിരുന്നുവെന്നും എന്നാൽ മാത്രമേ കുളത്തിൽ പോകാൻ അനുവാദം ലഭിക്കുമായിരുന്നുള്ളൂ എന്നതുൾപ്പെടെ സ്വകാര്യമായ കാര്യങ്ങളെക്കുറിച്ചും പ്രധാനമന്ത്രി സംസാരിക്കുന്നുണ്ട്.

# ബോച്ചേയും തേനീച്ചയും

(24-ാം പേജിൽനിന്നും)

വ്യത്യസ്തത കാണിക്കുവാൻ പണം ധാരാളമായി ചെലവഴിക്കുന്ന ബോച്ചേ ഇരുപത്തിയഞ്ച് കോടിയുടെ റോൾസ് റോയിസ് കാറും വിലകൂടിയ ഹെലികോപ്റ്ററുകളും ടാക്സിയായി ഓടിപ്പിച്ചും സമൂഹത്തിൽ പേരെടുത്തു.

ഓൺലൈൻ മാധ്യമരംഗത്തെ കുലപതിയായ മറുനാടൻ ഷാജനുമായി നിരന്തരം കൊമ്പുകോർക്കുന്ന ബോച്ചേ ആ വാക്പോരും തന്റെ പ്രശസ്തിക്ക് ഉപയോഗിക്കുകയാണ്.

ആഘോഷങ്ങൾ ജീവിതമാക്കിയ ബോച്ചേ എല്ലാ വർഷവും ന്യൂഇയറിന് തനിക്കു നൃത്തം ചെയ്യുവാൻ മാത്രമായി വയനാട്ടിൽ ഗാനമേള സംഘടിപ്പിക്കാറുണ്ട്.

പേരെടുക്കുവാൻ ഏതറ്റംവരെയും പോകുന്ന ബോച്ചേ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഒരുപറ്റം യുവാക്കളുമായി മാരത്തോൺ ഓടിയും ചരിത്രം സൃഷ്ടിച്ചു.

ഏതായാലും ഇപ്പോൾ ഒടുവിൽ പ്രശസ്ത സിനിമാതാരവും മോഡലുമായ ഹണി റോസുമായുള്ള പ്രശ്നം ബോച്ചേയുടെ മൈലേജ് വർദ്ധിപ്പിക്കുമോ അതോ ബോച്ചേ തേനീച്ച കുത്തേറ്റു പിടയുമോ എന്നു കാത്തിരുന്നു കാണാം.

# ഇന്ത്യയിൽ ക്രൈസ്തവർക്കു നേരെയുള്ള പീഡനം പെരുകുന്നു

ന്യൂഡൽഹി: ഇന്ത്യയിൽ 2014 മുതലുള്ള പത്തു വർഷത്തിനിടെ ക്രൈസ്തവർക്കു നേരെയുള്ള പീഡനങ്ങൾ വർദ്ധിച്ചതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം.

ഇക്കാലയളവിൽ 4356 അക്രമങ്ങളാണ് ക്രൈസ്തവർക്കെതിരെ രാജ്യത്ത് റിപ്പോർട്ട് ചെയ്തത്. 2023-നെ അപേക്ഷിച്ച് 2024-ൽ നൂറ് അക്രമസംഭവങ്ങൾ കൂടി. 2023-ൽ 734 ആയിരുന്നത് 2024-ൽ 834 ആയി വർദ്ധിച്ചു.

ക്രൈസ്തവ ദേവാലയങ്ങൾ തകർക്കുകയും കത്തിക്കുകയും ചെയ്യുന്നത് ആവർത്തിക്കുന്നെന്നും മതപരിവർത്തനം ആരോപിച്ച് ക്രിസ്ത്യാനികളെ കള്ളക്കേസിൽ കുടുക്കുന്നെന്നും ക്രൈസ്തവ സംഘടനകൾ ആരോപിക്കുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

VISA MasterCard DISCOVER

# ചിക്കാഗോ മലയാളി അസോസിയേഷന്റെ ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് സൃഷ്ടിപരമായി

എ.എസ്. ശ്രീകുമാർ





തിരുവനന്തപുരം: നോർത്ത് അമേരിക്കയിലെ ഏറ്റവും പ്രബലമായ മലയാളി സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ലീഡേഴ്സ് കോൺക്ലേവ് ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും വിശിഷ്ട വ്യക്തിത്വങ്ങളുടെ സാന്നിദ്ധ്യത്താലും സൃഷ്ടിപരമായി. വിവരസാങ്കേതിക വിദ്യ, ആരോഗ്യം, ജൈവ സാങ്കേതിക വിദ്യ, ബഹിരാകാശ ശാസ്ത്രം, കയറ്റുമതി-ഇറക്കുമതി നിർമാണ പ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലെ ലോകത്തിന്റെ വളർച്ചയും കേരളത്തിന്റെ നേട്ടങ്ങളും സംബന്ധിച്ച് 'ലെറ്റ്സ് റൈസ് റ്റുഗെദർ' എന്ന ആശയത്തിന്റെ വെളിച്ചത്തിൽ നടത്തിയ ചർച്ചയായിരുന്നു കോൺക്ലേവിന്റെ ഹൈലൈറ്റ്.





തിരുവനന്തപുരം കെ.റ്റി.ഡി.സി മാസ്കോട്ട് ഹോട്ടലിലെ സിംഫണി ഹാളിൽ 2025 ജനുവരി 7-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5.30-ന് ആരംഭിച്ച കോൺക്ലേവ് അന്താരാഷ്ട്ര തലത്തിൽ പ്രശസ്തനായ വ്യക്തിയും കോൺഗ്രസ് നേതാവും സ്ഥലം എംപിയുമായ ശശി തരൂർ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം ചെയ്തു. ബഹുതല സ്പർശിയായ വിഷയങ്ങൾ ചർച്ചയ്ക്കെടുക്കാൻ ഇത്തരത്തിൽ ഒരു കോൺക്ലേവ് സംഘടിപ്പിച്ച ചിക്കാഗോ മലയാളി അസോസിയേഷനെ അദ്ദേഹം പ്രശംസിച്ചു. അമേരിക്കൻ മലയാളികൾ ശരിക്കും 'എൻ.ആർ.ഐ ആണ്. അതായത് നാഷണൽ റിസർവ് ഓഫ് ഇന്ത്യ' എന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് ലീഡേഴ്സിന്റെ ഭാഗത്തു നിന്ന് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ ഐഎഎസ്, തൊഴിൽ വകുപ്പ് സെക്രട്ടറി ഡോ. കെ. വാസുകി ഐഎഎസ്, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസ്, മഹാത്മാ ഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലറും കേരളത്തിലെ ആദ്യ വനിത വിസിയുമായ ഡോ. ജാൻസി ജെയിംസ്, കേരള കേഡറിലെ ആദ്യ വനിതാ ഐപിഎസ് ഉദ്യോഗസ്ഥയായ ആർ. ശ്രീലേഖ എന്നിവർ സംസാരിച്ചു.

ബിസിനസ് ലീഡർമാരുടെ പാനലിൽ നിന്ന് പ്രമുഖ വ്യവസായിയും ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോയ് ആലുക്കാസ്, ദക്ഷിണേന്ത്യൻ വ്യവസായിയും സിനിമാ നിർമ്മാതാവും നടനുമായ ഗോകുലം ഗോപാലൻ, ടൂറിസം അഡ്വൈസറി ബോർഡ് അംഗവും കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രി പ്രസിഡണ്ടുമായ ഇ.എം. നജീബ്, എ.വി.എ ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ മാനേജിങ് ഡയറക്ടറും ചെയർമാനുമായ ഡോ. എ.വി. അനൂപ് തുടങ്ങിയവർ അഭിപ്രായങ്ങൾ പങ്കുവെച്ചു. അരൂജ ഡെന്നി മോഡറേറ്ററായിരുന്നു.

പാനൽ ചർച്ചയ്ക്കു ശേഷം കവി, ഗാനരചയിതാവ്, വിവർത്തകൻ, ചിത്രകാരൻ, തിരക്കഥാകൃത്ത്, വാഗ്മി എന്നീ നിലകളിൽ കേരളത്തിന്റെ സാമൂഹിക സാംസ്കാരിക, സാഹിത്യ മണ്ഡലങ്ങളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച മുൻ ചീഫ് സെക്രട്ടറിയും ഇത്തവണത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാര ജേതാവുമായ കെ. ജയകുമാറിനെ ധനമന്ത്രി കെ.എൻ. ബാലഗോപാൽ പൊന്നാടയണിയിച്ച് ആദരിച്ചു. ചിക്കാഗോ മലയാളി അസോസിയേഷന്റെ ആദരവ് ഏറ്റുവാങ്ങിയ അദ്ദേഹം വിവിധ രംഗങ്ങളിൽ അമേരിക്കൻ മലയാളികളുടെ സാന്നിദ്ധ്യം കേരളത്തിൽ എന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു.

മാതൃകാപരമായി ബിസിനസ് ചെയ്യാൻ പറ്റിയ അന്തരീക്ഷം കേരളത്തിലുണ്ടെന്നും ഇതു സംബന്ധിച്ചുള്ള ആശങ്കകൾ ദുരീകരിക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി കെ.എൻ. ബാലഗോപാൽ കോൺക്ലേവിന് ആശംസകൾ നേർന്നുകൊണ്ട് വ്യക്തമാക്കി. രാജ്യത്തിന്റെ വളർച്ചയോടൊപ്പം നല്ല നിലയിൽ ജീവിക്കാനുള്ള അന്തരീക്ഷം കേരളത്തിലും സംജാതമായിക്കഴിഞ്ഞുവെന്ന് ജലവിഭവ വകുപ്പുമന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു.

അമേരിക്കൻ മലയാളികളുടെ കേന്ദ്രസംഘടനയായ ഫോമാ ജന്മനാട്ടിൽ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് സംഘടനയുടെ നാഷണൽ പ്രസിഡണ്ട് ബേബി മണക്കുന്നേൽ വിശദീകരിച്ചു. വയനാട് പുനരധിവാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടെ കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ച് ഫോമാ എന്നും ജന്മഭൂമിയോടൊപ്പമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

പൊതുസമ്മേളനത്തിൽ മുൻമന്ത്രി ആന്റണി രാജു, സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ചെയർമാൻ ജോണി കുരുവിള, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ, ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, കോൺഗ്രസ് നേതാവ് പന്തളം സുധാകരൻ തുടങ്ങിയവർ ആശംസകൾ നേർന്നു.

കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല, മുൻ എംപി എ.എം. ആരിഫ്, മജീഷ്യൻ ഗോപിനാഥ് മുതുകാട്, ഫോമാ ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ഫോമാ 2026 കൺവൻഷൻ ജനറൽ കൺവീനർ സുബിൻ കുമാരൻ, ജിജു കുളങ്ങര തുടങ്ങിയവരും സന്നിഹിതരായിരുന്നു.

നോർത്ത് അമേരിക്കയിലെ വിവിധ സംഘടനാ പ്രതിനിധികളും കേരളത്തിലെ കലാ-സാംസ്കാരിക-രാഷ്ട്രീയം ഉൾപ്പെടെയുള്ള പല രംഗങ്ങളിലെയും പ്രമുഖ വ്യക്തിത്വങ്ങളും തമ്മിൽ ആരോഗ്യകരമായ ആശയവിനിമയം നടത്തി പരസ്പരം വിവരങ്ങൾ കൈമാറുകയെന്നതാണ് ഈ കോൺക്ലേവിലൂടെ ഉദ്ദേശിച്ചതെന്നും ഏവരുടെയും സജീവമായ പങ്കാളിത്തംകൊണ്ട് ലക്ഷ്യം സാക്ഷാത്കരിച്ചുവെന്നും ഇവന്റ് ഓർഗനൈസർ ജോസ് മണക്കാട്ട് പറഞ്ഞു.

ചിക്കാഗോ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി ആൽവിൻ ഷിക്കോർ സ്വാഗതവും വൈസ് പ്രസിഡണ്ട് ഫിലിപ്പ് ലൂക്കോസ് പുത്തൻപുരയിൽ നന്ദിയും പറഞ്ഞു. സംഘടനയുടെ പ്രസിഡണ്ട് ജെസി റിൻസി, ട്രഷറർ മനോജ് അച്ചേട്ട്, ജോയിന്റ് സെക്രട്ടറി വിവീഷ് ജേക്കബ്, ജോയിന്റ് ട്രഷറർ സിബിൾ ഫിലിപ്പ്, ബോർഡ് മെംബർ ആഗ്നസ് മാത്യു തുടങ്ങിയവർ കോൺക്ലേവിന്റെ വിജയത്തിനായി പ്രവർത്തിച്ചു. കഴിഞ്ഞ 52 വർഷമായി ചിക്കാഗോ മലയാളികൾക്ക് താങ്ങും തണലുമായി നിലകൊള്ളുന്ന ചിക്കാഗോ മലയാളി അസോസിയേഷൻ മാതൃകാപരമായ ജനപക്ഷ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന്റെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.









# കൊച്ചിയിൽ വെച്ച് നടന്ന ഫൊക്കാനാ മെഡിക്കൽ പ്രിവിലേജ് കാർഡ് പദ്ധതി ഉദ്ഘാടനം ചിത്രങ്ങളിലൂടെ...

ഫോട്ടോ: ബിജു സി. നായർ, പാലാ



























Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**